www.malankaralibrary.com

# മണിവിളക്ക്

ലക്കം 8 | ഓഗസ്റ്റ് 2024

Since 2012



www.manivilaku.com

www.malankaralibrary.com

മണിവിളക്ക്
ലക്കം 8 | ഓഗസ്റ്റ് 2024 | Private Circulation

# താളുകളിലൂടെ


| | | |
|---|---|---|
| 01. | എഡിറ്റോറിയൽ | 03 |
| 02. | ഇവൻ യോഗ്യൻ | 05 |
| 03. | സന്ദേശം/ ആശംസകൾ | 10 |
| 04. | മദ്‌റോശോ | 19 , 56 |
| 05. | ബൈബിൾ പ്രതീകങ്ങൾ | 22 |
| 06. | ഹെർഗോ പഠന പരമ്പര | 25 |
| 07. | കുഞ്ഞുങ്ങളെ ഓർത്ത് കരയാം | 27 |
| 08. | ഇതാ നിന്റെ അമ്മ | 31 |
| 09. | മലങ്കര സഭാ ചരിത്രം | 33 |
| 10. | എന്റെ അമ്മയെ എന്റെ ആശ്രയമേ കവിത | 35 |
| 11. | ഏഴരപ്പള്ളികൾ | 36 |
| 12. | സുവിശേഷം ജീവിച്ച മെത്രാപ്പോലീത്ത | 39 |
| 13. | വേരുകളും ചിറകുകളും | 41 |
| 14. | മലങ്കരയുടെ സുവിശേഷ ദീപം  കവിത | 43 |
| 15. | ഞങ്ങളുടെ സ്വർഗീയ മധ്യസ്ഥൻ | 44 |
| 16. | ദൈവം മനോഹരമാക്കിയ ഒരു കൊച്ചു ജീവിതം | 47 |
| 17. | ഇന്നും എന്നേക്കും ഹൃദയങ്ങളിൽ പ്രകാശിക്കുന്ന മിഷണറി | 48 |
| 18. | ഓർമ്മയിൽ  ആചാര്യന്മാർ | 50 |
| 19. | 78 ന്റെനിറവിൽ ഇന്ത്യ | 52 |
| 20. | From Ambition to Honor | 54 |
| 21. | ഇന്ത്യ | 55 |
| 22. | എഫാത്ത | 62 |
| 23. | Legal | 63 |
| 24. | വേദനയാണ് വയനാട് | 64 |
| 25. | പിതാ മരം | 67 |
| 26. | അറിഞ്ഞിരിക്കാൻ ചില രോഗ വിവരങ്ങൾ | 69 |
| 27. | തനിയെ ഒരാൾ | 72 |
| 28. | ധന്യൻ മാർ ഈവാനിയോസ് പിതാവ് എന്നിലൂടെ | 79 |
| 29. | ടൈം ലൈൻ | 81 |


A Complete Digital Magazine
Inspiration Rev.FR. ABRAHAM KADAMALA

Copyright @ manivilaku.com | Email : editor@manivilaku.com
Ph: 9947825254

www.malankaralibrary.com

# എഡിറ്റോറിയൽ

## ഇന്ത്യ എന്റെ രാജ്യമാണ് എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്. ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു.

സ്കൂളിൽ പഠിക്കാൻ തുടങ്ങിയ കാലം മുതൽ ഉള്ളിൽ കയറിക്കൂടിയതും ഇന്നും ഉള്ളിൽനിന്നും ഇറങ്ങിപ്പോകാത്തതുമായ ഒരു കാര്യം അവിടെ എല്ലാ ദിവസവും ചൊല്ലിക്കൊണ്ടിരുന്ന പ്രതിജ്ഞയാണ്. പ്രത്യേകിച്ച് അതിന്റെ ആദ്യഭാഗം. ഞാൻ മാത്രമല്ല ഇന്ത്യയിലെ എല്ലാവരും പലവുരു പറഞ്ഞ് ശീലിച്ച വാക്കുകളാണിത്. ഈ പ്രതിജ്ഞ പ്രകാരം എനിക്ക് കോടിക്കണക്കിന് സഹോദരീസഹോദരന്മാരുള്ള ഇന്ത്യയിൽ, അന്ന് ഞാൻ എല്ലാവരേയും സ്നേഹിക്കുന്നു എന്ന് ആവർത്തിച്ച് പറഞ്ഞതിനെ വെറുതെയൊന്ന് ഓർത്തുനോക്കൂ, ഞാൻ പറഞ്ഞതിൽ എത്രമാത്രം ആത്മാർത്ഥത ഉണ്ടായിരുന്നുവെന്നും അല്ലെങ്കിൽ വെറുതെ പറഞ്ഞതായിരുന്നോ എന്നതും മനസിലാക്കാം. പതിയെ പതിയെ കുഞ്ഞുനാളിൽ ചൊല്ലിയ പ്രതിജ്ഞയുടെ വൈകാരികമായ അനുഭൂതി ഉള്ളിൽ അലയടിക്കാതാകുന്നു. കണ്ടുമുട്ടുന്ന ഓരോ വ്യക്തിയേയും ഞാനുണ്ടാക്കിയ എന്തേതുമാത്രമായ അളവുകോലു കൊണ്ട് അളക്കുന്നു, ചിലരെ നല്ലവരെന്നും മറ്റു ചിലരെ ചീത്തവരെന്നും വേർതിരിക്കുന്നു, മതത്തിന്റെയും, ഭാഷയുടെയും, നിറത്തിന്റെയും, രാഷ്ട്രീയത്തിന്റെയുമൊക്കെ ലേബൽ പതിച്ച് അവർക്ക് ഗുണഗണങ്ങൾ നിശ്ചയിച്ച് കൊടുക്കുന്നു. ഇങ്ങനെ ഒന്നായ് കണ്ടു കൊണ്ടിരുന്നതിനെ പലതായി കാണുവാൻ തുടങ്ങുന്നു. കാലക്രമേണ, കൃത്യമായി അടയാളപ്പെടുത്താൻ കഴിയുന്ന വിധത്തിൽ വലുപ്പച്ചെറുപ്പങ്ങൾ രൂപപ്പെടുന്നു. ഇതിന്റെ തുടർച്ചയെന്നോണം ചെറുതാക്കപ്പെട്ടവരും വലിയവരെന്നു കരുതുന്നവരും തമ്മിൽ വലിയ അകലം സംജാതമായി. എല്ലാവരും സഹോദരീ സഹോദരന്മാരായതിനാൽ ഇന്ത്യയെന്ന രാജ്യത്തും, നിങ്ങളെല്ലാം സഹോദരന്മാരാണ് (മത്തായി 23:8) എന്ന് യേശു പറയുന്നതിനാൽ സഭയിലും പ്രശ്നരഹിതമായതും സമാധാനപൂർണവുമായ ജീവിതാവസ്ഥയാണ് ഉണ്ടാകേണ്ടത് അഥവാ, പൊതുവേ പ്രതീക്ഷിക്കപ്പെടുന്നത്. എന്നാൽ ഇതല്ല നാം നിത്യേന കാണുന്നതും ജീവിക്കുന്നതുമായ സത്യം എന്നതിൽ പ്രത്യേക പരാമർശം ആവശ്യമില്ലല്ലോ.

ലാളിത്യമാകട്ടെ എന്റെ സിംഹാസനം. സമത്വമാകട്ടെ എന്റെ കിരീടം. നിർഭയത്വമാകട്ടെ എന്റെ ആദർശം. സാഹോദര്യമാകട്ടെ എന്റെ സന്ദേശം. സ്നേഹമാകട്ടെ എന്റെ പതാക. അഹിംസയാകട്ടെ എന്റെ മുദ്രാവക്യം. എന്റെ സാന്നിദ്ധ്യത്തിന്റെ പൂർണ്ണസുഖമറിയണമെങ്കിൽ വിശ്വത്തോളം വിശാലമായ ഒരു മനസ്സ് എനിക്കുണ്ടാവട്ടെ. അവിടെ ജാതിയും മതവും ഭാഷയുമൊന്നും ഒരു പ്രതിബന്ധവും സൃഷ്ടിക്കാതിരിക്കട്ടെ.

**എഡിറ്റർ**
**റ്റോജോ പി തോമസ്**
**9947825254**



www.malankaralibrary.com



മലങ്കര സഭയെ ഉന്നതിയിൽ നിന്നും ഉന്നതിയിലേക്കും
അജഗണങ്ങളെ ദൈവത്തിലേക്കും നയിച്ചുകൊണ്ടിരിക്കുന്ന
**ഞങ്ങളുടെ ബാവാ തിരുമനസ്സേ**
അങ്ങയെ അപ്പോസ്തോലിക ഗണത്തിലേക്ക് വാഴിക്കപ്പെട്ട
ഈ സുദിനം മലങ്കര മക്കൾ പ്രാർത്ഥനയോടെയും
കൃതജ്ഞതയോടെയും കൊണ്ടാടുന്നു.

www.malankaralibrary.com

# ഇവൻ യോഗ്യൻ



തയാറാക്കിയത്
റിസേർച് ഡെസ്ക് മണിവിളക്ക്



കേരളസഭയെ ഐക്യത്തോടെ പതിനാറാം നൂറ്റാണ്ട് വരെ മാതൃകാപരമായി നയിച്ച മാർത്തോമ്മാ ക്രിസ്ത്യാനികളുടെ തലവന്മാർ ആയിരുന്ന അർക്കദിയോക്കന്മാരുടെ പൗരോഹിത്യ ശ്രേഷ്ഠതയാൽ ചരിത്രം കുറിക്കുന്ന പകലോമറ്റം തറവാട്ടിൽ നിന്നും 'ഇവൻ യോഗ്യൻ' എന്ന് തീർത്തും പറയത്തക്കവിധം പുരോഹിത ഗണത്തിന്റെ അത്യുന്നതയിൽ ഉയർത്തപ്പെട്ട അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ. മലങ്കര സഭാസുരൻ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്ന്യാസിയോസ് മെത്രാപ്പോലീത്തയുടെ ജന്മം കൊണ്ട് അനുഗ്രഹീതമായ പവ്വത്തിൽകുന്നേൽ പകലോമറ്റം കുടുംബതായ് വഴിയിൽ എട്ടാം തലമുറയിൽ തോട്ടുങ്കൽ മത്തായിച്ചൻ എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന ടി.എം മാത്യു 1916 ജനുവരി 1ന് ജനിച്ച് തുടർ വിദ്യാഭ്യാസത്തിനു ശേഷം 1934ൽ തന്റെ അദ്ധ്യാപനത്തിൽ തുടങ്ങി റോയൽ ആർമിയിൽ ചേർന്ന് ഹവിൽദാർ ക്ലർക്ക് ആയി വിരമിക്കുകയും വീണ്ടും അദ്ധ്യാപന വൃത്തിയിൽ തിരികെ എത്തുകയുമുണ്ടായി.

ഒരു അധ്യാപകന്റെ നൈപുണ്യവും പട്ടാളത്തിന്റെ കൃത്യനിഷ്ഠയും തന്റെ മക്കൾക്കു പകർന്നു നൽകുന്നതിൽ ഒരു മടിയും കാണിച്ചിരുന്നില്ല പിതാവ് . 1944-ൽ വടക്കേടത്തു ഐസക്കിന്റെ മകൾ അന്നാമ്മയെ സഹധർമ്മിണി ആയി സ്വീകരിച്ചു. മാതാവ് ദൈവ കാര്യങ്ങളിലും പ്രാർത്ഥനകളിലും അപ്പനെ പോലെ കണിശക്കാരിയായിരുന്നു. നാല് പെൺമക്കളെയും മൂന്ന് ആൺമക്കളെയും ദൈവം അവർക്ക് ദാനമായി നൽകി. സൂസമ്മ, ലീലാമ്മ, സിസിലിക്കുട്ടി, ജോളിക്കുട്ടി, എന്ന് നാല് പെണ്മക്കളും മാത്തുകുട്ടി, കുഞ്ഞ്, തമ്പി എന്ന മൂന്ന് ആൺകുട്ടികളുമാണ്. പെണ്മക്കളിൽ ലീലാമ്മ (സി. ജോയ്സി) ദൈവവേല തിരഞ്ഞെടുക്കുകയും കന്യാസ്ത്രീ ആവുകയും ചെയ്തു. മൂന്ന് ആൺമക്കളിൽ കുഞ്ഞ് ദൈവവേല തെരഞ്ഞെടുക്കുകയും ചെയ്തു.

www.malankaralibrary.com




നൂറ്റാണ്ടുകളുടെ വിശ്വാസത്തിന്റെ പ്രകാശം ഏറ്റുവാങ്ങി പൂർവപിതാക്കന്മാർ രണ്ട് നൂറ്റാണ്ടുകൾക്കപ്പുറം പള്ളിവെക്കാൻ തയ്യാറെടുത്ത തറവാട് പള്ളിയക്കുന്ന്, ചരിത്രം ഉറങ്ങുന്ന ആ കുന്നിന്റെ കിഴക്കേവശം വീതം കിട്ടിയ പിതാവ് തോമസ് എഡി 1860 ൽ ഈ വിശുദ്ധ സ്ഥലം തന്റെ കുടി പാർപ്പിനായി തിരഞ്ഞെടുത്തതോടെയാണ് കിഴക്കേ പള്ളിയാകുന്ന കുടുംബം ഉടലെടുക്കുന്നത്. ഈ പിതാവിന്റെ വംശാവലിയിലെ ആദ്യ പുരോഹിതൻ കൂടെയാണ് ഏഴാം തലമുറയിൽ തോട്ടുങ്കൽ മാത്തൻ. 1915 നോട് അടുത്ത് പയ്യമ്പള്ളിയിൽ ആറാം തലമുറ ദാവീദ് കത്തനാർ കത്തോലിക്കാ സഭയുടെ വിശ്വാസ സത്യങ്ങൾ സ്വീകരിച്ച് ചങ്ങനാശ്ശേരി രൂപതയിൽ ഇരുപ്പയ്ക്കൽ ഇടവക ചേർന്നപ്പോൾ അദ്ദേഹത്തോടൊപ്പം സഭയിൽ ചേർന്നിരുന്നു എന്നും ചരിത്രം. എന്നാൽ എട്ടാം തലമുറയിൽ തോട്ടുങ്കൽ മത്തായിച്ചൻ പുനരൈക്യപ്പെട്ട് 1950ൽ മലങ്കര കത്തോലിക്കാ സഭയുടെ കൊടിക്കീഴിൽ ആത്മീയ അഭയം കണ്ടെത്തി ഈ കുടുംബ പാരമ്പര്യത്തിൽ 17 ഓളം വൈദികരുടെ കഥ പറയാനുണ്ട്.

ജൂൺ 15 ന് ഐസക് (ബസേലിയോസ് ക്ലിമ്മീസ് കാതോലിക്കാബാവ) ജനിച്ചു. കുന്നന്താനം സെന്റ് മേരീസ് യു.പി. സ്കൂൾ, ആനിക്കാട് സെന്റ് മേരീസ് ഹൈസ്കൂൾ എന്നിവിടങ്ങളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1976–ൽ തിരുവല്ല മൈനർ സെമിനാരിയിൽ ചേർന്നു. സെമിനാരി അംഗമായിരുന്നുകൊണ്ട് ചങ്ങനാശ്ശേരി എസ്.ബി. കോളജിൽ ചേർന്നു തുടർപഠനം നടത്തി.
പിന്നീട് ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിലേക്കു അദ്ദേഹത്തെ അയച്ചു. പൂന പേപ്പൽ സെമിനാരിയിൽ വേദശാസ്ത്ര പഠനം തുടർന്നു. കൂടുതൽ പ്രേഷിത പ്രവർത്തനത്തിനുവേണ്ടി 1978–ൽ സുൽത്താൻ ബത്തേരി രൂപതയിൽ ചേർന്നു. 1986 മാർച്ചിൽ വേദശാസ്ത്രത്തിൽ ഗ്രാജുവേഷൻ പൂർത്തിയാക്കി. ബത്തേരി ഭദ്രാസനത്തിനുവേണ്ടി 1986 ജൂൺ 11–ന് സിറിൽ മാർ ബസേലിയസ് മെത്രാപ്പോലീത്തായിൽ നിന്നും

www.malankaralibrary.com


വൈദികപട്ടം സ്വീകരിച്ചു. ബാംഗ്ലൂർ, ചെറ്റപ്പാലം, ചൈതലയം, ഊങ്ങപ്പുഴ, ബത്തേരി സെന്റ് തോമസ് കത്തീഡ്രൽ എന്നിവിടങ്ങളിൽ മിഷൻ പ്രവർത്തനം നടത്തി. എല്ലാറ്റിനും അടിസ്ഥാനമായ ദൈവ വഴിക്കൊത്തു നടന്ന ഈ വൈദികനു വത്തിക്കാനിലെത്താനും കത്തോലിക്ക സഭാധ്യക്ഷനായിരുന്ന വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയൊന്നിച്ച് സമൂഹബലി അർപ്പിക്കാനും ഭാഗ്യം സിദ്ധിക്കുയുണ്ടായി.

1988-ൽ ബാംഗ്ലൂർ ധർമ്മാരാം കോളജിൽ നിന്ന് ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും 1997-ൽ റോമിലെ സെന്റ് തോമസ്അക്വീനാസ് പൊന്തിഫിക്കൽ സർവ്വകലാശാലയിൽ നിന്ന് എക്യുമെനിസത്തിൽ ഡോക്ടറേറ്റുംനേടി. വളരെ ചെറുപ്പത്തിലേതന്നെ ഉന്നതസ്ഥാനങ്ങൾ അദ്ദേഹത്തെ തേടിവന്നു. ഭാഗ്യസ്മരണിയനായ സിറിൽ മോർ ബസ്സേലിയോസ് കാതോലിക്കാ ബാവായുടെ വാത്സല്യം ഐസക് അച്ചന്റെ വളർച്ചയ്ക്ക് വലിയ പങ്കുവഹിച്ചിട്ടുണ്ട്. റോമിൽനിന്ന് ഉപരിപഠനം കഴിഞ്ഞുതിരിച്ചെത്തിയ ഐസക് അച്ചൻ ബത്തേരി ഭദ്രാസനത്തിന്റെ വികാരി ജനറൽ സ്ഥാനത്ത് നിയമിതനായി. മാതാ മൈനർ സെമിനാരി റെക്ടർ, ഭദ്രാസന ചാൻസലർ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, വികാരി ജനറാൾ എന്നീ ഔദ്യോഗിക ഉത്തരവാദിത്വങ്ങൾ ബത്തേരി ഭദ്രാസനത്തിൽ നിർവ്വഹിച്ചു.

2001 ഓഗസ്റ്റ് 15-ന് തിരുമൂല പുരത്തുവച്ച് തിരുവനന്തപുരംഅതിഭദ്രാസനസഹായമെത്രാനായും വടക്കേ അമേരിക്കയുടെയും യൂറോപ്പിന്റെയും അപ്പസ്തോലിക് വിസിറ്ററായും ഐസക് മാർ ക്ലീമീസ് എന്ന നാമധേയത്തിൽ മെത്രാനായി അദ്ദേഹം സിറിൽ മോർ ബസേലിയോസ് കാതോലിക്കാ ബാവായാൽ വാഴിക്കപ്പെട്ടു. തുടർന്ന് അദ്ദേഹം 2002 ജൂണിൽ ന്യൂയോർക്കിലെ സിറോ മലങ്കര സഭയ്ക്ക് ആസ്ഥാനം സ്ഥാപിച്ചു. റോക്ക്ലാൻഡ്, അറ്റ്ലാന്റാ, ഫ്ളോറിഡ എന്നിവിടങ്ങളിൽ സഭാസമൂഹത്തിനും രൂപംകൊടുത്തു. 2003 സെപ്റ്റംബർ 11-ന് തിരുവല്ല ഭദ്രാസനത്തിന്റെ ആറാമതു മെത്രാനായി നിയമിക്കപ്പെട്ടു. മൂന്ന് കൊല്ലം കഴിഞ്ഞപ്പോൾ തിരുവല്ല ഭദ്രാസനം അതിഭദ്രാസനമായി ഉയർത്തപ്പെട്ടപ്പോൾ അതിന്റെ പ്രഥമ മെത്രാപ്പോലീത്തയായി. 2006-ൽ സി.ബി.സി.ഐ-യുടെ വൈസ് പ്രസിഡന്റായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.

2007 ഫെബ്രുവരി 10-ന് സിറിൽ ബാവായുടെ പിൻഗാമിയായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായി (മേജർ ആർച്ചു ബിഷപ്പ്) തിരഞ്ഞെടുക്കപ്പെട്ടു. അതോടൊപ്പം മലങ്കര സഭയുടെ അതിപുരാതന ആത്മീയ മേലദ്ധ്യക്ഷസ്ഥാനമായ കാതോലിക്കാ നാമവും സ്വീകരിച്ചു.

2012 നവംബർ 24-ന് മാർപാപ്പായുടെ കർദ്ദിനാൾ സംഘത്തിലെ 211 പേരിൽ ഏറ്റവും പ്രായംകുറഞ്ഞ വ്യക്തിയായി (53 വയസ്) തിരഞ്ഞെടുക്കപ്പെട്ടു. കുറഞ്ഞ കാലം കൊണ്ട് ബിഷപ്പിൽനിന്ന് ആർച്ച് ബിഷപ്പ്, മേജർ ആർച്ച് ബിഷപ്പ്, കർദ്ദിനാൾ എന്നീ പദവികളിലേക്ക് പടിപടിയായുള്ള ഈ ഉയർച്ച പിതാവിന്റെ കഠിനാദ്ധ്വാനത്തിന്റെയും ബുദ്ധികൂർമ്മതയുടെയും സമർപ്പണബോധത്തിന്റെയും ദൈവാശ്രയത്തിന്റെയും ഫലമാണ്. ഇത് ആശ്ചര്യകരവുമാണ്!

ഒരു പ്രാർത്ഥനാമനുഷ്യനാണ് ക്ലീമീസ് കാതോലിക്കാ ബാവാ. ഭദ്രാസനാധ്യക്ഷനെന്ന നിലയിൽ രണ്ടു ഭദ്രാസന ദൈവാലയങ്ങളിലും നിത്യാരാധന തുടങ്ങാൻ മുൻകൈയെടുക്കുകയും തിരക്കുകൾക്കിടയിലും ശാന്തമായി അവിടെ



www.malankaralibrary.com

ഇവൻ യോഗ്യൻ

ܡܫܝܚܐ ܢܚܐ ܢܚܘܢ ܫܠܡ

# മേക്കിൽനെകയെബ്കൂലേ ഹൈലാൻ

പ്രാർത്ഥിക്കാൻ സമയം കണ്ടെത്തുകയും ചെയ്തിരുന്നു.

കർദ്ദിനാൾ ക്ലിമീസ് കാതോലിക്കാബാവായുടെ സാമൂഹിക പ്രതിജ്ഞാബദ്ധത പ്രശംസനീയമാണ്. വിദ്യാഭ്യാസ, ആതുര സേവനരംഗങ്ങളിലെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അസൂയാവഹമായ പുരോഗതിക്കു പിന്നിൽ പിതാവിന്റെ ഉത്പതിഷ്ണത യോടുകൂടിയ സമർപ്പണമുണ്ട്. സമൂഹത്തിലുണ്ടാകുന്ന തിന്മകൾ അദ്ദേഹത്തെ വേദനിപ്പിക്കുന്നതായി "നമ്മുടെ നാട് എങ്ങോട്ട്" എന്ന ലേഖനം തെളിയിക്കുന്നു. ഭാരതീയ സംസ്കാരത്തോടും ഭാരതത്തിലെ മറ്റു മതങ്ങളോടും വളരെ സൗഹാർദ്ദപരമായ സമീപനമാണ് ബാവാ പുലർത്തുന്നത്. വർഗീയ വികാരം തൊട്ടുതീണ്ടാത്ത ഒരു പിതാവാണദ്ദേഹം. റോമിൽ നടന്ന കർദ്ദിനാൾ സ്ഥാനാരോഹണ ചടങ്ങിൽ തിരുവനന്തപുരത്തുള്ള വിവിധ മതനേതാക്കളെയും സാംസ്കാരിക-രാഷ്ട്രീയ നേതാക്കളെയും പങ്കെടുപ്പിച്ചത് ഇതിനു തെളിവാണ്. ഭാരതത്തിനും അതിന്റെ പൈതൃകത്തിനും സാർവത്രിക സഭ നൽകുന്ന അംഗീകാരമായാണ് പിതാവ് തന്റെ സ്ഥാനലബ്ധിയെ കാണുന്നത്. ക്രൈസ്തവസഭകളുടെ ഐക്യവും കർദ്ദിനാൾ തന്റെ വലിയ സ്വപ്നമായി കാത്തുസൂക്ഷിക്കുന്നു. ഐക്യത്തിനുവേണ്ടി ത്യാഗം സഹിക്കാനും തയ്യാറാണെന്ന് അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്.

മനുഷ്യബന്ധങ്ങൾക്കും കുടുംബബന്ധങ്ങൾക്കും വളരെ പ്രാധാന്യം നൽകുന്ന വ്യക്തിയാണ് ക്ലീമ്മീസ് ബാവാതിരുമേനി. തിരക്കുകൾക്കിടയിലും പരിചയമുള്ളവരോടു കുശലാന്വേഷണം നടത്തുക പതിവാണ്. 'സഭയ്ക്കും സമൂഹത്തിനുമായി', 'സുവിശേഷ ദീപ്തി', 'Emerg- ing Trends in Malankara Catholic Theology: Vision and Contribution of Cyril Mar Baselios' എന്നീ ഗ്രന്ഥങ്ങളും നിരവധി ലേഖനങ്ങളും ബാവാ എഴുതിയിട്ടുണ്ട്.

ഒട്ടേറെ പുണ്യശ്ലോകരായ വൈദികശ്രേഷ്ഠരുടെ പാദസ്പർശമേറ്റു പവിത്രമായ കുടുംബത്തിൽ നിന്നും തുടങ്ങി മലങ്കര സഭയിലെ അങ്ങോളം ഇങ്ങോളം ഉള്ള വിശ്വാസികളുടെ ലളനയാൽ സർവ്വവും ദൈവാനുഗ്രഹം സർവ്വവും ദൈവദാനം എന്ന എളിമയാണ് അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമ്മീസ് ബാവാ തിരുമേനിയുടെ മുഖമുദ്ര.

അത്യഭിവന്ദ്യ ബാവാ തിരുമനസ്സിന്റെ ഭാവിജീവിതം കൂടുതൽ അനുഗ്രഹങ്ങൾകൊണ്ട് സമ്പന്നമാകട്ടെയെന്നും പ്രവർത്തനങ്ങൾ ഏവരെയും സംതൃപ്തമാക്കട്ടെയെന്നും മണിവിളക്ക് ആശംസിക്കുന്നു.



www.malankaralibrary.com

| | |
|---|---|
| 1959 ജൂൺ 15 | : ജനനം |
| 1976 ജൂൺ 10 | : വൈദീകാർത്ഥി |
| 1986 മാർച്ച് 20 | : മ്ശംശോനോ |
| 1986 ജൂൺ 11 | : കശീശോ പട്ടം |
| 1988 | : ഗുരുകുലം സെമിനാരി വൈസ് റെക്ടർ |
| 1997 | : റോമിലെ ആഞ്ചലിക്കം സർവ്വകലാശാലയിൽ നിന്നും സഭൈക്യ ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ്. |
| 1998 ആഗസ്റ്റ് 17 | : ബത്തേരി ഭദ്രാസന വികാരി ജനറൽ |
| 2001 ജൂൺ 18 | : മെത്രാൻ പ്രഖ്യാപനം |
| 2001 ആഗസ്റ്റ് 2 | : റമ്പാൻ |
| 2001 ഓഗസ്റ്റ് 15 | : മെത്രാഭിഷേകം തിരുവനന്തപുരം അതിഭദ്രാസന സഹായ മെത്രാൻ, വടക്കേ അമേരിക്കയുടെയും യൂറോപ്പിന്റെയും അപ്പസ്തോലിക് വിസിറ്റേറ്റർ. |
| 2003 ഒക്ടോബർ 2 | : തിരുവല്ല ഭദ്രാസനാധിപനായി സ്ഥാനാരോഹണം |
| 2006 ഫെബ്രുവരി | : സി.ബി.സി.ഐ വൈസ് പ്രസിഡന്റ് |
| 2006 മെയ് 15 | : തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലിത്തൻ ആർച്ച് ബിഷപ്പായി പ്രഖ്യാപനം. |
| 2006 ജൂൺ 10 | : തിരുവല്ല അതിഭദ്രാസന പ്രഥമ മെത്രാപ്പോലിത്തൻ ആർച്ച് ബിഷപ്പായി സ്ഥാനാരോഹണം |
| 2006 ഡിസംബർ 13 | : വത്തിക്കാനിലെ പൊന്തിഫിക്കൽ എക്യുമെനിക്കൽ ഡയലോഗ് കമ്മീഷനുകളിൽ (യാക്കോബായ, ഓർത്തഡോക്സ്) ഔദ്യോഗിക അംഗം |
| 2007 ഫെബ്രുവരി 10 | : മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ച്ബിഷപ്പ് – കാതോലിക്കാ ബാവയായി പ്രഖ്യാപനം |
| 2007 മാർച്ച് 5 | : മോറാൻ മോർ ബസേലിയോസ് ക്ലീമീസ് എന്ന നാമത്തിൽ മേജർ ആർച്ച്ബിഷപ്പ് – കാതോലിക്കാ ബാവയായി സ്ഥാനാരോഹണം. |
| 2008 ജനുവരി 18 | : പുതിയ കാതോലിക്കേറ്റ് സെന്ററിന്റെ ശിലാസ്ഥാപനം. |
| 2008 ഒക്ടോബർ 5 – 26 | : ബനഡിക്ട് പതിനാറാമൻ മാർപാപ്പാ റോമിൽ വിളിച്ച് ചേർത്ത Synod on Word of God ൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയെ പ്രതിനിധീകരിച്ച് പങ്കെടുത്തു. |
| 2008 ഒക്ടോബർ 12 | : വി. അൽഫോൺസാമ്മയെ വിശുദ്ധ പദവിയിലേക്കുയർത്തിയ റോമിലെ ചടങ്ങിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് പങ്കെടുത്തു. |
| 2011 മാർച്ച് 25 | : മലങ്കര സുറിയാനി കത്തോലിക്കാസഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിനു ശേഷം ആദ്യമായി മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ നേതൃത്വത്തിൽ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിലെ അഭിവന്ദ്യ പിതാക്കന്മാർ പരി. ബനഡിക്ട് പതിനാറാമൻ മാർപാപ്പായുമായി നടത്തിയ ആദ് ലിമിന സന്ദർശനം. |
| 2011 ഒക്ടോബർ 27 | : ബനഡിക്ട് പതിനാറാമൻ മാർപാപ്പാ, വിളിച്ചുകൂട്ടിയ ലോകമതങ്ങളുടെ നേതാക്കന്മാരുടെ പ്രാർത്ഥനാ സമ്മേളനം അസീസിയിലും വത്തിക്കാനിലും വച്ച് നടത്തപ്പെട്ടതിൽ ഭാരതസഭയുടെ പ്രതിനിധിയായി സംബന്ധിച്ചു |
| 2012 ഒക്ടോബർ 24 | : ബനഡിക്ട് പതിനാറാമൻ മാർപാപ്പ കർദിനാളായി പ്രഖ്യാപിച്ചു. |
| 2012 നവംബർ 24 | : കർദിനാൾ സ്ഥാനാരോഹണം |
| 2013 ജനുവരി 15 | : പൗരസ്ത്യ സഭകൾക്കായുള്ള റോമിലെ തിരുസംഘാഗം, മതാന്തര സംവാദങ്ങൾക്കായുള്ള വത്തിക്കാന്റെ ഔദ്യോഗിക സമിതി അംഗം എന്നീ നിലകളിൽ നിയമനം |
| 2013 മാർച്ച് 4 – 13 | : ആഗോള കത്തോലിക്ക സഭയുടെ 266ാം മാർപാപ്പയെ തിരഞ്ഞെടുക്കാനുള്ള കോൺക്ലേവിൽ പങ്കെടുത്തു. |
| 2013 മാർച്ച് 19 | : ഫ്രാൻസിസ് മാർപാപ്പായുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിച്ചു. |
| 2013 ജൂലൈ 15 | : റോമിലെ തന്റെ സ്ഥാനിക ദൈവാലയമായ (titular church) സെന്റ് ഗ്രിഗോറിയോ 7–ാമന്റെ ബസിലിക്കായുടെ ചുമതല ഏറ്റെടുത്തു. |
| 2013 – 2015 | : കെ.സി.ബി.സി പ്രസിഡന്റ് |
| 2014 – 16, 2016 –18 | : സി.ബി.സി.ഐ പ്രസിഡന്റ് |
| 2022 മുതൽ | : കെ.സി.ബി.സി പ്രസിഡന്റ് |

manivilaku.com

www.malankaralibrary.com

#manivilaku·com



# സന്ദേശം

മണിവിളക്ക് എന്ന ഡിജിറ്റൽ മാഗസിനിലൂടെ സമൂഹത്തിൽ സാധ്യമാകുന്ന എല്ലാ നല്ല ശുശ്രൂഷകളെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. 2024 ആഗസ്റ്റ് മാസത്തിലെ പ്രസിദ്ധീകരണം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അഭിവന്ദ്യ മോറാൻ മോർ ബസ്സേലിയോസ് ക്ലിമ്മീസ് കാതോലിക്കാ ബാവായുടെ മെത്രാഭിഷേക വാർഷികത്തോട് അനുബന്ധിച്ച് പുറത്തിറക്കുന്നതിൽ പ്രത്യേക സന്തോഷം അറിയിക്കുന്നു.

എല്ലാവരെയും സ്നേഹത്തിൽ ഒന്നിപ്പിച്ചുകൊണ്ട് കർമ്മ വീഥികളിൽ തിരിതെളിച്ച് സമൂഹത്തെ നയിക്കുന്ന ഒരു ശ്രേഷ്ഠ ഇടയനാണ് അഭി ക്ലിമ്മീസ് ബാവാ തിരുമേനി. എന്ത് ചെയ്താലും അതിലൂടെ സ്നേഹത്തിന്റെ അനുഭവം മറ്റുള്ളവർക്ക് ലഭിക്കണമെന്ന നിർബ്ബന്ധം തിരുമേനിക്കുണ്ട്. സ്നേഹത്തിൽ എല്ലാവരെയും ഒന്നിച്ച് നിർത്തുന്നതിനും വിഭാഗീയത എറിവരുമ്പോൾ അതിനെതിരെ ശബ്ദമുയർത്തുന്നതിനും തിരുമേനി ശ്രമിക്കുന്നു.

തിരക്കുകൾക്കിടയിലും വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ തിരുമേനി പ്രതിജ്ഞാബദ്ധനാണ്. ഒരു ജനകീയ മെത്രാൻ എന്ന് തിരുമേനിയെ വിശേഷിപ്പിക്കുന്നതിൽ തെല്ലും അതിശയോക്തിയില്ല. തിരുമേനിയുമായി ഒരിക്കൽ ഇടപെട്ടാൽ അവരെ പേരെടുത്ത് വിളിക്കുന്നതിനും സ്നേഹമസ്രീണമായി പിന്നീട് അവരോട് ഇടപെടുന്നതിനും തിരുമേനിക്ക് സാധിക്കുന്നു. മാർത്തോമ്മാ സുറിയാനി സഭയുടെ ഒരു ഉറ്റ മിത്രമാണ് അഭിവന്ദ്യ ബസ്സേലിയോസ് ക്ലിമ്മീസ് കാതോലിക്കാ ബാവാ തിരുമേനി. ആഗസ്റ്റ് 15 ന് മെത്രാഭിഷേക വാർഷികം ആഘോഷിക്കുന്ന അഭിവന്ദ്യ ബാവാ തിരുമേനിക്ക് മാർത്തോമ്മാ സഭയുടെ ആശംസകൾ അറിയിക്കുന്നു.

ഓരോ ഞായറാഴ്ചകളിലും വിശുദ്ധകുർബ്ബാനയിൽ വായിക്കുന്ന വേദഭാഗങ്ങളെ സംബന്ധിച്ച പഠനവും മറ്റ് ക്രിസ്തീയ വീക്ഷണമുള്ള ലേഖനങ്ങളുമാണല്ലോ മണിവിളക്കിന്റെ ഉള്ളടക്കം. ക്രിസ്തുവിൽ നാം ഏവരും ഒന്ന് എന്നുള്ള വിശാലതയിലേക്ക് നമ്മെ പരിവർത്തിപ്പിക്കുന്ന വചനത്തിന്റെ പൊരുൾ ലോകത്തിന് നല്കുന്നതിനും ഗുണാത്മകമായി സമൂഹത്തെ പരിവർത്തിപ്പിക്കുന്നതിനും മണിവിളക്കിന് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്യുന്നു.

കർത്തൃ ശുശ്രൂഷയിൽ

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

www.malankaralibrary.com

#manivilaku.com



# സന്ദേശം

മലങ്കര കത്തോലിക്കാ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ് അഭിവന്ദ്യ കർദിനാൾ ബസ്സേലിയോസ് മാർ ക്ലീമ്മീസ് പിതാവിന്റ മെത്രാഭിഷേക വാർഷികത്തോടനുബന്ധിച്ചു മണിവിളക്ക് ഇ-മാഗസീൻ ഒരു പ്രത്യേക ഓൺലൈൻ പതിപ്പു പുറത്തിറക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. അപ്പസ്തോലനായ വിശുദ്ധ പത്രോസിന്റെ ശ്ലൈഹീക നേതൃത്വത്തോടുചേർന്നുനിന്നു കൊണ്ടു കർമവ്യാപൃതനായിരിക്കുന്ന കർദിനാൾ ക്ലിമ്മീസ് തിരുമേനിക്കു മെത്രാഭിഷേക വാർഷികത്തിന്റെ പ്രാർത്ഥനാമംഗളങ്ങൾ ആശംസിക്കുന്നു. കെ.സി. ബി. സി. യുടെ പ്രസിഡന്റ് എന്ന നിലയിൽ കേരള കത്തോലിക്കാ മെത്രാൻ സമിതിയെ ധീരമായി നയിക്കുകയും കേരളത്തിന്റെ സാമൂഹിക സാംസ്കാരിക വിഷയങ്ങളിൽ സധൈര്യം ഇടപെടുകയും ചെയുന്ന അഭിവന്ദ്യ പിതാവിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. സഭകൾ തമ്മിൽ ഒത്തൊരുമയോടെ മുന്നോട്ടു പോകാനും കൂട്ടായ്മയുടെ ക്രൈസ്തവ സാക്ഷ്യം പങ്കുവെയ്ക്കാനും തിരുമേനിയുടെ ഇടപെടലുകൾ തുടർന്നും ഫലമണിയട്ടെ. മെത്രാഭിഷേക വാർഷികത്തിന്റെ പ്രത്യേക പതിപ്പു പുറത്തിറക്കുന്ന മണിവിളക്ക് ഇ-മാഗസിന്റെ അണിയറ പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ!

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

Mar Raphael Thattil
Major Archbishop of the Syro-Malabar Church

www.malankaralibrary.com

#manivilaku.com



# സന്ദേശം

സീറോ മലങ്കര കത്തോലിക്ക സഭയോട് ചേർന്നുനിന്നുകൊണ്ട് മണിവിളക്ക് എന്ന മാഗസിൻ 2012 മുതൽ പ്രസിദ്ധീകരിച്ചുവരുന്നു എന്നറിയുന്നതിൽ അതിയായി സന്തോഷിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലും, ക്രിസ്തീയ വീക്ഷണമുള്ള ലേഖനങ്ങളും കോർത്തിണക്കി പ്രസിദ്ധീകരിച്ചുവരുന്ന ഈ മാഗസിൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അഭിവന്ദ്യ മോറാൻ മോർ ബസ്സേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവായുടെ മെത്രാഭിഷേക വാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന വിശേഷാൽ പതിപ്പിൽ ഒരു ആശംസ സന്ദേശം നൽകുവാൻ സാധിച്ചതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്.

സഭയുടെയും സമൂഹത്തിന്റെയും സേവനത്തിനായി തന്റെ ജീവിതം സമർപ്പിച്ച അഭിവന്ദ്യ മോറാൻ മോർ ബസ്സേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവ വിവിധ രാജ്യങ്ങളിലും വിവിധ തലങ്ങളിലും സേവനമനുഷ്ഠിച്ചുകൊണ്ട് മലങ്കര കാത്തലിക് മിഷനുകളെ ശക്തിപ്പെടുത്താൻ മുൻകൈയെടുക്കുകയും ചെയ്തു. കൂടാതെ യേശുവിന്റെ സ്നേഹം എല്ലാവർക്കും പകർന്നുകൊടുത്തുകൊണ്ട് സാമൂഹ്യ നന്മയ്ക്കും സമുദായ വളർച്ചയ്ക്കും വേണ്ടി അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സഹജീവികളുടെ ആത്മീയ ഉൽക്കർഷത്തിനും സാമൂഹ്യ പുരോഗതിക്കും വേണ്ടി അഹോരാത്രം പ്രയത്നിക്കുന്ന അഭിവന്ദ്യ മോറാൻ മോർ ബസ്സേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവായ്ക്ക് എന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും സ്നേഹപൂർവ്വം നേരുന്നു.

ഈ മാഗസിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും സർവ്വേശ്വരൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് ഈ അവസരത്തിൽ ഞാൻ പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

സ്നേഹത്തോടെ,

✝ തോമസ് ജെ. നെറ്റോ
തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത
Latin Archdiocese of Trivandrum

www.malankaralibrary.com

#manivilaku.com



# സന്ദേശം

അത്യഭിവന്ദ്യ കാതോലിക്ക ബാവ തിരുമേനി 23 -ആം മെത്രാഭിഷേക വാർഷികത്തിലേക്കു പ്രവേശിക്കുന്ന ഈ വേളയിൽ സഭയാകെ പിതാവിന് എല്ലാവിധമായ അനുഗ്രഹാശിസ്സുകളും നേരുന്നു. സഭയെ സംബന്ധിച്ചിടത്തോളം അഭിവന്ദ്യ പിതാവിന്റെ അനുഗ്രഹീതമായ നേതൃത്വത്തെ സമർപ്പണത്തെ ജീവിത ദർശനങ്ങളെ വളരെ നന്ദിയോടുകൂടി അനുസ്മരിക്കയാണ്. ധന്യൻമാർ ഈവാനിയോസ് പിതാവിന്റെയും മാർ തെയോഫിലോസ് പിതാവിന്റെയും പാതകൾ പിന്തുടരുന്ന മലങ്കര സഭയെ സംബന്ധിച്ചിടത്തോളം അതിന്റെ അനുഗ്രഹീതമായ ഈ യാത്രയിൽ 100 -മത്തെ പുനരൈക്യ വാർഷികത്തിലേക്കു പ്രവേശിക്കുന്ന വേള കൂടി ആണല്ലോ. അതിനു വേണ്ടിയുള്ള ഒരുക്കങ്ങളിലായിരിക്കുന്ന സഭക്ക് അത്യുജ്വലമായ നേതൃത്വമാണ് ബാവ തിരുമനസ്സ് നൽകുന്നത്. സഭയിലാകമാനം ഒരു പരിശുദ്ധാത്മ വസന്തം ഈ കാലഘട്ടങ്ങളിൽ ഉണ്ടാകുവാനായിട്ട് നമ്മൾ എല്ലാവരും ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.
തീർച്ചയായിട്ടും നമ്മുടെ സഭയെ കർത്താവ് അങ്ങനെ കൈപിടിച്ചു നടത്തുന്നു എന്നതും നമ്മുടെ അനുഭവമാണല്ലോ. ആയതു കൊണ്ട് തന്നെ നമ്മുടെ ഈ സെന്റിനറി ആഘോഷം അത് നമ്മുടെ ഇടയിൽ ഭവനങ്ങൾ ഇല്ലാത്തവർക്ക് ഭവനങ്ങൾ നൽകി കൊണ്ട് അല്ലെങ്കിൽ സഭ ആകമാനം അതിൽ പങ്കു ചേർന്ന് കൊണ്ട് ഈ ശതാബ്ദി ആഘോഷിക്കുന്നു എന്നത് വളരെ ക്രിയാത്മകമായ സമീപനം തന്നെയാണ്.

ഒരു ബിഷപ്പ് എന്ന് പറയുന്നത് ഒരു അപ്പന്റെ മുഖവും ഹൃദയവും ഉള്ള ഒരാളാണ്. സഭയിൽ നമുക്ക് ലഭിച്ചിരിക്കുന്ന വലിയൊരു ഭാഗ്യമാണ് അപ്പന്റെ സ്ഥാനം അനുഗ്രഹിക്കുവാനായിട്ട് അലങ്കരിക്കുവാനായിട്ട് നമുക്ക് പരിശുദ്ധ ബാവ തിരുമനസ്സ് ഉള്ളത്. പിതാവിന് എല്ലാവിധ ദീർഘായുസ്സും നല്കുവാനായിട്ട് നമുക്ക് പ്രാർത്ഥിക്കാം. പിതാവിന്റെ സ്വതചിന്തമായ നേതൃപാടവം അത് പരിശുദ്ധാതമാവിന്റെ നിറവ് കൊണ്ട് കൂടുതൽ കൂടുതൽ അനുഗ്രഹിക്കപെടുന്നു എന്നുള്ളത് നമ്മുടെ എല്ലാവരുടെയും അനുഭവമാണല്ലോ. പിതാവിന്റെ വാക്കുകളും ഇടപെടലുകളും എല്ലാം ആഗോളസഭക്ക് അതുപോലെ തന്നെ കേരള സഭയ്ക്കും, ഭാരത സഭയ്ക്കും, ഈ പൊതു സമൂഹത്തിനു നന്മയാണ്.
ഈ പൊതു സമൂഹത്തിന്റെ നന്മയുടെ കാവൽക്കാരൻ എന്ന നിലയിൽ പിതാവ് നടത്തുന്ന നേതൃത്വം വളരെ വലുതാണ്. വിവിധങ്ങളായ രാഷ്ട്രീയ പാർട്ടികൾ അതുപോലെ തന്നെ മറ്റു സാമുദായിക സാംസ്കാരിക മേഖലകളിൽ ചിന്തകളെ ഇവയെല്ലാം ഏകോപിപ്പിച്ചു കൊണ്ട് എല്ലാവരോടും ഒരു സൗഹൃദമായ രീതിയിൽ എല്ലാവരും ദൈവത്തിന്റെ മക്കളാണ് എന്നുള്ള വിശാലമായ കാഴ്ചപ്പാടിൽ അത്യഭിവന്ദ്യ ബാവാ തിരുമേനി ഈ അനുഗ്രഹീതമായ അജപാലന ശുശ്രൂഷ നിർവഹിക്കുകയാണ്. സഭയിലെ മുഴുവൻ മക്കളുടെയും ആദരവും ബഹുമാനവും വത്സല പിതാവിന്റെ തൃപ്പാദത്തിങ്കൽ സമർപ്പിക്കുകയാണ്. ദൈവം എല്ലാ അനുഗ്രഹങ്ങളും തുടർന്നും തരുമാറാകട്ടെ. നമ്മുടെ കർത്താവ് ഈ സഭയെ വളരെ കരുതലോടു കൂടി കാക്കുന്നു. പ്രത്യേകിച്ചും അതിനു ഓരോ കാലങ്ങളിൽ കർത്താവിന്റെ ഹൃദയത്തിനു ഇഷ്ടപെട്ടതായ ഇടയന്മാരെ നൽകി കൊണ്ട് തന്നെ കുറവുള്ളവരും ബലഹീനരുമാണ് നമ്മൾ എങ്കിലും തീർച്ചയായിട്ടും കർത്താവിന്റെ ഹൃദയത്തിനു അടുത്ത ഇടയന്മാരായി രൂപാന്തരപ്പെടുക എന്നുള്ള വലിയ വിളിയാണ് ഓരോ വൈദീകനും ഓരോ മെത്രാനും ദൈവം തരുന്നത്. നമ്മുടെ കുടുംബങ്ങളിൽ കൂടുതൽ ദൈവവിളികളുണ്ടാകാൻ ദൈവം ഇടയാക്കട്ടെ. എല്ലാവരും കർത്താവിന്റെ ഹിതത്തിനനുസരിച്ച മക്കളായി രൂപാന്തരീകരണം പ്രാപിക്കുവാൻ ഒരിക്കൽകൂടി എല്ലാ നന്മകളും നേരുന്നു. ദൈവ തിരുനാമം മഹത്വപ്പെടട്ടെ.

മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്

(മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്, തിരുവല്ല )
Secretary of the Holy Episcopal Synod of the Malankara Catholic Church

www.malankaralibrary.com

#manivilaku.com



# സന്ദേശം

**വി. ഡി. സതീശൻ**
**പ്രതിപക്ഷനേതാവ്**
**കേരള നിയമസഭ**

അഭിവന്ദ്യ കർദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലിമ്മിസ് തിരുമേനിയുടെ മെത്രാഭിഷേക വാർഷികത്തോട് അനുബന്ധിച്ച് മണിവിളക്ക് മാഗസിൻ ആശംസകൾ ഉൾപ്പെടുത്തി വിശേഷാൽ പ്രസിദ്ധീകരണം നടത്തുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷം.

സീറോ മലങ്കര കത്തോലിക്ക സഭയുടെ ആദ്യ കർദിനാളായ ക്ലിമ്മിസ് ബാവാ തിരുമേനിയുടെ ദൈവവഴിയിലെ സേവനങ്ങൾ വിശ്വാസികളിൽ എത്തിക്കുന്നതിനായി മണിവിളക്ക് മാഗസിൻ ഏറ്റെടുത്ത ഉദ്യമത്തെ ശ്ലാഘിക്കുന്നു. മണിവിളക്കിന്റെ പ്രത്യേക ആശംസ എഡിഷന് എല്ലാ മംഗളാശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

വി.ഡി.സതീശൻ

www.malankaralibrary.com

#manivilaku·com



# സന്ദേശം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവൻ അഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവയുടെ മെത്രാഭിഷേക വാർഷികത്തോട് അനുബന്ധിച്ച് മണിവിളക്ക് എന്ന ഇ-മാഗസിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന പ്രത്യേക പതിപ്പിന് ആശംസകൾ നേരുന്നു. ഇത്തരം ഒരു ഉദ്യമത്തിന് തയ്യാറായ മണിവിളക്ക് ഇ-മാഗസിന്റെ നേതൃത്വത്തെ പ്രത്യേകം അഭിനന്ദിക്കുന്നു.

വിശ്വാസ സമൂഹത്തിന്റെ ക്ഷേമത്തിനായി അക്ഷീണം പ്രയത്നിക്കുന്ന വ്യക്തിത്വമാണ് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. നിലപാടുകൾ കൊണ്ടും ജീവകാരുണ്യ പ്രവർത്തനങ്ങൾ കൊണ്ടും പ്രത്യേക സ്ഥാനം അദ്ദേഹത്തിന് സമൂഹത്തിൽ കൈവരിക്കാനായി. പരസ്പര സ്നേഹത്തിന്റെയും സഹകരണത്തിന്റെയും സന്ദേശം സമൂഹത്തിന് പകർന്ന് നൽകുന്ന ആത്മീയ ജീവതമാണ് പിതാവിന്റേത്. സഭയെ കൂടുതൽ കരുത്തോടെ മുന്നോട്ട് നയിക്കാൻ ദൈവം സർവ്വ ശക്തിയും അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവയ്ക്ക് നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**കെ.സുധാകരൻ എം.പി**
കെ പി സി സി പ്രസിഡന്റ്

www.malankaralibrary.com





# ആശംസ

മലങ്കര സുറിയാനി കാതോലിക്ക സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലിമ്മിസ് കാതോലിക്ക ബാവയുടെ 23-ാം മെത്രാഭിഷേക വാർഷികം സമാഗതമായിരിക്കുകയാണ്. തിരുവനന്തപുരത്തിന്റെ സാമൂഹ്യ സാംസ്കാരിക മേഖലകളിൽ ക്ലീമ്മീസ് പിതാവ്  എന്നും നിറസാന്നിധ്യമാണ്. എല്ലാ വിഭാഗം ജനങ്ങൾക്കും എന്തുകാര്യത്തിലും ആശ്രയിക്കാവുന്ന മഹത് വ്യക്തിത്വമാണ് അദ്ദേഹം. നാടിന്റെ സമാധാനത്തിനും ഐക്യത്തിനും വേണ്ടി എല്ലാ കാലത്തും മുന്നിൽ നിന്ന് മതമേലധ്യക്ഷനാണ് ക്ലിമ്മിസ് തിരുമേനി. മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലിമ്മിസ് കാതോലിക്ക ബാവയുടെ മെത്രാഭിഷേക വാർഷികത്തിന് എല്ലാ ആശംസകളും നേരുന്നു.

സസ്നേഹം,

കെ. സുരേന്ദ്രൻ
സംസ്ഥാന അദ്ധ്യക്ഷൻ
ഭാരതീയ ജനതാ പാർട്ടി, കേരളം

BHARATIYA JANATA PARTY
KERALA

www.malankaralibrary.com

#manivilaku·com



# ആശംസ

ANTO ANTONY
Member of Parliament
(Lok Sabha)
Pathanamthitta

Member :
- Standing Committee on Transport, Tourism & Culture
- Committee on Petitions
- Consultative Committee on Minority Affairs

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവയുടെ മെത്രാഭിഷേക വാർഷികം കൊണ്ടാടുന്ന ഈ വേളയിൽ ഒരു പതിറ്റാണ്ടിൽ അധികമായി സഭയുടെ ശബ്ദമായി സഭാസമൂഹത്തിൽ പ്രതിധ്വനിക്കുന്ന മണിവിളക്ക് എന്ന ഈ മാഗസിനിലേക്ക് ആശംസകൾ നേരുന്നത് ഏറെ സന്തോഷത്തോടുകൂടിയാണ്.

മലങ്കര സുറിയാനി സഭയ്ക്ക് കാലത്തിന്റെ പൂർണതയിൽ ദൈവം നൽകിയ ഏറ്റവും അമൂല്യമായ സമ്മാനവും വരദാനവുമാണ് അഭിവന്ദ്യ ക്ലീമിസ് തിരുമേനി. ക്ലീമിസ് തിരുമേനിയുമായി എനിക്കുള്ള ഹൃദയബന്ധം എത്രയോ ആഴത്തിലുള്ളതാണെന്ന് ഈ അവസരത്തിൽ പ്രത്യേകം ഓർമ്മിക്കുന്നു. ദൈവശാസ്ത്രത്തിൽ അഗാധമായ പാണ്ഡിത്യമുള്ള ക്ലീമിസ് തിരുമേനിയുടെ ആത്മീയ ചിന്തകൾ സഭാമക്കളെ വിശ്വാസത്തിൽ ദൃഡപ്പെടുത്തുന്നതിലും സഭയോട് ചേർന്ന് വിശ്വാസജീവിതത്തിൽ ഉറച്ച് മുന്നോട്ട് നടത്തുന്നതിലും നാളുകളായി നിർണായക പങ്ക് വഹിച്ചുപോരുന്നു. അഭിവന്ദ്യ പിതാവിന്റെ പ്രഭാഷണങ്ങൾ അങ്ങേയറ്റം ചിന്തോദ്ദീപകവും, ദൈവവിശ്വാസത്തിലും അതിന്റെ അനന്തരഫലമായ മനുഷ്യസ്നേഹത്തിലും അടിയുറച്ച് നിന്നു കൊണ്ട് ജീവിതത്തെ മുന്നോട്ടു നയിക്കുന്നതിന് ആരെയും പ്രചോദിപ്പിക്കുന്നവയുമാണ്

മെത്രാഭിഷേകവാർഷികം കൊണ്ടാടുന്ന അഭിവന്ദ്യ ക്ലീമിസ് തിരുമേനിക്ക് എല്ലാവിധ പ്രാർത്ഥനാശംസകളും ഈ അവസരത്തിൽ നേരുന്നു. സഭയെയും ദൈവജനത്തെയും ഇനിയും അനേകനാൾ മുന്നോട്ട് നയിക്കുന്നതിനുള്ള കരുത്തും കൃപയും പരമകാരുണ്യവാനായ ദൈവം അഭിവന്ദ്യ തിരുമേനിക്ക് നൽകട്ടെ എന്ന് ആത്മാർമായി ആശംസിക്കുന്നു.

സ്നേഹാദരങ്ങളോടെ

ANTO ANTONY • PATHANAMTHITTA • MEMBER OF PARLIAMENT (LS)

(ആന്റോ ആന്റണി)

www.malankaralibrary.com

#manivilaku·com



# ആശംസ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമ്മിസ് കതോലിക്കാ ബാവായുടെ മെത്രാഭിഷേക വാർഷികത്തോടനുബന്ധിച്ച് മണിവിളക്കിന്റെ ഒരു പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുകയും ഇ-മാഗസിന്റെ ചുമതലക്കാരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

അഭിവന്ദ്യനായ കർദ്ദിനാൾ തിരുമേനി ആഗോള ക്രൈസ്തവ സമൂഹത്തിൽ സൂര്യതേജസ്സോടെ പ്രശോഭിക്കുന്ന ആത്മീയ പിതാവാണ്. കേരളത്തിലെ ക്രൈസ്തവ സമൂഹത്തിന്റെ മാത്രമല്ല ഇന്ത്യയിലെ ക്രൈസ്തവ സമൂഹത്തിന്റെ മുഴുവൻ വഴികാട്ടിയും മാർഗ്ഗദീപവുമാണ് തിരുമേനി. ആനുകാലിക വിഷയങ്ങളിലെല്ലാം അദ്ദേഹത്തിന്റെ ശബ്ദം കേൾക്കുവാനാണ് വിശ്വാസികൾ കാതോർക്കുന്നത്.

ക്രൈസ്തവ സമൂഹത്തിൽ മാത്രമല്ല എല്ലാ ജനങ്ങളുടേയും, വ്യത്യസ്തമത വിഭാഗങ്ങളുടേയും അംഗീകാരവും സ്വീകാര്യതയും ലഭിച്ചിട്ടുള്ള സർവ്വ ജനസമ്മതനാണ് തിരുമേനി. ഉറച്ച ക്രിസ്തീയ വിശ്വാസിയായ തിരുമേനി തികഞ്ഞ മതേതരവാദിയുമാണ്. വ്യത്യസ്ത മതങ്ങളും വൈവിധ്യ സംസ്ക്കാരങ്ങളുമുള്ള ഭാരതത്തിൽ നാം എങ്ങനെയായിരിക്കണം എന്നതിന് ഉത്തമ മാതൃകയാണ് തിരുമേനി. തിരുമേനിയ്ക്ക് എന്നോടുള്ള സ്നേഹവും കരുതലും വാക്കുകൾക്ക് അതീതമാണ്. അതിനെക്കുറിച്ച് എഴുതാൻ ഒരു പുസ്തകം തന്നെ വേണ്ടിവരും. ഞാനതിന് ഇപ്പോൾ തുനിയുന്നില്ല.

തിരുമേനി ഭാരതത്തിന്റെ അഭിമാനവും സമ്പത്തുമാണ്. ഇത്രയും ചെറുപ്പത്തിൽ പരിശുദ്ധ മാർപ്പാപ്പയിൽ നിന്നും കർദ്ദിനാൾ പദവി ഏറ്റുവാങ്ങിയ മറ്റൊരു കർദ്ദിനാൾ ഉണ്ടെന്ന് ഞാൻ കരുതുന്നില്ല. ആഗോള സഭയുടെ അത്യുന്നത പദവിയിലേയ്ക്ക് സർവ്വഥായോഗ്യനായ കർദ്ദിനാൾ ക്ലിമ്മിസ് ബാവ തിരുമേനി ഉയർത്തപ്പെട്ടാൽ അത്ഭുതപ്പെടാനില്ല. ആ അഭിമാനനിമിഷത്തിനായ് നമുക്ക് കാത്തിരിക്കാം, പ്രാർത്ഥിക്കാം.

എന്റെ സന്ദേശം കൂടി മണിവിളക്കിൽ ഉൾപ്പെടുത്താൻ തീരുമാനിച്ച എഡിറ്റർ ശ്രീ. റ്റോജോ പി തോമസിന് നന്ദി അറിയിക്കുന്നു.

മെത്രാഭിഷേകം ആഘോഷിക്കുന്ന തിരുമേനിയ്ക്ക് എന്റെ എല്ലാ ആശംസകളും നേരുന്നു.

(പി.ജെ.കുര്യൻ)
Former Dy. Chairman, Rajya Sabha &
Former Union Minister

www.malankaralibrary.com

# മദ്റോശോ



തയാറാക്കിയത്
റെവ ഫാ . എബ്രഹാം കാടമല

2013 ആഗസ്റ്റ് 4

## വിശ്വാസ പരിശീലന ദിനം

(മർ. 6:7–13)

'അവൻ ഗ്രാമപ്രദേശങ്ങളിൽ ചുറ്റി സഞ്ചരിച്ച് പഠിപ്പിച്ചുകൊണ്ടിരുന്നു' (6:7). പഠിക്കാനുള്ള കഴിവ് തന്ന് നമ്മെ സൃഷ്ടിച്ച ദൈവം തന്നെയാണ് യഥാർത്ഥ ഗുരുവും. യേശു തന്നെ പറയുന്നുണ്ടല്ലോ: "മാംസരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇത് വെളുപ്പെടുത്തിത്തന്നത്" (മത്താ. 16:17). നാം അറിഞ്ഞിരിക്കേണ്ട ദിവ്യരഹസ്യങ്ങൾ നമ്മെ പഠിപ്പിക്കുന്നതിനായി ദൈവം തന്റെ പ്രതിനിധികളെ അയയ്ക്കുകയാണ് ചെയ്യുന്നത്. "നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു....' (മത്താ. 10:40–42). ദൈവത്തിന്റെ പ്രതിനിധികളാണ് ഓരോ മാതാപിതാക്കന്മാരും ഗുരുക്കന്മാരും എന്നുള്ള ഉത്തരവാദിത്വബോധം എല്ലാവർക്കും വേണം. മക്കൾക്ക് ഭക്ഷണവും സംരക്ഷണവും നൽകുന്നതുപോലെ തന്നെ പരമപ്രധാനമായ കടമയാണ് അവർക്ക് വിശ്വാസപരവും ധാർമ്മികവുമായ പരിശീലനം നൽകുക എന്നത്. മക്കളുടെ വിശ്വാസ പരിശീലനത്തിൽ മാതാപിതാക്കന്മാരെ സഹായിക്കാൻ ഔദ്യോഗികമായിത്തന്നെ ചുമതലയുള്ളവരാണ് പുരോഹിതരും പ്രവാചകന്മാരും ജ്ഞാനികളും. അവരുടെ വാക്കുകളും നിർദ്ദേശങ്ങളും ദൈവം നമുക്ക് നൽകുന്നവയായി കണക്കാക്കി ആദരവോടെ അനുസരിക്കാൻ നാം ഏവരും ബാദ്ധ്യസ്ഥരുമാണ്. ദൈവത്തിന്റെ വാക്ക് ധിക്കരിക്കുകയോ അവിടുന്ന് നമുക്ക് നിർദ്ദേശിച്ച് തരുന്ന വഴിയിൽ നിന്ന് വ്യതിചലിക്കുകയോ ചെയ്യാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ടെങ്കിലും അത് വിനാശത്തിന്റെ തുടക്കമായിരിക്കുമെന്നതിന് സംശയമേ വേണ്ട. കാരണം നമ്മെക്കുറിച്ചുള്ള പദ്ധതി നമ്മുടെ ക്ഷേമത്തിനും നന്മയ്ക്കും വേണ്ടിയുള്ളതാണ്.

സ്വതന്ത്ര ചിന്താഗതിക്കാരായ ചിലർ പറയുന്നത് അവരുടെ മക്കൾ വളർന്ന് വലുതായി തങ്ങളുടെ വിശ്വാസം സ്വയം കണ്ടെത്തി കൊള്ളുമെന്നാണ്. ഇക്കൂട്ടർ പക്ഷെ മതപരമായ കാര്യങ്ങളിൽ മാത്രമേ ഈ വിശാല വീക്ഷണം കാണിക്കാറുള്ളൂ. പൈതങ്ങളുടെ ശരിയായ വളർച്ചയ്ക്ക് ഭക്ഷണം എത്ര പ്രധാനപ്പെട്ടതാണോ അത്രതന്നെ പ്രാധാന്യം അർഹിക്കുന്നതാണ് അവരുടെ ആത്മീയജ്ഞാനവും ധാർമ്മികബോധവും. ലോകവിജ്ഞാനം നേടാനുള്ള പരിശീലനം പൈതൽ പ്രായത്തിലേ ആരംഭിക്കുന്നവർ, ദൈവീകജ്ഞാനം പരിശീലിക്കേണ്ടത് പ്രായപൂർത്തിയായിട്ടാണെന്ന് ശഠിക്കുന്നതിൽ യുക്തിഭംഗം ഇല്ലാ. മാത്രമല്ല മനുഷ്യന്റെ മനസ്സാക്ഷിയും മറ്റ് ആത്മീക കഴിവുകളും ശരിയായ രീതിയിൽ രൂപീകരിക്കപ്പെട്ടില്ലെങ്കിൽ അവൻ തനിക്ക് തന്നെയും മറ്റുള്ളവർക്കും വിനാശകാരിയായിത്തീരും. കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെയോ ബ്രേയ്ക്കില്ലാത്ത വാഹനം പോലെയും അവൻ

www.malankaralibrary.com


പ്രയോജനരഹിതനായി തീരും.

മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ മുഖ്യമായ പ്രവർത്തനം പൊതു ജനങ്ങളെ പഠിപ്പിക്കുക എന്നതായിരുന്നല്ലോ. 12-ാം വയസ്സിൽ ജറുശലേം ദൈവാലയത്തിൽ ഒരു വിദ്യാർത്ഥിയായി പ്രത്യക്ഷപ്പെടുന്ന യേശു, തന്റെ പരസ്യജീവിതകാലം മുഴുവൻ ഏറ്റം നല്ല ഒരദ്ധ്യാപകനായിട്ടാണ് പ്രവർത്തിച്ചത്. റബ്ബി (ഗുരോ) എന്ന അഭിസംബോധന അവിടുത്തേക്ക് ഏറ്റം ഇണങ്ങുന്നതും ഇഷ്ടപ്പെടുന്നതുമായിരുന്നു. താൻ നിർത്തിവെയ്ക്കേണ്ടി വന്ന പഠിപ്പിക്കൽ ലോകാന്ത്യത്തോളം സകലജനതകളെയും പഠിപ്പിക്കാനുള്ള മാറ്റമില്ലാത്ത കല്പന നൽകിയിട്ടാണ് യേശു പിൻവാങ്ങുന്നത്. വാസ്തവത്തിൽ തിരുസഭ ഒരു പാഠശാലതന്നെയാണെന്നു പറയാം. പഠനം ജീവിതാന്ത്യം വരെ തുടർന്നു പോകേണ്ട പ്രക്രിയയാണ്. ഇക്കാരണത്താൽ തന്നെ സഭയിൽ അറിവിന്റെയും വിശുദ്ധിയുടെയും വ്യത്യസ്ഥ നിലവാരമുള്ളവർ എന്നും ഉണ്ടായിരിക്കും. എല്ലാവരെയും ഒരേ നിലവാരത്തിൽ കണക്കാക്കുന്നത് ശരിയായിരിക്കില്ല. ഓരോരുത്തർക്കും ലഭിച്ചിട്ടുള്ള അറിവിന്റെയും അവസരങ്ങളുടെയും കഴിവിന്റെയും തോത് വ്യത്യസ്തമായിരിക്കുമല്ലോ. അറിവിൽ കുറവുള്ളവരെ പുച്ഛിക്കുന്നതും ക്രിസ്തീയ ആദർശത്തിന് ചേർന്നതല്ല. അങ്ങനെയുള്ളവരെ ശിശുക്കളെപ്പോലെ പരിഗണിച്ച് കരുതലോടെ കൈകാര്യം ചെയ്യണമെന്നുതന്നെയാണ് പൗലൊസ് അപ്പസ്തോലൻ നിർദ്ദേശിച്ചിരിക്കുന്നത്.

ക്രിസ്തീയ അദ്ധ്യാത്മികതയിൽ ഭക്തിമാർഗ്ഗവും കർമ്മമാർഗ്ഗവും ജ്ഞാന മാർഗ്ഗവും പരസ്പര പൂരകങ്ങളാണ്. സുവിശേഷപ്രഘോഷണം വിശ്വാസം ജനിപ്പിക്കുന്നതുപോലെ തന്നെ വിശ്വാസത്തിന്റെ പ്രകടനവുമാണ് (റോമ. 10:14-20). 'യേശു കർത്താവാണെന്ന് അധരം കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും' എന്നാണ് വചനം പറയുന്നത് (റോമ. 10:9). ഇപ്രകാരമുള്ള ഹൃദയംഗമമായ വിശ്വാസം നമ്മുടെ വാക്കുകളെയും ചിന്തകളെയും പ്രവർത്തികളെയും സ്വാധീനിക്കുക തന്നെ ചെയ്യും. സുവിശേഷ പ്രഘോഷണവും വിശ്വാസപരിശീലനവും ഫലവത്തായി തീരുന്നത് അപ്പോഴാണ്. ഒരു പ്രഭാഷണമോ, സുവിശേഷ പ്രസംഗമോ വിശ്വാസ പരിശീലന ക്ലാസ്സോ അതിന്റെ ശരിയായ ലക്ഷ്യം നേടി എന്ന് പറയണമെങ്കിൽ അത് കേൾവിക്കാരന്റെ അറിവിനെയും വ്യക്തിത്വത്തെയും മനസ്സാക്ഷിയെയും തീരുമാനങ്ങളെയും സ്വാധീനിക്കാൻ ഇടവരണം. നമ്മുടെ സണ്ടേസ്കൂൾ ക്ലാസ്സുകളിൽ നൽകപ്പെടുന്നത് ചില ബൈബിൾ വാക്യങ്ങളോ, നുറുങ്ങുകഥകളോ അറിവിന്റെ ശകലങ്ങളോ മാത്രമായാൽ പോരാ. ഇന്ന് ഞാൻ ചില പുതിയ കാര്യങ്ങൾ പഠിച്ചു എന്ന് പറഞ്ഞാൽ അത് പരിശീലനത്തിന്റെ ആദ്യപടി മാത്രമേ ആയിട്ടുള്ളൂ. പറഞ്ഞ കാര്യങ്ങൾ എനിക്ക് ബോദ്ധ്യം വന്നിരിക്കുന്നു എന്ന് പറഞ്ഞാൽ അത് രണ്ടാമത്തെ പടിയായിക്കരുതാം. ലഭിച്ച ദൂത് ഒരുവനെ ഇളക്കിമറിക്കുന്നത് കണ്ടാൽ അയാളുടെ മനസ്സാക്ഷിയിൽ ചലനങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന് കരുതാം. ഇതാണ് മൂന്നാമത്തെ പടി. യഥാർത്ഥ വിശ്വാസം സമ്പൂർണ്ണമായ സമർപ്പണവും അനുസരണവുമാണ്. ഈ നാലാമത്തെ പടിയിൽ എത്തിയാലേ രക്ഷയുടെ അനുഭവത്തിലേക്കെത്തി എന്ന് പറയാൻ കഴിയൂ. പെന്തക്കുസ്താദിനത്തിൽ പത്രൊസും കൂട്ടരും വഴി പരിശുദ്ധാത്മാവ് നൽകിയ ദൂത് ശ്രവിച്ചവരുടെ പ്രതികരണം നോക്കുക. 'ഇത് കേട്ടപ്പോൾ അവർ ഹൃദയം നുറുങ്ങി പത്രൊസിനോടും മറ്റപ്പോസ്തോലന്മാരോടും ചോദിച്ചു: സഹോദരരേ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? (അപ്പ. 2:37) ഗബ്രിയേൽ ദൂതന്റെ വാക്കുകേട്ടപ്പോൾ മറിയം സ്വയം സമർപ്പിച്ചുകൊണ്ട് പറഞ്ഞ വാക്കുകളും യഥാർത്ഥ വിശ്വാസ പ്രകടനത്തിന്റെ ഉത്തമ ഉദാഹരണമാണ്. 'ഇതാ കർത്താവിന്റെ ദാസി; നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ' (ലൂക്കോ. 1:38). ഈശോ തന്റെ ശിഷ്യന്മാർക്ക് നൽകിയ ദൗത്യം സകല ജനതകളെയും ശിഷ്യപ്പെടുത്താ
നും, 'ഞാൻ നിങ്ങളോട് കല്പിച്ചവ എല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവാനുമത്രേ' (മത്താ. 28:20). അനുസരിക്കാൻ പഠിപ്പിക്കുന്നതിന് പകരം പറയാൻ പഠിപ്പിച്ചാൽ മതിയെന്നാണ് പലരും ധരിച്ചുവച്ചിരിക്കുന്നതെന്ന് തോന്നും വിശ്വാസികളുടെ ജീവിതം കണ്ടാൽ.

2013 ആഗസ്റ്റ് 11

## തേജസ്ക്കരണശേഷം 1-ാം ഞായർ

(മത്താ. 21:28-32)


'മാനസാന്തരത്തിന് യോജിച്ച ഫലം പുറപ്പെടുവിക്കുവിൻ' (3:8) 'അങ്ങനെ സർവ്വനീതിയും പൂർത്തിയാക്കുന്നത് നമുക്ക് ഉചിതമാണ്' (3:15) 'യോഹന്നാൻ നീതിയുടെ മാർഗ്ഗത്തിലൂടെ നിങ്ങളെ സമീപിച്ചു; നിങ്ങൾ അവനിൽ വിശ്വസിച്ചില്ല. എന്നാൽ ചുങ്കക്കാരും വേശ്യകളും അവനെ വിശ്വസിച്ചു' (21:32).

മതഭക്തരായ വ്യക്തികൾക്കും സമൂഹങ്ങൾക്കും സംഭവിക്കുന്ന വലിയ ഒരു വീഴ്ചയിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്ന അതിമനോഹരമായ ഈ ഉപമ വളരെ ഹ്രസ്വവും ലളിതവുമായി തോന്നുമെങ്കിലും അതിൽ

www.malankaralibrary.com

അന്തർഭവിച്ചിരിക്കുന്ന കാതലായ സത്യങ്ങൾ നമ്മുടെ കണ്ണ് തുറപ്പിക്കാൻ പര്യാപ്തമായിട്ടുള്ളതാണ്. ഒരു പക്ഷേ പ്രവാചകനായ നാഥാൻ,ദാവീദ് രാജാവിനോട് പറഞ്ഞ ഉപമയോടു നിൽക്കുന്നതാണ് സുവിശേഷക നായ മത്തായി പറയുന്ന ഈ ഉപമ (2ശമു. 12). പ്രവാച കന്റെ കഥ കേട്ട ദാവീദ് മാനസാന്തരപ്പെട്ട് പ്രായശ്ചിത്തം ചെയ്യാൻ തയ്യാറായി. എന്നാൽ യേശു പറഞ്ഞ കഥ കൾ തങ്ങളെക്കുറിച്ചാണെന്ന് തിരിച്ചറിഞ്ഞ യഹൂ ദപ്രമാണിമാർ അവനെ നിഗ്രഹിക്കുവാൻ വഴികൾ നോക്കുന്നു (21:46). വിതക്കാരന്റെ ഉപമയിൽ സാഹചര്യ ത്തിന്റെ സമ്മർദ്ദം മൂലം തറച്ചുപോയ നടപ്പാത പോലെയായ മനസുകളിൽ പതിച്ച വചനമാകുന്ന വിത്ത് പൊട്ടിമുളച്ച് ഫലം നൽകാൻ കഴിയാതെ പോകുന്നതി നെക്കുറിച്ച് വിവരിച്ചിട്ടുണ്ടല്ലോ. എന്നാൽ തുടർച്ചയായി വചനം കേട്ടു കേട്ട് ഹൃദയം കടുപ്പപ്പെട്ടുപോകുന്ന ദുര വസ്ഥയാണ് മതവിശ്വാസികളിൽ കാണാൻ കഴിയുന്നത്. മാനസാന്തരത്തിന് യോജിച്ച ഫലം പുറപ്പെടുവിക്കുക എന്നതാണ് പരമപ്രധാനം.

ഒരവസരത്തിൽ യേശു, പരീശന്മാരെയും നിയമജ്ഞ രെയും അഭിസംബോധന ചെയ്തുകൊണ്ട് അവർ ക്ക് സംഭവിച്ച തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞത് എക്കാലത്തുമുള്ള മതഭക്തർക്ക് സംഭവി ക്കാവുന്നതാണ്. 'നിങ്ങൾ തുളസി, ചതകുപ്പ, ജീരകം എന്നിവയ്ക്ക് ദശാംശം കൊടുക്കുകയും നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ നീതി, കാരുണ്യം, വിശ്വസ്ത ത എന്നിവ അവഗണിക്കുകയും ചെയ്യുന്നു. ഇവയാണ് നിങ്ങൾ ചെയ്യേണ്ടിയിരുന്നത്. മറ്റുള്ളവ അവഗണിക്കാ തെ തന്നെ' (മത്താ. 23:23). ചില വിശ്വാസപ്രമാണങ്ങൾ ഏറ്റുപറയാൻ കഴിയുന്നതോ,ഭക്തഗാനങ്ങളും പ്രാർത്ഥ നകളും ഉരുവിടുന്നതോ, ബൈബിൾ വായിക്കുന്നതോ, കൂദാശകൾ സ്വീകരിക്കുന്നതോ ഒക്കെയാണ് ആദ്ധ്യാ ത്മികതയുടെ അടയാളവും പൂർത്തീകരണവുമെന്ന് കരുതുന്നവരാണ് മഹാഭൂരിപക്ഷം വിശ്വാസികളും. ഇവ യൊക്കെ വേണ്ടതു തന്നെ. പക്ഷെ അപ്രകാരമുള്ള എല്ലാ ആചാര അനുഷ്ഠാനങ്ങളും ഒരുവനെ ദൈവ പിതാവിന്റെ ഹിതം തിരിച്ചറിയാനും അതനുസരിച്ച് ജീ വിക്കാനും സഹായിക്കുന്നില്ലെങ്കിൽ നിഷ്ഫലവും നിരർ ത്ഥകവുമായിരിക്കും. ഈ ഉപമയുടെ വിശദാംശങ്ങൾ പരിശോധിക്കുമ്പോൾ പ്രത്യാശാജനകമായ ചില ചിന്ത കൾ അന്തർഭവിച്ചിട്ടുണ്ടെന്നു കാണാം.



1. സകല മനുഷ്യരെയും ദൈവം തന്റെ സ്വന്തം മക്കാളാ യിട്ടാണ് കാണുന്നത്.
2. നാം ദൈവത്തെ നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവായി കരുതണം.
3. കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യാ നുള്ള ചുമതല എല്ലാവർക്കുമുണ്ട്. അതിനുള്ള അവസര വും നിർദ്ദേശവും നമുക്ക് നൽകപ്പെട്ടിരിക്കുന്നു.
4. ദൈവത്തോടുള്ള അനുസരണം മുഖസ്തുതിയിലോ ദീർഘമായ പ്രാർത്ഥനകളിലോ ഒതുക്കാവുന്നതല്ല.
5. പ്രവർത്തികൂടാതെയുള്ള വിശ്വാസവും പശ്ചാത്താപ വും ഭക്തിപ്രകടനങ്ങളും കൊണ്ട് ദൈവത്തെ പ്രസാദി പ്പിക്കുവാൻ സാദ്ധ്യമല്ല.
6. പാപവും അനുസരണക്കേടും മൂലം ദൈവപ്രീതി യിൽ നിന്ന് അകന്നുപോയവർക്ക് പശ്ചാത്താപത്തിന്റെ മനോഭാവവും പ്രവർത്തികളും കൊണ്ട് വീണ്ടും രമ്യത പ്പെടുവാൻ ദൈവം ഒരുക്കമാണ്. നാം ദൈവത്തെ ഉപേ ക്ഷിച്ചെന്നു കരുതി ദൈവം നമ്മെ ഉപേക്ഷിച്ചിട്ടില്ല.
7. മാമോദീസാ സ്വീകരിക്കുന്നവൻ അത് സൂചിപ്പിക്കുന്ന സർവ്വനീതിയും പൂർത്തീകരിക്കുവാൻ ബാദ്ധ്യസ്ഥനാ ണ്. ഇന്ന് നാം കാണുന്നത് എന്താണ്? മാതാപിതാക്കൾ തങ്ങളുടെ മക്കളെ മാമോദീസാ കഴിപ്പിക്കുന്നു. അത് നമ്മിൽ നിന്ന് ആവശ്യപ്പെടുന്ന കർത്തവ്യങ്ങൾ എന്തൊ ക്കെയാണെന്ന് അവർ ഒരിക്കലും ചിന്തിക്കാറില്ല. പൂർ ത്തീകരിക്കുവാനുള്ള ചില നീതികളും അതോടൊപ്പം ഉണ്ടെന്ന് ചിന്തിക്കാൻ പോലും തയ്യാറാകാത്തവരാണ് അധികവും.
8. ബൈബിൾ തുറന്നാൽ നാം ചെയ്യേണ്ടതും ചെയ്യരു താത്തതുമായ അനേകം കാര്യങ്ങളെക്കുറിച്ച് വളരെ വ്യക്തമായിത്തന്നെ പ്രതിപാദിച്ചിരിക്കുന്നതു കാണാം. എങ്കിലും അവയൊന്നും കണ്ടഭാവം നടിക്കാതെ, യേശു വിന്റെ കുരിശിലെ യാഗം വഴി സകല മനുഷ്യരും രക്ഷിക്ക പ്പെട്ടുകഴിഞ്ഞു എന്ന് പ്രസംഗിച്ചുകൊണ്ട് ദൈവരാജ്യം കെട്ടിപടുക്കുന്നതിൽ തങ്ങൾക്ക് യാതൊരു ഉത്തരവാ ദിത്വവും ഇല്ലെന്നു കരുതി മനുഷ്യരെ വഴിതെറ്റിക്കുന്നവ ക്കുള്ള മുന്നറിയിപ്പാണ് ഈ ഉപമ.

തുടർന്ന് വായിക്കാൻ പേജ്...

www.malankaralibrary.com



ܪ̈ܐܙܐ ܕܟܬܒܐ ܩܕܝܫܐ

# ബൈബിൾ പ്രതീകങ്ങൾ



**ആബൂൻ എബ്രഹാം മാർ യൂലിയോസ്**
**(മൂവാറ്റുപുഴ ബിഷപ്പ് എമിരറ്റസ്)**

## ആമുഖം

ഭൗതികമായ ഒരു യാഥാർത്ഥ്യത്തിൽ നിന്നോ ചരിത്ര സംഭവത്തിൽ നിന്നോ നമ്മെ അദൃശ്യവും ആത്മീയവു മായ ഒരു വെളിപാടിലേക്ക് നയിക്കുന്നതാണ് പ്രതീകം. ഇന്ദ്രിയഗോചരമായതിൽ നിന്ന് ഇന്ദ്രിയാതീതമായതിലേക്ക് പ്രതീകം നമ്മെ ഉയർത്തി കൊണ്ടു പോകുന്നു. ദൈവവചനത്തിൽ അതാര്യമായ പലതുമുണ്ട്. അതിനെ സുതാര്യമാക്കാൻ മൂടുപടം എടുത്തു മാറ്റേണ്ടിയിരിക്കുന്നു. ഓരോ പ്രതീകത്തിനും ചലനാത്മകത ഉണ്ട്. അത് നമ്മെ ദൈവീകതയിലേക്ക് ആനയിക്കണം.

എല്ലാ പ്രതീകങ്ങളും അടയാളങ്ങളാണ്, എന്നാൽ എല്ലാ അടയാളങ്ങളും പ്രതീകങ്ങളല്ല. അടയാളം ബാഹ്യമാത്രപ്രസക്തമാണെങ്കിൽ, പ്രതീകം ബാഹ്യമായതിനെ സൂചിപ്പിക്കുന്നതോടൊപ്പം, ആന്തരീയമോ ആത്മീയമോ ആയ ഒന്നിനെക്കൂടി സൂചിപ്പിക്കുന്നു. ഗദ്യത്തേക്കാൾ പദ്യമാണ് നമ്മുടെ ആശയങ്ങൾ ധ്വനിപ്പിക്കുവാൻ ഏറെ ശക്തമായ മാദ്ധ്യമം. പദ്യത്തിൽ യാഥാർത്ഥ്യം എന്നതിനേക്കാൾ മാനസിക കല്പനയ്ക്കും അലങ്കാര പ്രയോഗങ്ങൾക്കുമാണ് കൂടുതൽ പ്രാധാന്യം; എന്നു പറഞ്ഞതുപോലെ, നിഗൂഢമായ അർത്ഥത്തിലാണ് ഭാഷയുടെ സംപൂർണ്ണത കൈവരുക. മനുഷ്യനാണ് പ്രതീകത്തിന് അർത്ഥം പകരുക. ഭാരതത്തിന്റെ ത്രിവർണ്ണ പതാകയ്ക്ക് അർത്ഥം കല്പിക്കേത് ഭാരതീയരാണ്.

പ്രതീകത്തിന് ഇംഗ്ലീഷിൽ പറയുന്ന 'Symbol' എന്ന വാക്ക് ഗ്രീക്ക് ഭാഷയിലെ Symballein എന്ന ക്രിയയിൽ നിന്ന് ഉത്ഭവിക്കുന്നു. അതിന്റെ അർത്ഥം, ഒരുമിച്ച് ഇടുക, ഒരുമിച്ച് ചേർക്കുക എന്നാണ്. പ്രതീകത്തിന് സാമ്പിൾ അഥവാ മാതൃക എന്നും അർത്ഥമുണ്ട്. സാമ്പിളുകൾ ചേർത്തുവച്ച് താരതമ്യം ചെയ്യുമ്പോഴാണല്ലോ ഒരു വസ്തുവിന്റെ സമഗ്രത നാം മനസ്സിലാക്കുക. താഴെപ്പറയുന്ന ഉദാഹരണം പ്രതീകത്തിന്റെ ആന്തരീകാർത്ഥത്തിലേക്ക് വിരൽ ചൂണ്ടുന്നു.

പേപ്പർ കണ്ടു പിടിക്കാതിരുന്ന കാലങ്ങളിൽ കരാറുകളും രസീതുകളുമൊക്കെ എഴുതിയിരുന്നത് ഉടഞ്ഞ കലത്തിന്റെയോ കുടത്തിന്റെയോ കഷണങ്ങളിലാണ്. ഒരു കരാറിൽ പങ്കാളികളാകുന്നവർ ഒരേ പാത്രത്തിന്റെ ഓട്ടക്കഷണങ്ങൾ അവരുടെ പക്കൽ സൂക്ഷിക്കുകയും, ഉടമ്പടി നടപ്പിലാക്കുന്ന സന്ദർഭത്തിൽ ഓരോരുത്തരും അവരുടെ കഷണങ്ങൾ ഹാജരാക്കുകയും, ചുമതലക്കാർ അവയുടെ വക്കുകൾ പരസ്പരം ചേരുന്നുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യുന്നു. അവ പരസ്പരം ചേരുകയാണെങ്കിൽ, പിന്നെ ഉടമ്പടിയിലുള്ള അവരുടെ ഭാഗഭാഗിത്വത്തെക്കുറിച്ച് തർക്കമില്ല. ഇവിടെ ഓട്ടക്കഷണങ്ങൾ ബാഹ്യരൂപമാണെങ്കിലും അവ ചേർത്തു കഴിയുമ്പോൾ പാർട്ടികൾ തമ്മിലുള്ള സൗഹൃദത്തിന്റെയും അതു മുഖാന്തിരം ഉളവായ ഉടമ്പടിയുടെയും പ്രതീകമാണ്.

അദൃശ്യനായ ദൈവത്തെ വെളിപ്പെടുത്താൻ മാംസം ധരിച്ച വചനമാണ് യേശുക്രിസ്തു അതിനാൽ യേശുവിനെ 'അതിപ്രാചീന പ്രതീകം' എന്നു വേണമെങ്കിൽ വിളിക്കാം: ' അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപ

www.malankaralibrary.com

വും എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനുമാണ്' (കൊളോ. 1:15). ദൈവത്തിന്റെ 'ഛായയിലും സാദൃശ്യത്തിലുമാണ് ' ദൈവം മനുഷ്യനെ സൃഷ്ടിച്ചത് (ഉൽപ. 1:26). 'ദൈവത്തിൽ നാം ജീവിക്കുന്നു, ചരിക്കുന്നു, നിലനിൽക്കുന്നു.. നാം ദൈവത്തിന്റെ സന്താനങ്ങളാണ് (അപ്പ. 17:28)'. അക്കാരണത്താൽ ഓരോ മനുഷ്യനും ദൈവീകാംശം പേറുന്ന പ്രതീകമാണ്.

ബൈബിൾ പ്രതീകങ്ങളിലേക്ക് തിരികെ വരുമ്പോൾ, ദൈവവചനത്തിന് വാച്യാർത്ഥവും, ദൈവപ്രവൃത്തിക്ക് ചരിത്രപരമായ അർത്ഥവും മാത്രം നൽകുകയാണെങ്കിൽ, അരൂപിയായ ദൈവത്തെ കാളക്കുട്ടിയായി സങ്കല്പിച്ച ഇസ്രായേൽക്കാരുടെ മഠയത്തരത്തിന് തുല്യമായിരിക്കും. 'ആത്മാവിൽ ആരംഭിച്ചിട്ട് ശരീരത്തിൽ അവസാനിക്കുന്ന '(ഗലാ. 3:3) ഭോഷത്വമായിരിക്കുമത്. പഴയനിയമത്തിൽ ദൈവത്തെ ഐതീഹ്യതുല്യമായഭാഷയിൽ വർണ്ണിക്കാറുണ്ട് ഉദാഹരണമായി ദൈവത്തെ പാറയായും പർവ്വതമായും, അഗ്നിയും, ഭൂമികുലുക്കവും, കൊടുങ്കാറ്റായുമൊക്കെ ചിത്രീകരിക്കുമെങ്കിലും, "ദൈവം ആത്മാവാണ്; അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്' (യോഹ. 4:24) എന്ന കർത്താവിന്റെ വാക്കുകൾ ഇവിടെ അന്വർത്ഥമാണ്.

പുതിയ നിയമത്തിൽ വെള്ളവും, വീഞ്ഞും, എണ്ണയും, ഗോതമ്പിന്റെ കതിരും, അപ്പവും, മീനുമൊക്കെ ആരാധനക്രമത്തിലും ക്രൈസ്തവ കലകളിലും പ്രതീകങ്ങളായി സ്ഥാനം പിടിച്ചിട്ടുണ്ട്.

ഈ പഠന പരമ്പരയിൽ നാം സ്വീകരിച്ചരിക്കുന്ന രീതിശാസ്ത്രം, പ്രതീകങ്ങളെ കഴിവുള്ളിടത്തോളം പുരാതന സംസ്കാരങ്ങളുടെ പശ്ചാത്തലത്തിൽ വീക്ഷിക്കുകയെന്നതാണ്. അതിനുശേഷം പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും വേദഭാഗങ്ങളിലൂടെ കടന്നുപോകുന്നു. തുടർന്ന് പ്രസക്തമായ സ്ഥലങ്ങളിൽ പൂർവ്വസൂരികളായ സഭാ പിതാക്കന്മാരുടെ വീക്ഷണങ്ങളും, ക്രൈസ്തവ കലാകാരന്മാർ പ്രതീകങ്ങളെ എങ്ങനെ പ്രകാശിപ്പിക്കുന്നുവെന്നും പരിശോധിക്കുന്നു.

ബൈബിൾ രൂപം കൊണ്ടത് സെമിറ്റിക് സംസ്കാരത്തിൽ ആണല്ലോ. ഗ്രീക്ക്-റോമൻ സംസ്കാരങ്ങളിലെപ്പോലെ തത്വശാസ്ത്രത്തിന്റെയും തർക്കശാസ്ത്രത്തിന്റെയും കത്തികൾ കൊണ്ട് കീറിമുറിച്ച് അപഗ്രഥിക്കുകയല്ല ചെയ്യുന്നത്. പിന്നെയോ ഉൾക്കാഴ്ചയ്ക്കാണ് സെമിറ്റിക് സംസ്കാരം പ്രാധാന്യം നൽകുക. ആ ഉൾക്കാഴ്ചയാണ് പ്രതീകങ്ങളിലൂടെ പ്രദർശിപ്പിക്കുക. പ്രതീകങ്ങളാണ് നമ്മുടെ പ്രതിപാദ്യ വിഷയം. ഉപരിപ്ലവമായിട്ടല്ല വേദഭാഗങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രതീകങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്. അതിനാൽ ബൈബിൾ വിദ്യാർത്ഥികൾക്കും സുവിശേഷപ്രസംഗകർക്കുമെല്ലാം ഇത് പ്രയോജനപ്പെടുമെന്ന് വിശ്വസിക്കുന്നു. ബൈബിൾ പ്രതീകങ്ങളെക്കുറിച്ച് ഇനിയും കൂടുതൽ ഗവേഷണങ്ങൾ നടക്കേണ്ടിയിരിക്കുന്നു.

## ആൽഫയും ഒമേഗയും (Alpha and Omega)




ആൽഫയും ഒമേഗയും ഗ്രീക്ക് അക്ഷരമാലയിലെ ആദ്യത്തെയും അവസാനത്തെയും അക്ഷരങ്ങൾ എന്ന നിലയിൽ രണ്ടു ധ്രുവങ്ങൾക്കുമിടയിലുള്ള സർവ്വതിനെയും സൂചിപ്പിക്കുന്നു. മറ്റൊരു വാക്കിൽ ഇത് പൂർണ്ണതയു ടെ അടയാളമാണ്. സീയൂസ് ദേവനെ ആദ്യവും അവസാനവും, ഭൂമിയുടെയും സ്വർഗ്ഗത്തിന്റെയും ആരംഭവും മധ്യവും, ആഴവും, ഉയരവുമായി, സ്തുതിക്കുന്ന ഓർഫിക് കീർത്തനങ്ങളുണ്ട്.

ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു, താൻ സൃഷ്ടിച്ച എല്ലാറ്റിനും അവിടുന്ന് അതിര് കല്പിച്ചു. സൃഷ്ടികളോടുള്ള ബന്ധത്തിൽ കർത്താവ് പറയുന്നു: 'ആദിയിലുള്ള വനും അവസാനത്തവനോട് കൂടെയുള്ളവനുമായ കർത്താവായ ഞാനാണ്; ഞാൻ തന്നെ അവൻ' (ഏശ. 41:4).

സൃഷ്ടി കൂടാതെ ആർക്കും ആരംഭത്തെക്കുറിച്ചും അവസാന

www.malankaralibrary.com

ത്തെക്കുറിച്ചും പറയുവാൻ സാധിക്കില്ല. ആരംഭത്തെയും അവസാനത്തെയും ഉൾക്കൊള്ളുന്നവനാണ് എല്ലാറ്റിന്റെയും സത്ത. മറ്റ് ദേവന്മാരോട് താരതമ്യം ചെയ്ത് കർത്താവ് പറയുന്നു 'ഞാൻ ആദിയും അന്തവുമാണ്, ഞാനല്ലാതെ മറ്റൊരു ദൈവമില്ല. (ഏശ. 44:6). ഇസ്രായേലുമായുള്ള ഉടമ്പടി ബന്ധത്തിന്റെ അടിസ്ഥാനത്തിൽ കർത്താവ് പറയുന്നു: 'യാക്കോബേ, ഞാൻ വിളിച്ച ഇസ്രായേലേ, എന്റെ വാക്കു കേൾക്കുക; ഞാൻ അവനാണ്, ആദിയും അന്തവുമായവൻ' (ഏശ. 48:12).

വെളിപാട് പുസ്തകത്തിൽ, യേശു തന്നെതന്നെ അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്: ' ആയിരിക്കുന്നവനും ആയിരുന്നവനും വരാനിരിക്കുന്നവനും സർവ്വശക്തനുമായ കർത്താവായ ദൈവം അരുളിച്ചെയ്യുന്നു. ഞാൻ ആദിയും അന്തവുമാണ് (വെളി. 1:8).

ഭൂമിയിലെ നാളുകളുടെ അന്ത്യത്തിൽ, അന്തമില്ലാത്ത നിത്യജീവൻ ആരംഭിക്കും, അവിടുന്ന് സർവ്വശക്തനായ ദൈവമായതുകൊണ്ട് അവിടുത്തേക്ക് പുതിയ ആകാശവും പുതിയ ഭൂമിയും (വെളി. 21:1) സൃഷ്ടിക്കാൻ സാധിക്കും, അപ്പോൾ അവിടുന്ന് യഥാർത്ഥത്തിൽ ആൽഫയും ഒമേഗയും ഒന്നാമനും ഒടുവിലത്തവനും, ആദിയും അന്തവും ' (വെളി. 22:13) ആകും.
നാലാം നൂറ്റാണ്ട് മുതൽ പ്രിഷില്ല ഭൂഗർഭാലയത്തിൽ ആൽഫയും ഒമേഗയും കല്ലറകളിൽ ക്രിസ്തുമുദ്രയോടു ചേർന്ന് ആലേഖനം ചെയ്തിരുന്നു.
ഇത് ക്രിസ്തു പിതാവായ ദൈവത്തോടു സമനാണെന്നുള്ള വിശ്വാസപ്രഖ്യാപനവും, പുനരുത്ഥാന പ്രത്യാശയുടെ പ്രകാശനവുമാണ്.
തുടരും..
( പ്രതീകങ്ങളെ കുറിച്ചുള്ള പഠനങ്ങൾക്ക് ബൈബിൾ പ്രതീകങ്ങൾ എന്ന പുസ്തകം ലഭ്യാമാണ് )

# ഓർക്കാം



## തൂയോബോ അഥവാ ഒരുക്കശുശ്രൂഷയിൽ പ്രധാനമായും രണ്ട് കർമ്മങ്ങളാണ് നടക്കുന്നത്.

1. അപ്പവും വീഞ്ഞും ബലിപീഠത്തിൽ ഒരുക്കിവയ്ക്കുന്നു (മൽക്കിസദേക്കിന്റെ ക്രമം)
2. കാഴ്ച വസ്തുക്കളുടെ മേലുള്ള ധൂപാർപ്പണം (അഹറോന്റെ ക്രമം)

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിനു മുമ്പുള്ള ജീവിതത്തെ മറയ്ക്കുള്ളിൽ രഹസ്യമായി അനുസ്മരിക്കുന്നതിനാലാണ് ഈ ശുശ്രൂഷയെ രഹസ്യശുശ്രൂഷ എന്ന് വിളിക്കുന്നത്. വൈദികൻ രഹസ്യശുശ്രൂഷ നടത്തുമ്പോൾ വിശ്വാസ സമൂഹം ഹൈക്കലായിൽ പ്രാർത്ഥനാപൂർവ്വം ഗീതങ്ങൾ ആലപിക്കുന്നു.

www.malankaralibrary.com



# വിശുദ്ധ കൂദാശകൾ

തുടർ പഠനം
3



## വിശുദ്ധ മാമോദീസായെ കുറിച്ചുള്ള പഠനങ്ങളിൽ ശിശുസ്നാനത്തെ കുറിച്ചുള്ള പ്രൊട്ടസ്റ്റന്റ് വിഭാഗക്കാരുടെ സംശയങ്ങൾക്കുള്ള മറുപടി കൂടി ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നു.

1980 ജൂൺമാസത്തിൽ ബ്രദറൺ സഭക്കാരുടെ വക 'സത്യപ്രകാശിനി' എന്ന മാസികയിൽ ശിശുക്കളെ സ്നാനപ്പടുത്തുന്നതു തെററാണെന്നു പറഞ്ഞ് ഒരു ലേഖനം പ്രസിദ്ധം ചെയ്തിരുന്നു. അതിനു വന്ദ്യ ചേപ്പാട് വഞ്ചിയിൽ ഫീലിപ്പോസ് റാമ്പാച്ചന്റെ ഒരു മറുപടിയെഴുത്തിലെ ചുരുക്കം താഴെ ചേർക്കുന്നു.

### ശിശുസ്നാനം

'വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തുവിൻ! എന്നു വേദ പുസ്തകത്തിൽ കല്പനയുണ്ടെന്നു ബ്രദറൻ സഭക്കാർ പറയുന്നതു ശരിയല്ല അങ്ങനെ ഒരു കല്പന യില്ല. 'സർവജാതികളെയും സ്നാനപ്പെടുത്തുവാനാണ് കല്പി ച്ചിരിക്കുന്നത്. (മത്താ. 29.19) വിശ്വാസം എറ്റുപ റയേണ്ടത് അവിശ്വസിക്കുവാൻതക്ക പ്രായമായവരാ ണ്. അവിശ്വാസം ദൈവകൃപയുടെ പ്രവർത്തനത്ത തടയും. അവിശ്വാസിയിൽ ദൈവം പ്രവർത്തിക്കുകയി ല്ല. പ്രവർത്തിച്ചാൽ അതു ദൈവം മനുഷ്യനു കൊ ടുത്തിരിക്കുന്ന സ്വാതന്ത്ര്യത്തിനു ഹാനികരമായിരിക്കും.

ശിശുക്കൾ എറ്റുപറയണമെന്ന് ദൈവം ശഠിക്കയില്ല. ജ്ഞാനസ്നാനം ഒരു വീണ്ടും ജനന മാണെന്നു പൗലോസു പറയുന്നു. (തീത്തോ. 3.6) ക്രിസ്തു മൂലമുള്ള രക്ഷവേണമെങ്കിൽ ഒരുവൻ വെള്ളത്തിൽ നിന്നും ആത്മാവിൽനിന്നും വിണ്ടും ജനിച്ചിരിക്കണമെന്നു കത്താവ് പറയുന്നു. (യോഹ. 8, 5) ജനനം മൂലം ഒരു ശിശുവിനു അവൻറെ അപ്പന്റെ സ്വത്തിന്റെ അവകാശം ലഭിക്കുന്നു. ആ അവകാശം ലഭിക്കുന്നതിനു തിരിച്ചറിവുവേണമെന്നില്ല. വീണ്ടുജനനത്തിനുള്ള വേറൊരു പേരാണ് ദത്തെടുക്കൽ. ജ്ഞാനസ്നാനം മൂലം ഒരുവനെ ദൈവം തന്റെ പുത്രനായി ദത്തെടുക്കുന്നു. (എഫേ 1.5) വലിയ ഒരു പാപിയായ ആദാമിന്റെ മകനെ കൃപാവരത്തിന്റെ വലിയ സ്വത്തുകാരനായ ദൈവം ജ്ഞാനസ്നാന കർമ്മം മൂലം ദത്തെടുക്കുന്നു. അപ്പോൾ അവൻ ദൈവത്തിന്റെ പുത്രനും ക്രിസ്തു വിന്റെ കൂട്ടവകാശിയും ആയിത്തീരും. (റോമ. 8. 17) ദത്തെടുക്കുന്നതിനു പ്രായം നോക്കണമെന്നില്ല. ശിശുക്കളെയും ദത്തെടുക്കാം.

ശ്രീമൂലം തിരുനാൾ മഹാരാജവു മാവേലിക്കര കൊട്ടാരത്തിൽ നിന്നു രണ്ടു പെൺകുഞ്ഞുങ്ങളെ തന്റെ അച്ഛന്റെ പെൺമക്കളായി ദത്തെടുത്തു. അവർ

www.malankaralibrary.com





തിരുവിതാംകൂർ രാജ്യത്തിന്റെ അവകാശികളായിത്തിരുകയും ചെയ്തു. ദൈവത്തിന്റെ വസതിയാണുണ്ട് സ്വർഗ്ഗം. ദത്തെടുക്കുന്നതിനുള്ള കർമ്മമായി ക്രിസ്തു ഏർപ്പെടുത്തിയതാണ് ക്രിസ്തിയ ജ്ഞാനസ്നാനം. അതേൽക്കുന്നയാൾ ശിശുവായാലും സ്വർഗ്ഗത്തിൻറെ അവകാശിയായിതീരും. നിസ്സാര കാരണങ്ങളാൽ ശിശുക്കൾക്കു മരണമുണ്ടാകാം. രക്ഷിക്കപ്പെടേണ്ടഒരാത്മാവു ശിശുവിനുണ്ട്.
അതിനാൽ അതിനെ കഴിവതും വേഗത്തിൽ രക്ഷയുടെ അവകാശിയാക്കി തിർക്കേണ്ടത് രക്ഷകർത്താക്കളുടെ ചുമതലയാണ്.

ശിശുസ്നാനം നടന്നിട്ടുള്ളതായി വേദപുസ്തകത്തിൽ ദൃഷ്ടാന്തമുണ്ട്. ലുദിയായുടെ വിശ്വാസം സ്വീകരിച്ചുകൊണ്ട് പൗലോസു് ലുദിയായെയും അവളുടെ ശിശുവിനേയും സ്നാനപ്പെടുത്തി. 'പൗലോസ് പറയുന്നതിനെ ഗ്രഹിപ്പാൻ കത്താവു ലുദിയായുടെ ഹൃദയത്തെ തുറന്നു.
അവളും കുടുംബവും സ്നാനമേറ്റു' (അപ്പോ പ്ര. 16. 14–15) ഇവിടെ കുടുംബം എന്നുപറയുന്നതുണ്ട് പ്രായമായവരെ ഉദ്ദേശിച്ചല്ല. അവിശ്വസിക്കുവാൻ തക്ക പ്രായമായ കുടുംബാംഗങ്ങളെ സ്നാനപ്പെടുത്തുന്നതിനു കത്താവു ലുദിയായുടെ ഹൃദയത്തെ മാത്രം തുറന്നാൽപോരാ. ആ വ്യക്തികളുടെ ഹൃദയങ്ങളെത്തന്നെ തുറക്കണം. അങ്ങനെ ചെയ്തതായി ഇവിടെ കാണുന്നില്ല. രക്ഷകർത്താവിൻറെ വിശ്വാസത്തെ മാത്രം ആധാരമാക്കി സ്നാനപ്പെടുത്താവുന്ന കുടുംബം അവിശ്വസിക്കുവാൻ തക്കപ്രായമാകാത്ത ശിശുക്കൾ മാത്രമാണ്. ആകയാൽ ലുദിയായുടെ കുടുംബത്തെ സ്നാനപ്പെടുത്തി എന്നുപറയുന്നത് അവളുടെ കയ്യിലിരുന്ന ശിശുവിനെ ഉദ്ദേശിച്ചാണെന്നു ഗ്രഹിക്കാം. ആകയാൽ ശിശുസ്നാനത്തെ വിലക്കുന്നതു തെറ്റാണ്". 'കത്താവായ യേശു ക്രിസ്തുവിൽ വിശ്വസിക്കുക എന്നാൽ നീയും. നിൻറെ കുടുംബവും രക്ഷിക്കപ്പെടും,' എന്നു പറഞ്ഞിരിക്കുന്നു. ഇവിടെയും കുടുംബം എന്നു പറഞ്ഞിരിക്കുന്നതുണ്ട് അവിശ്വസിക്കുവാൻ തക്ക പ്രായമാകാത്ത ശിശുക്കളെ മാത്രം ഉദ്ദേശിച്ചാണ്. 'കുഞ്ഞുങ്ങളെ എൻറെ അടുക്കൽ വരുവാൻ വിടുവിൻ, എന്തെന്നാൽ സ്വഗ്ഗരാജ്യം ഇപ്രകാരമുള്ളവരുടേതാകുന്നു.!' എന്നു കർത്താവ് പറഞ്ഞിരിക്കുന്നിടത്തും ശിശുക്കളെയാണ് ഉദ്ദേശിച്ചിരിക്കുന്നത്. വേദപുസ്തകപഠനം വർദ്ധിച്ചുവരുന്ന ഇക്കാലത്തു് തെറ്റായ ഉപദേശങ്ങൾ ഈ നവീന സഭക്കാരെല്ലാം ഉപേക്ഷിക്കേതാണ്.

കടപ്പാട് – ചേപ്പാട്ടു വഞ്ചിയിൽ പീലിപ്പോസ് റമ്പാച്ചന്റെ പൂർവ്വകാല സ്മരണകൾ (പേജ് – 212)

www.malankaralibrary.com



# കുഞ്ഞുങ്ങളെ ഓർത്തു കരയാം



**റെവ. ഫാ. ശാന്തൻ ചരുവിൽ**
Sacred heart Malankara syrian catholic church, Adoor

കുരിശിന്റെ വഴിയിലെ ഏറ്റം ഹൃദയഭേദകവും, പ്രവചന തുല്യവുമായ മുഹൂർത്തമാണ് എട്ടാം സ്ഥലം. യേശു നാഥന്റെ വിവരണാതീതമായ പീഡകൾ കണ്ട് ഉള്ളുരുകി കരയുന്ന സ്ത്രീജനങ്ങളോട് അവിടുന്ന് അരുളിച്ചെയ്യുന്ന വചനങ്ങളാണ് ഇവിടുത്തെ പ്രതിപാദ്യം

എന്നെപ്രതി നിങ്ങൾ കരയണ്ട. നിങ്ങളെയും നിങ്ങളുടെ മക്കളെയും ഓർത്തുകരയുവിൻ (വി.ലൂക്ക 23:21– 31), ആധുനിക ലോകത്തിന് ഏറ്റം പ്രസക്തമായ ഉപദേശം. അവർ പെരുകുകയാണ്.

കൈവിട്ടുപോകുന്ന കുഞ്ഞുങ്ങൾ. ജീവിതയാത്രയുടെ ആരംഭത്തിൽ അവർ നമ്മുടെ കൈകളിൽ ഉണ്ടായിരുന്നു. പിന്നെ അവർ മറ്റേതോ സംഘങ്ങളുടെ കൂടെകൂടി ദൈവവും ദൈവവിശ്വാസവും അവർക്ക് ഫലിതങ്ങളും പരിഹാസവുമായിത്തിരുന്നു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ലഹരിയിൽ ജീവിതം നശിപ്പിക്കുവാൻ തുടങ്ങുന്നത് അവരുടെ കൗമാരത്തിൽ തന്നെയാണ്. ഇന്ന് അവർ ലഹരിമാഫിയയുടെ കൂട്ടത്തിലാണ്. മൊബൈൽ ഫോണിന്റെയും സാമൂഹ്യമാധ്യമങ്ങളുടെയും ഓൺലൈൻ ഗെയിംസിന്റെയും അടിമകളാകുന്ന മക്കളെ നമ്മുക്കു തിരിച്ചുകിട്ടാത്ത രീതിയിൽ കൂട്ടം വിട്ടുകഴിഞ്ഞു. പുലരുവോളം ഗെയിം കളികളിൽ ഏർപ്പെട്ട് നാം ഉണരുന്ന പകലുമുഴുവൻ അവർ ഉറങ്ങുന്നതുകാണുമ്പോൾ നാം നിസ്സഹായരായി നോക്കി നിൽക്കേണ്ടിവരുന്നു. തിരുത്താൻ ശ്രമിച്ചാൽ അവർ അക്രമാസക്തരാകുകയും ആത്മഹത്യഭീഷണി മുഴക്കുകയും ചെയ്യുമ്പോൾ പാവം മാതാപിതാക്കൾ എന്തുചെയ്യും. പ്രണയത്തിന്റെ മാസ്മരിക ലോകത്ത് / ഇഷ്ടപ്പെട്ട ആൺ സുഹൃത്തിനെയോ പെൺ സുഹൃത്തിനെയോ സ്വന്തമാക്കാൻ തങ്ങളുടെ മതവും, വിശ്വാസവും, ക്രിസ്തീയ ആചാരങ്ങളും മാതാപിതാക്കളെതന്നെയും ഉപേക്ഷിക്കുവാൻ അവർ തയ്യാറാവുമ്പോൾ ആ ദിവസങ്ങളിൽ ഗർഭിണികൾക്കും മുലയൂട്ടുന്നവർക്കും ദുരിതം എന്ന വേദവാക്യത്തിന്റെ പൊരുൾ എന്തെന്ന് നാം ചോദിച്ചു പോകുന്നു.

പലപ്പോഴും ഇങ്ങനെ നഷ്ടപ്പെട്ട മക്കളെ നമുക്ക് തിരികെ കിട്ടുന്നില്ല. കിട്ടിയാൽ തന്നെ അവരുടെ ഭാഷ നമുക്കു മനസിലാകുന്നില്ല. നമ്മുടെ സങ്കടങ്ങൾ അവർക്ക്

www.malankaralibrary.com



**എന്നെപ്രതി നിങ്ങൾ കരയണ്ട. നിങ്ങളെയും നിങ്ങ ളുടെ മക്കളെയും ഓർത്തുകരയുവിൻ**

**(വി.ലൂക്ക 23:21- 31)**

ഫലിതങ്ങളാകുന്നു. നമ്മുടെ വിഹ്വലതകളെ അവർ പരിഹസിക്കുന്നു. നമ്മൾ ഉറങ്ങാനാകാതെ ചുട്ടുപൊള്ളുമ്പോൾ അവർ സ്വസ്ഥമായി ഉറങ്ങുന്നു. ഇന്ന് ഏറ്റം അധികം നിഷ്ഠൂരതയ്ക്ക് ഇരയായിതിരുന്നത് കുഞ്ഞുങ്ങളാണ്. സംരക്ഷകർ തന്നെ അവരുടെ നിഷ്കളങ്കബാല്യങ്ങളെ പിച്ചിചീന്തുമ്പോൾ മതത്തിന്റെയും ദൈവത്തിന്റെയും പേരിൽ അവർ കുരുതി കൊടുക്കപ്പെടുമ്പോൾ... തുർക്കിയുടെ കടൽത്തിരത്ത് ഉറങ്ങികിടക്കുന്നതുപോലെയുള്ള എയ്‌ലൻ കുർദ്ദു എന്ന സിറിയൻ അഭയാർത്ഥി പൈതലിന്റെ മൃതദേഹത്തിന്റെ കാഴ്ച മനസ്സു മരവിച്ചിട്ടില്ലാത്ത ആരെയാണ് നൊമ്പരപ്പെടുത്താതിരുന്നത്? മതത്തിന്റെ പേരിലുള്ള പോരാട്ടത്തിന്റെ ഇര! അഫ്ഗാനിസ്ഥാനിലെ താലിബാൻ പിടിയിൽ തടവിലാക്കപ്പെട്ട അമേരിക്കൻ സന്നദ്ധപ്രവർത്തകൻ ഡോ. ജോൺ ജോസഫിന്റെ അനുഭവ വിവരണത്തിൽ തന്റെ തടവറയ്ക്കു തോക്കുമായി കാവൽ നിർത്തപ്പെട്ട 13കാരൻ ബാലകനെക്കുറിച്ച് വിവരിക്കുന്നു. ചുരുങ്ങിയ സമയം കൊണ്ട് തന്റെ ഹൃദയത്തിൽ ഇടംപിടിച്ച നിഷ്കളങ്ക ബാലൻ, തന്നെ രക്ഷപ്പെടുത്തുവാനുള്ള അമേരിക്കൻ സൈന്യത്തിന്റെ ശ്രമത്തിൽ വെടിയേറ്റുവീഴുന്നത് ആ ഡോക്ടറുടെ സ്വകാര്യദുഃഖമായി അവശേഷിക്കുന്നു. നമ്മുടെ നാട്ടിലും വഴിതെറ്റുന്ന മുതിർന്നവരുടെയൊക്കെ കൗതുകം ഇപ്പോൾ കുഞ്ഞുങ്ങളിലാണ് എന്ന അറിവ് വല്ലാതെ നടുക്കുന്നു.

കുഞ്ഞുങ്ങൾക്കുവേണ്ടി ക്രിസ്തു പറഞ്ഞതുപോലെ ആരും മിണ്ടിയിട്ടില്ല. അവന്റെ പിറവിയോളം പഴക്കമുള്ള ഭാരപ്പെട്ട ഒരോർമ്മയിൽ നിന്നായിരിക്കാം ഈ കരുതൽ. അവനെ തേടുന്നതിനിടയിലായിരുന്നല്ലോ ആ രാജ്യത്തെ രണ്ടു വയസ്സിൽ താഴെയുള്ള എല്ലാ ബാലന്മാരെയും വധിക്കപ്പെട്ടത് (മത്തായി 2:16-18) മുതിർന്നപ്പോൾ ഒത്തിരി കുഞ്ഞുങ്ങളുടെ അപമൃത്യുവിന് താൻ നിമിത്തമായെന്ന ചിന്ത അവനെ എത്ര ഭാരപ്പെടുത്തിയിരിക്കണം? അതായിരിക്കാം കുരിശിന്റെ വഴിയിലെ സ്വന്തം വേദനകളെ മറന്ന് കുഞ്ഞുങ്ങളെ ഓർത്തുകരയുവാൻ അമ്മമാരെ ആഹ്വാനം ചെയ്യാൻ അവനെ പ്രേരിപ്പിച്ചത്.

മുതിർന്നവരുടെയും കുഞ്ഞുങ്ങളുടെയും താത്പര്യങ്ങൾ പരസ്പരം പോരടിച്ചപ്പോഴൊക്കെ അവൻ കുഞ്ഞുങ്ങളുടെ കൂടെക്കൂടി യാതൊരു കാരണവശാലും ദാമ്പത്യത്തിൽ സ്ത്രീയും പുരുഷനും വേർപിരിയരുത് എന്ന് ക്രിസ്തു ശഠിച്ചു. മോശയെക്കാൾ കഠിന നിഷ്ഠക്കാരൻ എന്ന പരിഹാസവും ചാർത്തപ്പെട്ടു (മത്തായി 19:3-12) (ക്രിസ്തു വിനറിയാം മനസ്സുകൊണ്ടും ശരീരം കൊണ്ടും അകന്ന രണ്ടുപേർ ഒരു കൂരയുടെ കീഴിൽ വസിക്കുന്നതിന്റെ നരകം. എങ്കിലും കുഞ്ഞുങ്ങൾക്കുവേണ്ടി വിവാഹമോചനത്തെ അവർ എതിർത്തു. വിവാഹമോചന ശേഷം സ്ത്രീക്കും പുരുഷനും പുതിയ ജീവിതപങ്കാളികളെ കിട്ടും. അനാഥരാകുന്നത് കുഞ്ഞുങ്ങളാണ്.

www.malankaralibrary.com

തന്റെ വിശ്രമത്തെക്കരുതി കുഞ്ഞുങ്ങളെ തടഞ്ഞ ശിഷ്യരോട് ശിശുക്കൾ എന്റെ അടുത്ത് വരുവാൻ തടയരുത് (മത്തായി 19:13) എന്ന ശാസനയായിരുന്നു മറുപടി. ഒരു കുഞ്ഞിനോടുപോലും വളരുമ്പോൾ മുതിർന്ന ഒരാളേപോലെയാകണം എന്ന് അവൻ പറഞ്ഞിട്ടില്ല. മറിച്ച് മുതിർന്നവരോട് സ്വാർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ കുഞ്ഞുങ്ങളെപ്പോലെയാകുവാൻ ആഹ്വാനം ചെയ്യുന്നു (മത്തായി 18:1-5) കുഞ്ഞുങ്ങളെ നിന്ദിക്കരുത് എന്നും അവൻ ശഠിക്കുന്നു (മത്തായി 18:10). വാക്കുകൊണ്ടും പ്രവർത്തികൊണ്ടും കുഞ്ഞുങ്ങൾക്കു നേരെയുള്ള നിന്ദനകളും അതിക്രമങ്ങളും ഏറുന്ന ലോകത്തിൽ ക്രിസ്തുവിന്റെ വചനങ്ങൾ എത്രയോ വലിയ തിരികല്ലുകെട്ടി കടലിന്റെ ആഴത്തിൽ താഴ്ത്തപ്പെടുക (മത്തായി 18:6).

കുഞ്ഞുങ്ങളെ തിരുത്തുവാൻ ശിക്ഷയും ശിക്ഷണവും തമ്മിലുള്ള വ്യത്യാസം ഈ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്നവർ മറക്കരുത്. ശിക്ഷണത്തിൽ നിറയെ കരുതലും സ്നേഹവുമാണ്. നിഷ്ഠകളും കാർക്കശ്യവും വച്ചുനീട്ടുമ്പോൾ പോലും അതിൽ സ്നേഹത്തിന്റെയും ഉപരിനന്മയുടെയും വിരൽമുദ്രയുാകണം. തന്നെ തള്ളിപറഞ്ഞ പത്രോസിനെ തിരുത്തുന്ന ക്രിസ്തുവിന്റെ ചിത്രം (ലൂക്ക, 22:61) ശിശു മനഃശാസ്ത്രജ്ഞർക്കുപോലും പാഠമാണ്. തള്ളി പറഞ്ഞ ശിഷ്യന്റെ നേരെ കരുണാർദ്രമായ ഒരു നോട്ടം



പ്രസക്തം. ഏറുന്ന നിന്ദനങ്ങൾക്കു നടുവിൽ പിടിച്ചു നിൽക്കാൻ ത്രാണിയില്ലാത്തതാകാം നമ്മുടെ കുഞ്ഞുങ്ങളെ വീടുവിട്ടു പോകുവാനും, ഇളം പ്രായത്തിൽ സ്വയം ജീവനവസാനിപ്പിക്കുവാനും പ്രേരിപ്പിക്കുന്നത്.വീട്ടിൽ അപ്പനും അമ്മയും രണ്ടു ചേരിയായി നിന്ന് വീറോടെ പൊരുതുമ്പോൾ നിന്ദിക്കപ്പെടുന്നത് കുഞ്ഞുങ്ങളാണ്.! ക്ലാസ്സുമുറികളിൽ അദ്ധ്യാപകന്റെ അഹത്തിനൊത്ത് അവർ ഉയരാത്തപ്പോഴും അവർക്ക് നിന്ദനം! ജരാനരകൾ ബാധിച്ച് വാർദ്ധക്യത്തിലെത്തിയവന്റെ പോലും കാമാർത്തിയ്ക്ക് ഇരയാകുന്ന കുഞ്ഞുങ്ങളുടെ ദാരുണകഥകൾ മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നു! നിന്ദിയ്ക്കപ്പെടുന്ന ബാല്യങ്ങൾക്ക് കാവൽ സ്വർഗ്ഗദൂതരെന്ന ക്രിസ്തുവിന്റെ വെളിപ്പെടുത്തൽ (മത്തായി 18:11) ആശ്വാസകരം തന്നെ കുഞ്ഞുങ്ങൾക്ക് ദുഷ്പ്രേരണ നൽകുന്നവന്റെ ശിക്ഷയും വിധിച്ചുകഴിഞ്ഞു. കഴുത്തിൽ ഒരു

മാത്രം മതിയാരുന്നു അവനെ മനംനൊന്തുകരയാൻ നിർബന്ധിതനാക്കാൻ. ശിക്ഷണത്തിന്റെ എക്കാലത്തേയും മികവാർന്ന മാതൃക! ഒരു താക്കീതോ ശിക്ഷയോ ഇല്ലാതെ കുഞ്ഞുങ്ങളെ ശിക്ഷണത്തിലൂടെ നേർവഴിക്കു നയിച്ച ഗുരുക്കന്മാരുടെ ഉദാത്ത മാതൃക നമ്മുടെ മുമ്പിലുണ്ട്. രാത്രികാലങ്ങളിൽ ആശ്രമത്തിന് വെളിയിൽ ചാടുവാൻ മതിലിനോട് ചേർത്ത് സ്റ്റൂൾ വെച്ച് നേരം പുലരും മുൻപ് കയറിയതുപോലെ ഇറങ്ങി വരുന്ന ഒരു ശിഷ്യനെ ഗുരു നേരിട്ടത് സ്റ്റൂൾ എടുത്തുമാറ്റി പകരം തന്റെ കുനു വച്ചുകൊടുത്താണ്. ആ വയോധികന്റെ മുതുകിൽ ചവിട്ടി ഇറങ്ങി വന്ന ശിഷ്യന്, രാത്രി മഞ്ഞുകൊണ്ട് പനി പിടിക്കരുത് എന്ന ഉപദേശവും. അവനിനി നേരെയാകാതെ തരമില്ലല്ലോ? എന്നാൽ ശിക്ഷയിൽ വേഗത്തിൽ പരിക്കേൽക്കുന്ന നമ്മുടെ ഈഗോയുണ്ട്. അതിനു പിന്നിൽ വേദനിപ്പിക്കുന്ന ഒരു സാഡിസ്റ്റ് ഒളിഞ്ഞിരിപ്പുണ്ട്.

www.malankaralibrary.com

ശിക്ഷകൊണ്ട് ഒരു കുഞ്ഞും നേർവഴിക്കു വന്നിട്ടില്ല.

നാം കരയരുത് എന്ന് യേശു പറഞ്ഞിട്ടില്ല. കരയണം. അതു നമ്മുടെ കുഞ്ഞുങ്ങളെ ഓർത്ത്. അവർ ക്രിസ്തുവിന്റെ മൂല്യങ്ങളിൽ നിന്ന് അകലുമ്പോൾ... അവർ പള്ളിയിൽ വരാതെയും കുദാശകൾ സ്വീകരിക്കാതെയും ദൈവനിഷേധികളാകുമ്പോൾ... കുദാശകൾ സ്വീകരിക്കാതെ അവർക്ക് ആത്മിയ മരണം സംഭവിക്കുമ്പോൾ... അവർ വേദപാഠ ക്ലാസുകൾ മുടക്കുമ്പോൾ... മൊബൈലിനും സാമൂഹ്യമാധ്യമങ്ങൾക്കും അടിമകളാകുമ്പോൾ... മദ്യത്തിനും മയക്കുമരുന്നിനും വശംവദരാകുമ്പോൾ... ദുഷിച്ച ബന്ധങ്ങളുടെ തടവറയിലാകുമ്പോൾ... അവരിലെ മനുഷ്യത്വം മരവിക്കുമ്പോൾ... സാമൂഹിക പ്രതിബദ്ധത നഷ്ടപ്പെടുമ്പോൾ... മുതിർന്നവരെ ആദരിക്കാത്തവരാകുമ്പോൾ... ഒക്കെ നാം കരയണം. അത് പഴയ നിയമത്തിലെ സാമുവൽ പ്രവാചകന്റെ അമ്മ ഹന്നായെപ്പോലെ; യേശുവിന്റെ മുമ്പിൽ എന്നുമാത്രം.

ഇല്ല സമയം കഴിഞ്ഞിട്ടില്ല. അവരെ നമുക്ക് തിരികെ നേടണം. നല്ല കുടുംബജീവിതം കെട്ടിപ്പെടുക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട 5 കാര്യങ്ങൾ :

1. നമ്മുടെ കുടുംബങ്ങളിൽ ക്രിസ്തീയ അന്തരീക്ഷം നിലനിർത്തുകയും വൈകുന്നേരം എങ്കിലും ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുകയും ചെയ്യുക. ഞായറാഴ്ചകളിലെങ്കിലും മാതാപിതാക്കളും കുടുംബത്തിലെ യുവതി യുവാക്കളും കുഞ്ഞുങ്ങളും ഒരുമിച്ച് ആദ്യവസാനം വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നു എന്ന് നിർബന്ധം വരുത്തുക.

2. കുടുംബാംഗങ്ങൾ ഒരുമിച്ച് ഒരു നേരമെങ്കിലും ഭക്ഷണം കഴിക്കുകയും അൽപസമയം ഒരുമിച്ച് സംസാരിക്കുവാൻ സമയം കണ്ടെത്തുകയും ചെയ്യുക. ആ സമയത്ത് ആരും TV/ മൊബൈൽ ഫോൺ തുടങ്ങിയവ ഉപയോഗിക്കാതിരിക്കുക.

3. മാതാപിതാക്കൾ മക്കൾക്ക് മാതൃകയായിരിക്കുക. അവർ ചെയ്യരുതെന്ന് നിങ്ങൾ ആഗ്രഹിക്കുന്ന ഒന്നും നിങ്ങൾ ചെയ്യാതിരിക്കുക. അവർ ചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നത് ചെയ്തുകാണിച്ച് മാതൃകയാകുക.

4. മക്കളെ കേൾക്കുക – അവർക്ക് പറയാനുള്ളത് പറയുവാനും കേൾക്കുവാനുള്ള സാവകാശവും അവസരവും ഭവനങ്ങളിൽ ഉണ്ടാക്കുക. ശരീരികമായ ശിക്ഷണം, ശാപവാക്കുകൾ, അസഭ്യപദപ്രയോഗം, മുൻകോപം എന്നിവ മാതാപിതാക്കൾ പൂർണ്ണമായും ഒഴിവാക്കുക. കുടുംബത്തിലുള്ളവരോ പുറത്തുള്ളവരോ ആയ കുട്ടികളുമായി നിങ്ങളുടെ മകളെ താരതമ്യം ചെയ്തിരിക്കുക.

5. ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും നിങ്ങളുടെ ഭവനങ്ങളിൽ അമിത സ്വാതന്ത്ര്യം നൽകാതിരിക്കുകയും നിങ്ങളുടെ മക്കളുടെ ശിക്ഷണത്തിൽ അവരെ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യുക.

നിങ്ങളുടെ കുടുംബം ഒരുമിച്ച്, നിങ്ങളുടെ കുടുംബം ഒരുമിച്ചുമാത്രം വല്ലപ്പോഴുമെങ്കിലും പുറത്ത് ഒരു ഭക്ഷണത്തിനോ, വിനോദ തീർത്ഥ യാത്രയ്ക്കോ പോവുക.

## പ്രാർത്ഥന

എന്നും കുഞ്ഞുങ്ങളെ സ്നേഹിച്ച, അവരെ കരുതിയ, അവരെ മാറോടെ ചേർത്ത്, അവരെപ്പോലെയാകുവാൻ പഠിപ്പിച്ച നല്ല യേശുവേ, ഇന്ന് ഞങ്ങൾക്ക് നഷ്ടപ്പെടുന്നത് ഞങ്ങളുടെ കുഞ്ഞുങ്ങളെയാണ്. പിറക്കാൻ കൊതിച്ച് അമ്മയുടെ ഗർഭപാത്രത്തലായിരിക്കുമ്പോൾ മുതൽ അവർ കൊല്ലപ്പെടുന്നു. പിറന്നുവീണു കഴിയുമ്പോൾ അവരുടെ നിഷ്കളങ്ക ബാല്യങ്ങൾ ചവിട്ടിയരയ്ക്കപ്പെടുന്നു. മതത്തിന്റെയും ദൈവത്തിന്റെയും പേരിൽ അവർ ബലി കഴിക്കപ്പെടുന്നു. യേശുവേ തെരുവിൽ വലിച്ചെറിയപ്പെടുന്ന കുഞ്ഞുങ്ങളെ, പീഡിപ്പിക്കപ്പെടുന്ന ബാല്യങ്ങളെ, അപ്പ, അമ്മ എന്നു വിളിക്കുവാൻ കൊതിക്കുന്ന അനാഥശിശുക്കളെ, വിശപ്പടക്കാൻ മാലിന്യകൂനകൾ പരതുന്ന ദരിദ്ര കുഞ്ഞുങ്ങളെയൊക്കെ ഓർത്ത് പ്രാർത്ഥിക്കുന്നു. നി അവർക്ക് പിതാവും മാതാവും ഗുരുവും രക്ഷകനും ആയിരിക്കണമെ. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും, ദുഷിച്ച സൗഹൃദത്തിന്റെയും വഴിതെറ്റിക്കുന്ന സാമൂഹിക മാധ്യമങ്ങളുടെയും, ദൈവനിഷേധ പ്രത്യയശാസ്ത്രങ്ങളുടെയും രൂപത്തിൽ ആധുനിക ഹേറോദേസുമാർ ഞങ്ങളുടെ കുഞ്ഞുങ്ങളെ പിടികൂടുവാൻ അവരുടെ പിമ്പേ പായുമ്പോൾ പരിശുദ്ധ അമ്മേ, യേശുവിനെ മാറോടു ചേർത്ത് വച്ച് അമ്മ അവനെ രക്ഷിച്ചതുപോലെ ഞങ്ങളുടെ കുഞ്ഞുങ്ങളെയും പരിശുദ്ധ അമ്മേ അങ്ങയുടെ മാറോടു ചേർക്കണമേ...

ആമ്മേൻ

www.malankaralibrary.com



ജോസഫ് ജോർജ്ജ്
മൂവാറ്റുപുഴ

# ഇതാ നിന്റെ അമ്മ



യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും (ഏശയ്യാ 7:14). മലങ്കര സുറിയാനി സഭകളുടെ വിശുദ്ധ കുർബ്ബാനയിലെ നാലാം തുബ്ദേനിൽ നാം ഓർക്കുന്ന ശുദ്ധിമതിയും, ഭാഗ്യവതിയും, അനുഗ്രഹീതയും, നിത്യകന്യകയും ദൈവമാതാവുമായ പരിശുദ്ധ ദൈവമാതാവിനെ കുറിച്ചുള്ള പ്രവചനമാണിത്. ഇപ്പോൾ മുതൽ സകല വംശങ്ങളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കുമെന്ന് പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ പരിശുദ്ധ അമ്മ തന്നെ ആ പാട്ടിൽ കൂടി ദൈവത്തെ പാടി സ്തുതിച്ചിട്ടുണ്ട്. എന്തിനാണ് ഈ വിശേഷണങ്ങൾക്കൊക്കെ പരിശുദ്ധ അമ്മ അർഹയായി എന്ന് ചോദിച്ചാൽ ദൈവേഷ്ടത്തിന് പരിശുദ്ധ അമ്മ തന്നെതന്നെ സമർപ്പിച്ചു എന്നുള്ളതിനാണ്.

കന്യകയാകുന്ന മുന്തിരിതണ്ടിൽ നിന്ന് അടർത്തിയെടുക്കപ്പെടുകയും ശൂന്യ നഗരത്തിൽ വെച്ച് പിഴിഞ്ഞെടുക്കപ്പെട്ട് രക്ഷാകരമായ കാസായായി കലർത്തപ്പെടുകയും ചെയ്യുന്ന കുരിശിന്റെ ചുവട്ടിൽ നാം കാണുന്നത് തന്നെതന്നെ സ്വയം സമർപ്പിച്ച ഒരു അമ്മയെയാണ്. തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നിൽക്കുന്നത് കണ്ടപ്പോൾ, നമ്മുടെ രക്ഷകനായ യേശു മിശിഹായുടെ അന്ത്യ വചസ്സുകളിൽ ഒന്നാണ് ഇതാ നിന്റെ അമ്മ (വി. യോഹന്നാൻ 19:27). ഈ വാക്കുകളിലൂടെ നാം യേശുവിന്റെയും തന്റെ പ്രിയ ശിഷ്യനായ യോഹന്നാന്റെയും അമ്മയായ മറിയത്തോടൊപ്പം കുരിശിന്റെ ചുവട്ടിൽ നമ്മെത്തന്നെ കണ്ടെത്തുന്നു. നമ്മുടെ

www.malankaralibrary.com



വിശ്വാസത്തിന്റെ അഗാധമായ ഒരു നിഗൂഢതയുടെ കേന്ദ്രത്തിലാണ് നാമെന്നും ഇത് വെളിവാക്കുന്നു. ഈ മൂന്നുപേരും തമ്മിലുള്ള കൈമാറ്റം ഒരു പ്രധാന കുരിശിന്റെ സന്ദേശം ഉൾക്കൊള്ളുന്നു, കാരണം അവ സ്നേഹത്തിന്റെ പരമോന്നത വാക്കുകളാണ്. ക്രൂശിലെ മേരിയുടെ സാന്നിധ്യം കഷ്ടത അനുഭവിക്കുന്ന കുട്ടിയോട് അമ്മയ്ക്കുണ്ടാകുന്ന സ്വാഭാവിക സ്നേഹത്തിനും വാത്സല്യത്തിനും അതീതമാണ്. അമ്മയുടെ കുരിശിൻ ചുവട്ടിലെ സാന്നിദ്ധ്യം അവളുടെ പുത്രന്റെ വീണ്ടെടുപ്പിന്റെ ത്യാഗത്തിൽ പൂർണ്ണമായ പങ്കാളിത്തത്തിനുള്ള അവളുടെ പ്രതിബദ്ധതയെ കാണിക്കുന്നു. ക്രിസ്തുവിനോടൊപ്പം, പിതാവിന്റെ നിഗൂഢ പദ്ധതി എന്ന് മറിയം സ്വതന്ത്രമായും പൂർണ്ണമായും അംഗീകരിക്കുന്നു. യേശുവിന്റെ മാതാവ് എല്ലാവരുടെയും ഉത്തമ മാതൃകയായി നിലനിൽക്കുന്നു. ക്രിസ്തുവിന്റെ അമ്മ അങ്ങനെയെങ്കിൽ, നമ്മുടെ മനസ്സിനെയും ഹൃദയത്തെയും ദൈവഹിതവുമായി ബന്ധിപ്പിക്കുന്നതിനുള്ള കണ്ണിയാണ്. പ്രത്യേകിച്ച് കഷ്ടപ്പാടുകളുടെ സമയങ്ങളിൽ പഴയ നിയമത്തിൽ യാക്കോബ് ദർശിച്ച സ്വർഗ്ഗത്തിലേക്ക് കരേറുന്ന ഗോവണിയായി നാം പരിശുദ്ധ അമ്മയെ കാണുന്നു.

ക്രിസ്തുവിന്റെ കഷ്ടപ്പാടുകളിൽ നമുക്ക് പങ്കുണ്ട്, പലപ്പോഴും നമ്മൾ സ്വയം തിരഞ്ഞെടുക്കുന്നതല്ല. തന്റെ മകൻ ഈ വിധത്തിൽ കഷ്ടപ്പെടുകയും മരിക്കുകയും ചെയ്യണമെന്ന് പരിശുദ്ധ അമ്മ ഒരിക്കലും ആഗ്രഹിക്കുമായിരുന്നില്ല; എങ്കിലും, അവൾ ദൈവത്തിന്റെ പദ്ധതിയിൽ വിശ്വസിക്കുന്നു. ഇത് നമ്മുടെ സ്വന്തം ജീവിതത്തിലെ കുരിശുകളെക്കുറിച്ച് ചിന്തിക്കാനുള്ള അവസരം നൽകുന്നു. ഓരോ വ്യക്തിയുടെയും ജീവിതത്തിൽ സംഭവിക്കുന്നതുപോലെ കഷ്ടപ്പാടുകൾ നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരുമ്പോൾ, അതിനോടുള്ള നമ്മുടെ പ്രതികരണം എന്താണ്? യേശു തന്റെ അമ്മയെ ശിഷ്യന്റെ സംരക്ഷണത്തിൽ ഏൽപ്പിച്ചത്, യുഗങ്ങളിലുട നീളം തന്റെ എല്ലാ അനുഗാമികളോടുമുള്ള അവന്റെ സ്നേഹത്തിന്റെ നിയമം വ്യക്തമാക്കുന്നു. സ്വന്തം ജീവിതത്തിൽ മറിയത്തിന്റെ മാതൃസ്നേഹം ലഭിച്ചതിന്റെ അനുഭവം. തന്റെ ശിഷ്യന്മാരും അവരുടെ ആത്മീയ ജീവിതത്തിന്റെ പാതയിലുടനീളം അവനുമായുള്ള ബന്ധത്തിന്റെ ഭാഗമായി ആയിരിക്കണമെന്ന് യേശു ആഗ്രഹിച്ചു.

ക്രിസ്തുവിനോടുള്ള ശിഷ്യത്വത്തിന്റെ ജീവിതത്തിൽ നാം വളരുമ്പോൾ അവന്റെ അമ്മയുമായുള്ള ബന്ധം വളർത്തിയെടുക്കുകയും വേണം. മറിയത്തെ ഒരു അമ്മയായി നമുക്കും ലഭിക്കുന്നത് യേശു ആഗ്രഹിക്കുന്ന ഒന്നാണ്. നമ്മുടെ ക്രിസ്തീയ ജീവിതത്തെ പരിഗണിക്കുമ്പോൾ, പരിശുദ്ധ അമ്മയോടുള്ള ഭക്തി ദൈവത്തോടുള്ള യഥാർത്ഥ അനുസരണത്തിലും, ക്രിസ്തുവുമായുള്ള യഥാർത്ഥ ഐക്യത്തിലും, അയൽക്കാരനോടുള്ള യഥാർത്ഥ ദാനധർമ്മത്തിലും രൂപപ്പെടുത്താനും നമ്മെ പ്രാപ്തരാക്കുന്നു.

യേശുവിന്റെ ക്രൂശാരോഹണത്തിന് ശേഷം വിശുദ്ധ യോഹന്നാൻ പരിശുദ്ധ അമ്മയെ തന്റെ ഭവനത്തിലേക്ക് കൂട്ടി കൊണ്ടു പോയത് പോലെ നാം ഓരോരുത്തരും പരിശുദ്ധ അമ്മയെ നമ്മുടെ വീട്ടിലേക്ക്, നമ്മുടെ ജീവിതയിലേക്ക് സ്വാഗതം ചെയ്യത്തക്ക വിധം പ്രാപ്തരാകേണ്ടതുണ്ട്. അത് വഴി ക്രൂശിക്കപ്പെട്ട ക്രിസ്തു നമുക്കു നൽകിയ സമ്മാനത്തെ കൂടുതൽ കൂടുതൽ വിലമതിക്കാൻ നാം പരിശ്രമിക്കേണ്ടതുണ്ട്. ആഗസ്റ്റ് മാസം പതിനഞ്ചിന് നാം ഓരോരുത്തരും പരിശുദ്ധ അമ്മയുടെ വാങ്ങിപ്പ് തിരുന്നാൾ (ശൂനോയൊ) ഭക്ത്യാദരപൂർവ്വം കൊണ്ടാടി. ഇനിയും സെപ്റ്റംബർ എട്ടിന് നാം നമ്മുടെ അമ്മയുടെ ജനന തിരുന്നാൾ കൊണ്ടാടാൻ പോകുന്ന അവസരത്തിൽ പരിശുദ്ധ അമ്മയുടെ തുണയും സംരക്ഷണവും നമ്മുടെ ജീവിതത്തിന് കോട്ടയും ബലവുമാകട്ടെയെന്ന് ആശംസിക്കുന്നു.



അമ്മമാരുടെ മാധ്യസ്ഥയായ വിശുദ്ധ മോനിക്ക പുണ്യവതിയുടെ പെരുന്നാൾ ആഘോഷത്തിന്റെ ഭാഗമായി അടൂർ, തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ ഒത്തുകൂടിയ അമ്മമാരും ബഹു. സിസ്റ്റേഴ്സും ഇടവക വികാരി വന്ദ്യ ഫാ. ശാന്തൻ ചരുവിളയ്ക്കൊപ്പം

www.malankaralibrary.com



# മലങ്കര സഭാ ചരിത്രം (ഭാഗം ൬)



ബിനു തോമസ്

## ഉദയംപേരൂർ സുനഹദോസ് (സമ്മേളനം)മലങ്കര സഭാ ചരിത്രത്തിൽ

ഉദയംപേരൂർ നിർബന്ധിത സമ്മേളനം എന്ന് മാത്രം വിളിക്കപ്പെടാൻ യോഗ്യതയുള്ള ഉദയംപേരൂർ സുനഹദോസിലേക്ക് നയിച്ച സംഭവങ്ങൾ കഴിഞ്ഞ ലക്കങ്ങളിൽ നാം ചർച്ച ചെയ്തു.

ഉദയംപേരൂർ സുനഹദോസ് ധാരാളമായി ചർച്ച ചെയ്യപ്പെടുകയും അതിന്റെ നടപടികൾ ഉദയംപേരൂർ സുന്നഹദോസ് കാനോനകൾ എന്ന പേരിൽ പ്രസിദ്ധീകൃതമാവുകയും ചെയ്തിട്ടുണ്ട്. പോർച്ചുഗീസ് നാവികനും പിന്നീട് മെത്രാനുമായ അന്തോണിയോ ഗുവായോയുടെ ജേണൽ വഴി സുനഹദോസിന്റെ ചരിത്രവും അനുബന്ധവും പശ്ചാത്തലങ്ങളും ഇന്ന് മനസ്സിലാക്കുവാൻ സാധിക്കും. ഡോം മെനസിസിന്റെ ചരിത്രകാരനായ ഗോവായോയുടെ വിവരണങ്ങൾ പക്ഷപാതപരം ആണെങ്കിലും അവർ പ്രവർത്തിച്ച ഭീമാബദ്ധങ്ങളും അവരുടെ തെറ്റിദ്ധാരണകളും അക്കമിട്ട് നിരത്തുന്നവയാണ് ഈ കുറിപ്പുകൾ .

1952 പൊന്തിഫിക്കൽ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ച ഡോക്ടറൽ പ്രബന്ധത്തിൽ എപ്രകാരം നിയമാനുസൃതം അല്ലാതെയും സഭയുടെ കാനോനകൾക്ക് വിരുദ്ധമായും സംഘടിക്കപ്പെട്ടത ആണ് ഉദയംപേരൂർ സമ്മേളനം എന്ന് പിന്നീട് രാജ്കോട്ട് രൂപതയുടെ മെത്രാൻ ആയിരുന്ന മാർ ജോനാസ് തളിയത്ത് സ്ഥാപിച്ചിട്ടുണ്ട്.

പാദ്യവാഡോയിൻ കീഴിൽ അങ്കമാലി അതിഭദ്രസനത്തിന്റെ സ്വയംഭരണവും ഇൻക്വിസിഷന് കീഴിൽ ഗോവ പ്രാദേശിക സിനഡ് വഴി ചേർത്തതു മൂലമുള്ള പീഡന ഭയവും പോർച്ചുഗീസ് വൈസ്രോയിയുടെയും സൈന്യത്തിന്റെയും, കൊച്ചി രാജാവിന്റെ അനുവാദത്തോടെയും നടത്തപ്പെട്ട അധിനിവേശം മാത്രമായിരുന്നു ഈ സിനഡ്.

സിനഡിന്റെ ഉദ്ദേശ്യം മുൻകൂർ തയ്യാറാക്കിയ അജ നടപ്പിലാക്കുക എന്നുള്ളത് മാത്രമായിരുന്നു.
ലക്ഷ്യങ്ങൾ 2 ആയിരുന്നു

1. യൂറോപ്പിൽ മാർട്ടിൻ ലൂഥറുടെ നേതൃത്വത്തിൽ ഉണ്ടായ നവീകരണത്തിൽ ലക്ഷക്കണക്കിന് ജനങ്ങൾ

കത്തോലിക്ക സഭ വിട്ടു പ്രധാന യൂറോപ്യൻ രാജ്യങ്ങൾ പലതും പ്രൊട്ടസ്റ്റന്റ് ചേരിയിലായി. ഇതിനു ബദലായി പ്രതിനവീകരണം (counter Reformation) വിജയിപ്പിക്കുന്നതിനായി കത്തോലിക്കാ ജനസംഖ്യ ലോകമെങ്ങും വർദ്ധിപ്പിക്കുക.

2. പോർച്ചുഗലിനും സ്പെയിനിനും കൊളോണിയൽ വാഴ്ചയും കച്ചവടവും സുഗമമാക്കുക. പ്രബല നസ്രാണി സമുദായത്തെ ലത്തീൻ സഭയുടെ ഭാഗമാക്കി മാർപാപ്പയുടെ നേരിട്ടുള്ള ഭരണത്തിൽ ആക്കുക വഴി തങ്ങൾക്ക് മലബാറിൽ ശക്തമായ ബന്ധു ബലം ഉണ്ടാക്കാം.

ഇതിനപ്പുറം യാതൊരു സാമൂഹിക നവോത്ഥാനവും പോർട്ടുഗീസ് ആധിപത്യം ലക്ഷ്യം വെച്ചിരുന്നില്ല. ഇത് പറയാൻ കാരണം സിനഡിനെ വെള്ള പൂശിയും പോർട്ടുഗീസ് കാർക്ക് എന്തോ നവീകരണ നവോത്ഥാന ഉദ്ദേശം ഉണ്ടായിരുന്നു എന്ന് ചില പണ്ഡിതർ ഇന്ന് അവകാശപ്പെടുന്നത് കൊണ്ടാണ്. പോർട്ടുഗൽ അധി നിവേശത്തിന്റെയും കത്തോലിക്കാവൽക്കരണത്തിന്റെയും ശേഷം എന്തെങ്കിലും നന്മയുണ്ടായെങ്കിൽ അത് പിൽക്കാലത്ത് ഇവിടെയെത്തിയ ഏതെങ്കിലും ഒക്കെ നല്ല മനുഷ്യരുടെ അഥവാ ക്രിസ്ത്യാനികളുടെ ക്രിസ്തുവിനെ പ്രതിയുള്ള മനുഷ്യസ്നേഹത്തിൽ നിന്ന് ഉളവായതാണ് അല്ലാതെ സിനഡ് ഒരുനന്മയും പ്രതിനിധാനം ചെയ്യുന്നില്ല.

മാർത്തോമ്മ നസ്രാണികളെ അധികാരമുപയോഗിച്ച് ഭയചകിതരാക്കി വിളിച്ചുകൂട്ടി അവരുടെ കുറഞ്ഞത് 12 നൂറ്റാണ്ട് പഴക്കമുള്ള ബാബിലോൺ പാത്രിയാർക്കീസുമായുള്ള ആത്മീയ പിതാവ് എന്ന ബന്ധം മുറിച്ചുമാറ്റി അവരുടെ പൗരാണികതയുടെയും അവർ മാർത്തോമാ മാർഗമെന്ന് ഭക്ത്യാദരപൂർവ്വം വിളിച്ചിരുന്ന ആരാധനക്രമ, ജീവിതശൈലി, ചരിത്രം ഇവ സംബന്ധമായ സകല ഗ്രന്ഥങ്ങളെയും ചുട്ടെരിച്ച് കലീഫ ഉമർ അലക്സാണ്ഡ്രിയ ഗ്രന്ഥശേഖരത്തോട് ചെയ്തതിന് സമാനമായ അക്രമം നടത്തി. പൗരസ്ത്യ സഭകളിലെ വിവാഹിത ഡീക്കന്മാർ വൈദികർ ആകുന്ന പാരമ്പര്യം നിർബന്ധിച്ചു നിരോധിച്ചു. വിവാഹിത വൈദികരുടെ കുടുംബം ചിതറിച്ചു കളഞ്ഞു. ഇങ്ങനെയുള്ള എണ്ണിയാൽ ഒടുങ്ങാത്ത പ്രവർത്തികൾ ആണ് മെനെസീസും സംഘവും ചെയ്തത്.

പൗരസ്ത്യ സുറിയാനി ആരാധനക്രമം നശിപ്പിച്ച ശേഷം റോമൻ മിസാൽ സുറിയാനിയിലേക്ക് തർജ്ജമ ചെയ്ത് സുറിയാനികാർക്ക് നൽകിക്കൊണ്ട് ശക്തമായ എതിർപ്പിനെ നേരിടാൻ ശ്രമിച്ചു. ഫ്രാൻസിസ് റോസ് എന്ന ജസ്വീട്ട് പുരോഹിതനെ ഇതിനായി സുറിയാനി പഠിപ്പിച്ച് തയ്യാറാക്കിയിരുന്നു. തന്റെ സാമന്തനായി അങ്കമാലിയിൽ സുറിയാനിക്കാരുടെ മെത്രാനായി റോസിനെ നിയമിച്ചു.




അങ്ങനെ പതിനാറാം നൂറ്റാണ്ടിൽ ആദ്യമായി സ്പെയിൻകാരനായ ഒരു ജെസ്വീറ്റ് മെത്രാൻ മലബാർ സഭയെ അധീനതയിലാക്കി. അദ്ദേഹം ആകട്ടെ അർകാദിയോക്കനെ ഭയന്ന് കൊടുങ്ങല്ലൂരിലേക്ക് തന്റെ ആസ്ഥാനം മാറ്റി. അങ്ങനെ മാർത്തോമ്മാ നസ്രാണികളുടെ ഭാഷ, ലിറ്റർജി,ഭരണം, അപ്പസ്തോലിക പൈതൃകം എല്ലാം അട്ടിമറിക്കപ്പെട്ടു.

സിനഡ് അനുകൂലികളായ ചില വിദഗ്ധർ ഇവിടുത്തെ സഭ തദ്ദേശീയമായ ജീവിതരീതിയും ആചാരങ്ങളും പിന്തുടർന്നിരുന്ന അപരിഷ്ക്രിതരും 'ശുദ്ധമാന' വെള്ളക്കാരെ പോലെ ജീവിതശുദ്ധി ഇല്ലാത്തവരും ആയിരുന്നു എന്നും അവരെ സംസ്കാര സമ്പന്നരാക്കാനുള്ള സദുദ്യമം ആയിരുന്നു സിനഡെന്നും അഭിപ്രായപ്പെട്ടു വരുന്നു. എന്നാൽ പ്രാദേശിക ലിഖിതങ്ങളിൽ നിന്നും ഗ്രന്ഥവരികളിൽ നിന്നും പോർച്ചുഗീസുകാർ നയിച്ചിരുന്ന അസാൻ മാർഗ്ഗികവും അക്രൈസ്തവവും ആയ ജീവിതശൈലി നമുക്ക് മനസ്സിലാക്കാം. ഗുവായോ എന്ന പോർച്ചുഗീസ് ചരിത്രകാരൻ നസ്രാണികളുടെ നോമ്പും ഉപവാസവും ആത്മീയവും ശാരീരികവുമായ ശുദ്ധിയും ദേവാലയത്തെ സംബന്ധിച്ച് തീക്ഷ്ണതയും വിവരിക്കുന്നു. പോർച്ചുഗീസ് നാവികരും യോദ്ധാക്കളും ആകട്ടെ മദ്യപരും സ്ത്രീലമ്പടരുമായിരുന്നു. മദ്യവും മാംസവും ഒഴിവാക്കി ജീവിക്കാൻ സാധിക്കാത്തവരായിരുന്നുമെന്നു വിവരണങ്ങളുണ്ട്. തദ്ദേശീയ ആചാര അനുഷ്ഠാനങ്ങളെ സംബന്ധിച്ച് പോർട്ടുഗൽ അനുകൂല ചരിത്രകാരന്മാരുടെ വാദം പൊളിച്ചടുക്കാൻ റോബർട്ട് ഡി നോബലി എന്ന ഇറ്റലിക്കാരൻ ജസ്വീറ്റ് പുരോഹിതന്റെ തമിഴ്നാട്ടിലെ മധുര കേന്ദ്രമാക്കിയുള്ള മിഷൻ പ്രവർത്തനവും പരിവർത്തത ക്രൈസ്തവർക്ക് അദ്ദേഹം പൂർവ്വ മതത്തിലെ ആചാരങ്ങൾ തുടരാൻ അനുവദിച്ചതും സ്വയം പൂണൂൽധാരി യായി വെളുത്ത ബ്രാഹ്മണൻ എന്ന പേരിൽ അറിയപ്പെട്ടതും പഠനവിധേയമാക്കിയാൽ മതി. മധുരയിൽ വൈദിക ബ്രാഹ്മണ മതം ജസ്വീട്ട് സഭയ്ക്ക് പഥ്യവും. മലങ്കരയിൽ തദ്ദേശീയ വേഷദൂഷാദികളും മാംസഭോജനം ഉപേക്ഷിക്കുന്നതും എങ്ങനെ വ്യതിചലനവുമായി. തികഞ്ഞ അവസരവാദം മാത്രം...– തുടരും

www.malankaralibrary.com





**റോയി പൂച്ചേരിൽ**
**ബഹ്റൈൻ**

# എന്റെ അമ്മേ,എന്റെ ആശ്രയമേ

നീലപ്പുതപ്പിനാൽ പൊതിഞ്ഞീടുവാൻ
നിർന്നിമേഷനായ് പരതീടുമ്പോൾ
നിരവധിയാമെൻ പാപക്കറകൾ
നീക്കിത്തുടച്ചെന്നെ നേടീടുവാൻ
നാൾതോറും സമരത്തിലല്ലോ നാഥേ
എന്റെ അമ്മേ, എന്റെ ആശ്രയമേ


കാരുണ്യം നിറഞ്ഞോരാ മാറിൽ ചാരാൻ
കന്മഷം പോക്കി തൻ ചാരേ ചേർക്കാൻ
കാറിന്യം നിറഞ്ഞതാം എൻ ഹൃത്തിനെ
കഴുകിത്തുടച്ചൊപ്പം കൂട്ടീടുവാൻ
കേഴുന്നൂ സുതനോടായെന്നും ധന്യേ
എന്റെ അമ്മേ, എന്റെ ആശ്രയമേ

ആർദ്രത ചൊരിയും നിൻ കരം പിടിക്കാൻ
ആത്മനാ സമർപ്പിച്ചു കേണീടുമ്പോൾ
അനുതപിച്ചീടുമീ പാപിയെന്നേ
അരുമകുമാരനോടൊന്നിപ്പിക്കാൻ
അവിരാമം പൊരുതുന്നല്ലോ മാതേ
എന്റെ അമ്മേ, എന്റെ ആശ്രയമേ

മാനസാന്തരം നേടീടുവാൻ
മനസ്തപിച്ചെന്നും ഞാൻ വന്നീടുമ്പോൾ
മമപുത്രൻ പീഢകൾ താങ്ങിയ പോൽ
മനതാരിലെല്ലാം നീ സംഗ്രഹിച്ചു
മകനായിനിയെന്നെയും ചേർക്കൂ തായേ
എന്റെ അമ്മേ, എന്റെ ആശ്രയമേ

ആശ്വാസം പ്രത്യാശയും ഏകീടുന്നു
ആലംബമെന്നുമീ അഗതികൾക്ക്
അശരണരാം മനുജരേ
ഈശോയ്ക്കൊപ്പം
അമ്മ ബന്ധിക്കുന്നു മദ്ധ്യസ്ഥതയാൽ
അമലേ, പരിശുദ്ധ മേരിയമ്മേ
എന്റെ അമ്മേ, എന്റെ ആശ്രയമേ

www.malankaralibrary.com






ഫാ. ജോർജ് തേക്കടയിൽ
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
എക്യുമെനിക്കൽ കമ്മീഷൻ സെക്രട്ടറി
രാഷ്ട്രദീപിക എക്സിക്യൂട്ടീവ് ഡയറക്ടർ

# ഏഴരപ്പള്ളികൾ

## നസ്രാണി സഭകളുടെ പൊതു പൈതൃകം

### ഏഴര പള്ളികളും മാർത്തോമ്മ നസ്രാണി സാമുദായിക ഐക്യവും.

മാർത്തോമ്മ നസ്രാണികളുടെ നഷ്ടപ്പെട്ട സാമുദായിക ഐക്യവും, സഭാ ഐക്യവും പതിനേഴാം നൂറ്റാണ്ടിനു മുൻപ് ഉണ്ടായിരുന്ന അവസ്ഥയിലേക്ക് കൊണ്ട് പോകുവാൻ ഒരു ശതമാനം പോലും സാധ്യമല്ല. എന്നാൽ ചരിത്രത്തിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ടു കൊണ്ടും മാറിയ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക ചുറ്റുപാടുകൾ അനുസരിച്ചും ദൈവശാസ്ത്രം, ആരാധന ക്രമം, സഭാപൈതൃകം എന്നിവയുടെ അടിസ്ഥാനത്തിൽ വേണ്ടോയ മാറ്റങ്ങളെ ഉൾക്കൊണ്ട് ഐക്യത്തിന്റെ പാതയിലേക്ക് മാർത്തോമ്മാ നസ്രാണികൾ നടന്നടുക്കണം.

മാർത്തോമ്മാ ശ്ലീഹ സ്ഥാപിച്ച ഏഴരപള്ളികൾ (സഭാ സമൂഹങ്ങൾ)ക്ക് നസ്രാണി സഭകളുടെയും സമുദായത്തിന്റെയും ഐക്യത്തിൽ വളരെയേറെ സംഭാവനകൾ നൽകാനാകും. അതിനായുള്ള മാർഗ്ഗങ്ങൾ സഭാനേതൃത്വവും സാമുദായിക നേതാക്കന്മാരും ഒന്നിച്ചിരുന്ന് കൂടിയാലോചിച്ച്, സംവാദങ്ങളും, ചർച്ചകളും, പഠനങ്ങളും നടത്തി വിവിധ കർമ്മപദ്ധതികൾ തയ്യാറാക്കണം.

സാമുദായിക ഐക്യവും സഭാ ഐക്യവും രണ്ട് വിഷയങ്ങൾ ആണെങ്കിലും രണ്ടും പരസ്പര പൂരകമാണ്. ഒരു നാണയത്തിന്റെ രണ്ട് വശങ്ങൾ പോലെ അനിവാര്യമായ കാര്യം.

കഴിഞ്ഞ കാലങ്ങളിൽ പലവിധ വീഴ്ചകളും നമ്മുടെ പൂർവപിതാക്കന്മാർക്ക് സംഭവിച്ചു പോയിട്ടുണ്ടെങ്കിലും നാം അതിന്റെ പേരിൽ അവരെ കുറ്റപ്പെടുത്തേണ്ടതില്ല. വീഴ്ചകളിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളുക. സ്വാർത്ഥ താത്പര്യങ്ങളും അധികാര മോഹങ്ങളും, താൻ പ്രമാണിത്തങ്ങളും സ്വയം ന്യായീകരണവുമൊക്കെ മാറ്റിവച്ച് യേശുക്രിസ്തുവിന്റെ സുവിശേഷ മാർഗ്ഗത്തിലേക്ക് നാം മടങ്ങിയാൽ മാർത്തോമ്മാ നസ്രാണി സമുദായത്തിനും, സഭകൾക്കും ആദിമ സഭയുടെ ചൈതന്യമുണ്ടാകും. സഭയും സമുദായവും ഐക്യത്തിലേക്ക് കടന്ന് വരും.

17ാം നൂറ്റാിൽ മാർത്തോമ്മാ നസ്രാണികളുടെ ഇടയിൽ ഉണ്ടായ വിഭജനവും പിന്നീട് ഐക്യത്തിനു വേണ്ടി നടത്തിയ പരിശ്രമങ്ങളും എല്ലാം ചരിത്രത്തിന്റെ ഭാഗമാണ്. പിന്നീടുണ്ടായ വിഭജനങ്ങൾ നാം അംഗീകരിച്ചേ മതിയാകൂ. വിഭജനങ്ങൾ തത്വത്തിൽ അംഗീകരിക്കുന്നത് കൊണ്ടാണല്ലോ ഐക്യത്തിനു വേണ്ടി നാം ദാഹിക്കുന്നത്.

www.malankaralibrary.com

പഴയകൂർ സമുദായത്തിലുള്ള സിറോ മലബാർ സഭയും, പൗരസ്ത്യ സുറിയാനി സഭയും (സൂറായി സഭ) പുത്തൻകൂർ സമുദായത്തിലുള്ള മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയും, മലങ്കര യാക്കോബായ സുറിയാനി സഭയും, മലങ്കര മാർത്തോമ്മാ സുറിയാനി സഭയും, മലങ്കര സുറിയാനി കത്തോലിക്കാ സഭയും, തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയും, ഇരു സമൂഹങ്ങളിലുമായി നിലകൊള്ളുന്ന ക്നാനായ സഭയും, മാർത്തോമ്മ സഭയിൽ നിന്നും വിഭജിതമായ ഇവാഞ്ചലിക്കൽ സമൂഹവും എല്ലാം മാർത്തോമ്മ നസ്രാണി സമൂഹത്തിൽ ഉൾക്കൊള്ളുന്നവയാണ്.

പലകാലങ്ങളിലായി ലത്തീൻ സഭയുടെ ഭാഗമായി തീർന്ന മാർത്തോമ്മാ നസ്രാണികളും, വിവിധ പെന്തകോസ്ത് വിഭാഗങ്ങളുടെ ഭാഗമായിതീർന്ന നസ്രാണി സമുദായത്തിൽ ഉൾപ്പെട്ടവരുമുണ്ട്. ഈ യാഥാർത്ഥ്യങ്ങൾ നാം അംഗീകരിച്ചേ മതിയാകൂ. കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ പൂർവ്വീകർക്ക് സംഭവിച്ചുപോയ പിഴവുകൾ നാം പിന്തുടരാൻ പാടില്ല. വരും തലമുറകളിലേക്ക് അനൈക്യത്തിന്റെ വിഷവിത്തുകൾ കൈമാറാതിരിക്കാൻ ശ്രമിക്കാം. നമ്മുടെ യുവതീയുവാക്കൾക്കും കുട്ടികൾക്കും ഐക്യത്തിന്റെ വഴി കാണിച്ചു കൊടുക്കാൻ നമ്മുക്ക് പരിശ്രമിക്കാം.

അവസാനിച്ചു.



www.malankaralibrary.com

# ഓർമ്മയിൽ ശ്രേഷ്ഠാചാര്യന്മാർ

ܕܽܘܟ݂ܪܳܢܳܐ ܕܰܐܒ݂ܳܗܳܬ݂ܳܐ

ܕܽܘܟ݂ܪܳܢܳܐ ܕܰܐܒ݂ܳܗܳܬ݂ܳܐ



ഭാഗ്യസ്മരണാർഹനായ ആബൂൻ ജേക്കബ്
മോർ ബർണ്ണബാസ് തിരുമേനിയുടെ
ദുക്റോനോ പെരുന്നാൾ

**ഓഗസ്റ്റ് 25**

www.malankaralibrary.com

Rev. Fr. ചെറിയാൻ കുരിശുമ്മൂട്ടിൽ
ഡയറക്ടർ MCYM തിരുവല്ല



# സുവിശേഷം ജീവിച്ച മെത്രാപ്പോലീത്ത : മാർ ബർണ്ണബാസ്

മലങ്കര സുറിയാനി കത്തോലിക്ക സഭയിൽ സുവിശേഷ ചൈതന്യം പകർന്നു നൽകി സ്വർഗീയ മഹത്വത്തിലേക്ക് പ്രവേശിച്ച ഭാഗ്യസ്മരണാർഹനായ ജേക്കബ് മാർ ബർണബാസ് തിരുമേനിയുടെ മൂന്നാമത് ദുക്റാന പെരുന്നാളിനായി പരിശുദ്ധ സഭ ഒരുങ്ങുകയാണല്ലോ. അഭിവന്ദ്യ പിതാവിന്റെ ദീപ്തമായ ഓർമ്മകൾ എന്നും മലങ്കര സഭയ്ക്ക് പ്രചോദനമാണ്.

## തിരുവല്ല അതിഭദ്രാസനത്തിൽ നിന്നും മലങ്കരയുടെ മിഷനറി ബിഷപ്പിലേക്കുള്ള യാത്ര.

1960 ഡിസംബർ മൂന്നാം തീയതി തിരുവല്ല അതിഭദ്രാസനത്തിലെ റാന്നിയിൽ കരിങ്കുളം ഏറത്ത് വീട്ടിൽ ഗീവർഗീസിനെയും റേയ്ച്ചലിന്റെയും സീമന്ത പുത്രനായി ജനിച്ച പിതാവ്. ചാക്കോ എന്ന മാമോദിസ പേരിലും മോനച്ചൻ എന്ന വിളിപേരിലും അറിയപ്പെട്ടു. 1975 ജൂൺ പതിനാറാം



www.malankaralibrary.com

തീയതി അദ്ദേഹം ബഥനി ആശ്രമത്തിൽ ചേർന്നു. 1979 മെയ് 31ാം തീയതി പ്രഥമ വ്രതവാഗ്ദാനവും 1985 മെയ് പതിനഞ്ചാം തീയതി നിത്യവൃത വാഗ്ദാനവും നടത്തി.

പൂനെ ജ്ഞാനദീപ വിദ്യാപീഠത്തിലെ വൈദിക പരിശീല ത്തിനുശേഷം 1986 ഒക്ടോബർ രണ്ടാം തീയതി പുണ്യശ്ലോ കനായ ആർച്ച് ബിഷപ്പ് ബെനഡിക് മാർ ഗ്രിഗോറിയസ് മെത്രാപ്പോലീത്തായിൽ നിന്ന് വൈദിക പട്ടം സ്വീകരിച്ചു. 1989– 94 വരെ റോമിൽ ധാർമിക ദൈവശാസ്ത്രത്തിൽ ഉപരിപഠനം പൂർത്തിയാക്കി ഡോക്ടറേറ്റ് കരസ്ഥമാക്കി. 1995 മുതൽ പൂനെ ബഥനി ആശ്രമ റെക്ടർ ആയും ജ്ഞാനദീപ വിദ്യാപീഠത്തിലെ ധാർമിക ദൈവശാസ്ത്ര വിഭാഗത്തിന്റെ തലവനായും ബഥനി വേദവിജ്ഞാന പീഠത്തിന്റെ ഡയറക്ടറായും സേവനമനുഷ്ഠിച്ചു. 2001 മുതൽ 2006 വരെയുള്ള കാലയളവിൽ രണ്ടുപ്രാവശ്യം ബഥനി നവജ്യോതി പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി ഏറത്ത് അച്ചൻ തിരഞ്ഞെടുക്കപ്പെട്ടു.

2007 ഫെബ്രുവരി മാസം ഏഴാം തീയതി ഏറ ത്തു ചാക്കോ അച്ചനെ മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ബാഹ്യ കേരള മിഷനുകളുടെ അപ്പസ്തോലി ക വിസിറ്റേറ്റർ ആയി പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപാപ്പ നിയമിച്ചു. 2007 മാർച്ച് 10ാം തീയതി മലങ്കര സു റിയാനി കത്തോലിക്ക സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ ചാക്കോ അച്ചനെ ജേക്കബ് മാർ ബർണബാസ് എന്ന പേരിൽ മെത്രാനായി അഭിഷേകം ചെയ്തു. 2015 മെയ് മാസത്തിൽ ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനം നിലവിൽ വന്നപ്പോൾ അതിന്റെ പ്രഥമ മെത്രാനായി പരിശുദ്ധ സുന്നഹദോസ് മാർ ബർണ്ണബാസിനെ നിയമിച്ചു. ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ ഭാരത സുവിശേഷവൽക്കരണം എന്ന സ്വപ്നം ഹൃദയത്തിൽ പേറി സുവിശേഷത്തിന്റെ ചൈതന്യം വടക്കേ ഇന്ത്യയിൽ മുഴുവൻ പ്രചരിപ്പിക്കുവാൻ വന്ദ്യ പിതാവ് അക്ഷീണം പരിശ്രമിച്ചു.

## സുവിശേഷ സംഘത്തിന്റെ ചാലകശക്തിയായിരുന്ന മാർ ബർണ്ണബാസ് തിരുമേനി

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ സുവിശേഷ സംഘത്തിന് രൂപം കൊടുക്കാനും അതിന്റെ പ്രവർത്തന നാൾവഴികളിൽ സംഘങ്ങൾക്കു വ്യക്തമായ ദിശാബോധം നൽകുവാനും എന്നു മുൻപന്തിയിൽ ആയിരുന്നു പുണ്യശ്ലോകനായ മാർ ബർണ്ണബാസ് തിരുമേനി. 2011 സെപ്റ്റംബർ 21, 22 തീയതികളിൽ നടന്ന സഭയുടെ പ്രഥമ അസംബ്ലിയിൽ രൂപപ്പെട്ട ചിന്താധാരക്ക് സുവിശേഷ സംഘം പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് ജേക്കബ് മാർ ബർണബാസ് തിരുമേനിയെ ഈ ചുമതല ഏൽപ്പിക്കുകയും ചെയ്തു.

സുവിശേഷ സംഘ ചെയർമാൻ എന്ന നിലയിൽ അഭിവന്ദ്യ പിതാവിന്റെ ജീവിതവും പ്രഭാഷണങ്ങളും എല്ലാവരെയും വളരെ സ്വാധീനിച്ചിരുന്നു മിഷൻ തീക്ഷണത കൊണ്ട് ജ്വലിക്കുന്നതായിരുന്നു അഭിവന്ദ്യ പിതാവിന്റെ വാക്കുകൾ. സുവിശേഷ സംഘത്തിലൂടെ തീക്ഷ്ണതയുള്ള മിഷണറിമാരെ വാർത്തെടുക്കുവാനും സഭയ്ക്ക് ഒരു പുത്തൻ ഉണർവ് നൽകുവാനും വന്ദ്യ പിതാവിന് സാധിച്ചു.

## വിശക്കുന്നവന് അപ്പമായി മാറിയ സുവിശേഷ സാക്ഷ്യം.

മനുഷ്യന്റെ നീറുന്ന പ്രശ്നങ്ങളിൽ ഓടിയെത്താൻ സാധിക്കുമ്പോഴാണ് സുവിശേഷ വത്ക്കരണം കൂടുതൽ സാധ്യമാകുന്നത് എന്ന് മാർ ബർണ്ണബാസ് പിതാവിന് പൂർണ ബോധ്യം ഉണ്ടായിരുന്നു. കോവിഡ് മഹാമാരിക്ക് മുമ്പിൽ ലോകം മുഴുവൻ വിറങ്ങലിച്ചു നിന്നപ്പോഴും അതിനു മുൻപും രാജ്യ തലസ്ഥാന നഗരിയിൽ വിശക്കുന്നവർക്ക് ആഹാരം നൽകാനും ആവശ്യക്കാർക്ക് വസ്ത്രവും മരുന്നു സംലഭ്യമാക്കുവാനും വന്ദ്യ പിതാവ് ശ്രദ്ധാലുവായിരുന്നു. ആരോരുമില്ലാത്ത കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം നൽകുവാനും ശാരീരിക ക്ലേശങ്ങൾ അനുഭവിക്കുന്നവർക്ക് ഔഷധം നൽകുവാനും സാധിച്ചത് വഴി ചുരുങ്ങിയ കാലയളവിൽ സുവിശേഷത്തിന്റെ സജീവസാക്ഷിയായി മാറുവാൻ വന്ദ്യ പിതാവിന് സാധിച്ചു. കോവിഡ് മഹാമാരിക്ക് മുമ്പിൽ കേന്ദ്ര സംസ്ഥാന സർക്കാരുകാർ പോലും പകച്ചു നിന്നപ്പോൾ ഈ പ്രവർത്തനങ്ങൾ എല്ലാം തികഞ്ഞ ദൈവാശ്രയ ബോധത്തിൽ ആയിരുന്നതിനാൽ തിരുമേനിക്ക് ഒരിക്കലും ഇവയ്ക്ക് മുടക്കം വന്നിട്ടില്ലായിരുന്നു.

## മലങ്കരയുടെ മിഷനറി ബിഷപ്പ്.

ഇന്ത്യയിൽ എല്ലായിടത്തും സുവിശേഷം പ്രഘോഷിക്കാൻ മലങ്കര സഭയ്ക്ക് അനുവാദം ഇല്ലാതിരുന്ന അവസരത്തിൽ അഭിവന്ദ്യ പിതാവ് രഹസ്യമായിട്ടാണ് മിഷൻ പ്രവർത്തനം ഒറീസയിൽ ആരംഭിക്കുന്നത്. 2015-ൽ ഗുഡ്ഗാവ് ഭദ്രാസനം നിലവിൽ വന്നതോടെ ഇന്ത്യ മുഴുവൻ സുവിശേഷം പ്രഘോഷിക്കുവാൻ റോമിൽ നിന്ന് നമുക്ക് അനുവാദം ലഭിച്ചു. ഒറീസ, അഗർത്തല, ത്രിപുര, ആസാം, പഞ്ചാബ്, രാജസ്ഥാൻ, ഛത്തീസ്ഗഡ് തുടങ്ങിയ സ്ഥലങ്ങളിൽ പിതാവിന്റെ നേതൃത്വത്തിൽ സുവിശേഷത്തിന്റെ വിത്തുകൾ പാകി.

മിഷൻ പ്രദേശങ്ങളിൽ കടന്നുചെന്ന് സാധാരണക്കാരായ മനുഷ്യരുടെ ഭവനങ്ങൾ സന്ദർശിക്കുവാനും അവിടെ താമസിക്കുവാനും അവരോടൊത്ത് ഭക്ഷണം കഴിക്കുവാനും വന്ദ്യ പിതാവിന് സാധിച്ചെങ്കിൽ അത് സുവിശേഷത്തിന്റെ മാധുര്യം വന്ദ്യ പിതാവ് അത്രയേറെ ആസ്വദിച്ചിരുന്നത് കൊണ്ടാണ്. മലങ്കര സഭയ്ക്ക് ഇന്ന് ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്തമായ ഭാഷകളിൽ ആരാധനാ സമൂഹം ഉണ്ടെങ്കിൽ അതിന്റെ പിറകിൽ വന്ദ്യ ബർണ്ണബാസ് പിതാവിന്റെ അസാധാരണമായ ദൈവാശ്രയ ബോധവും സമർപ്പണവും കഠിനാധ്വാനവുമാണ്. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തെ എല്ലാവരും മിഷനറിമാർക്കിടയിലെ മെത്രാച്ചനെന്നും മെത്രാച്ചന്മാർക്കിടയിലെ മിഷനറിയെന്നും വിളിക്കുന്നത്.

www.malankaralibrary.com



# വേരുകളും ചിറകുകളും

## (ഭാഗ്യസ്മരണീയനായ ജേക്കബ് മാർ ബർണബാസ് തിരുമേനിയുടെ ഓർമ്മകളിലൂടെ)



ഫാ. വർഗീസ് വിനയനന്ദ് ഒ.ഐ.സി.

സുഖവും ദുഃഖവും മനുഷ്യാനുഭവങ്ങളാണ്. ഇവയ്ക്ക് കളമൊരുക്കുന്നത് പ്രത്യക്ഷത്തിൽ പ്രകൃതി തന്നെ. എന്നാൽ അനുഭവിക്കുന്നത് ബോധസ്വരൂപനായ മനുഷ്യനാണ്. ഒരു ചിത്രം വരയ്ക്കാൻ ചായക്കൂട്ടുകളും ഉപകരണങ്ങളും കൂടാതെ കഴിയില്ല. എന്നാൽ ചിത്രം ചിത്രകാരന്റെ സങ്കല്പവും അനുഭവമാണ്. ഉപകരണങ്ങൾ ഇല്ലാതെ ചിത്രം വരക്കുക സാധ്യമല്ല. ഇവയെല്ലാം ഉണ്ടെങ്കിൽ തന്നെ ചിത്രകാരൻ ഇല്ലാതെ ചിത്രവും ഉണ്ടാവില്ല.

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ബർണബാസ് തിരുമേനിയുടെ ഓർമ്മ എന്നിൽ ഉണർത്തുന്നത് ഒരു ചിത്രകാരന്റെ രൂപമാണ് – തനിക്ക് ലഭിച്ച ചായങ്ങളും ഉപകരണങ്ങളും ഉപയോഗിച്ച് തന്റെ ഉള്ളിൽ ദൈവം നിക്ഷേപിച്ച ഓർമ്മകളുടെ ബലത്തിൽ സുവിശേഷത്തിന്റെ ചിത്രം വരച്ച്, നമ്മുടെ ഉള്ളിൽ ഒരു ഓർമ്മയായി തീർന്ന ഒരു സന്യാസിയുടെ രൂപം. നമ്മുടെ ഉള്ളിൽ നിക്ഷേപിക്കപ്പെട്ട ആ നല്ല ഓർമ്മയുടെ മുൻപിൽ നമുക്ക് ശിരസ്സ് നമിക്കാം. 'നിങ്ങളോടു ദൈവവചനം പ്രസംഗിച്ചനിങ്ങളുടെ നേതാക്കൻമാരെ ഓർക്കുവിൻ. അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത്അവരുടെ വിശ്വാസം അനുകരിക്കുവിൻ.' (ഹെബ്രാ 13.7).

'നമ്മിൽ നിന്ന് നമ്മുടെ സഹോദരി സഹോദരന്മാരുടെ അടുക്കലേക്ക് എത്തിച്ചേരുക എന്നതാണ് സുവിശേഷം ജീവിക്കുന്നവന്റെ അടയാളം എന്ന് ഫ്രാൻസിസ് മാർപാപ്പ നമ്മുടെ കർത്താവിന്റെ ജീവിതത്തെ നോക്കിക്കൊണ്ട് പറയുന്നു. സുവിശേഷപ്രഘോഷണം ആണ് നമ്മുടെ യഥാർത്ഥ ഭാവം എന്ന് നിരന്തരം ഓർമ്മപ്പെടുത്തിയിരുന്നു ബർണബാസ് തിരുമേനി. അതിനായി തനിക്ക് ലഭിച്ച ചായകൂട്ടുകളും ഉപകരണങ്ങളും നിരന്തരം ഉപയോഗിക്കാൻ പിതാവ് പരിശ്രമിച്ചിരുന്നു. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട്, പരിമിതമായ സാഹചര്യത്തിൽ, സുവിശേഷത്തിന്റെ വെളിച്ചം, ഭാരത മണ്ണിൽ തിരുമേനി വിതച്ചു. മലങ്കര ആരാധനക്രമം മലയാളക്കരയിലും ഭാഷയിലും ഒതുങ്ങി നിൽക്കേണ്ട ഒരു സത്യമല്ല എന്ന ചിന്ത തിരുമേനി പല അവസരങ്ങളിലും പങ്കുവെച്ചിട്ടുണ്ട്. തത്ഫലമായി തിരുമേനിയുടെ ശുശ്രൂഷകാലത്ത് ഭാരതത്തിന്റെ 12 സംസ്ഥാനങ്ങളിൽ ക്രിസ്തുവിന്റെ സുവിശേഷം എത്തിക്കുകയും അതാത് സ്ഥലത്തിന്റെ പ്രാദേശിക ഭാഷയിൽ മലങ്കര ആരാധനക്രമത്തിലൂടെ നടത്തുവാൻ സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്തു.

എന്റെ ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്ന തിരുമേനിയുടെ മറ്റൊരു രൂപമുണ്ട്. അത്; രോഗശയ്യയിൽ

www.malankaralibrary.com

വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ തിരുമേനിയുടെ മുഖത്ത് വിരിയുന്ന പ്രത്യാശയുടെ പ്രകാശമാണ്. വേദനയുടെ നടുവിൽ മ്ലാനമായ മുഖം, വിശുദ്ധ കുർബാന സ്വീകരിച്ച്, ഒരു ചെറുപുഞ്ചിരിയും തൂകി, പ്രസന്നമാകുന്നത് പലപ്പോഴും ഞാൻ കണ്ടിരുന്നു. വിശുദ്ധ കുർബാന സ്വീകരണത്തെ തുടർന്ന് അല്പം മൗനം പാലിച്ച്, കണ്ണുകൾ തുറന്നു. എന്തൊക്കെയുണ്ട് വിശേഷങ്ങൾ എന്ന ഭാവത്തിൽ സ്വതസിദ്ധമായ ശൈലിയിൽ തലയാട്ടുക പതിവായിരുന്നു. ചുറ്റും കൂടി നിൽക്കുന്ന ഞങ്ങൾ വിശേഷങ്ങളും നർമ്മങ്ങളും പങ്കിട്ട് തിരുമേനിയോടൊപ്പം സമയം ചിലവിടുന്നത് ഞാൻ ഇപ്പോഴും ഓർക്കുന്നു. വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഈ അവസരത്തിൽ നമുക്ക് ഓർക്കാം: 'നിങ്ങളുടെ ശരിരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവ ബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർത്ഥമായ ആരാധന' (റോമാ12, 1)



സഹനങ്ങളിലൂടെ ക്രിസ്തുവിനെ സ്നേഹിക്കാം എന്ന് ബർണബാസ് തിരുമേനി നമുക്ക് കാണിച്ചു തരുന്നു. വിശുദ്ധ പത്രോസ്ശ്ലീഹായുടെ വാക്കുകളിൽ, 'ഇതിനായിട്ടാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. എന്തെന്നാൽ, ക്രിസ്തു നിങ്ങൾക്ക് വേണ്ടി സഹിക്കുകയും നിങ്ങൾ അനുകരിക്കുന്നതിനു വേണ്ടി നിങ്ങൾക്ക് മാതൃക നൽകുകയും ചെയ്തിരിക്കുന്നു' (1 പത്രോസ് 2, 21). സ്നേഹത്തിൽ തൻറെ കഷ്ടപ്പാടുകൾ അർപ്പിച്ച ക്രിസ്തുവിനെപ്പോലെ നമ്മുടെ സഹനങ്ങളെ ക്രിസ്തുവിനോട് സംയോജിപ്പിച്ച് സ്നേഹത്തിൽ ദൈവത്തിന് സമർപ്പിക്കുന്നതിലൂടെ നിത്യജീവൻറെ പ്രതിഫലം ലഭിക്കുന്നതിന് നാം യോഗ്യരാകുന്നു എന്ന് തിരുമേനിയുടെ സഹനങ്ങളിലെ പ്രസന്നത നമ്മോട് സാക്ഷിക്കുന്നു. കഷ്ടപ്പാടുകൾ നമ്മുടെ സ്വന്തം രക്ഷയ്ക്കു മാത്രമല്ല, മറ്റുള്ളവർ രക്ഷ പ്രാപിക്കാൻ സഹായിക്കുന്നതിലും ഒരു പങ്കു വഹിക്കുമെന്ന് നാം ഇവിടെ മനസിലാക്കുന്നു. തിരുമേനി തന്റെ സഹനങ്ങളിലൂടെ ഇന്നത്തെ ലോകത്തിൻറെ ഉത്കണ്ഠകളെയും പ്രതീക്ഷകളെയും ഉൾക്കൊണ്ടുകൊണ്ട് മനുഷ്യരാശിയുടെ ഹൃദയത്തിലേക്ക് നല്ല ഇടയനായ ക്രിസ്തുവിൻറെ മനസ്സിനെ പുനരുജ്ജീവിപ്പിക്കുന്നു.

ബർണബാസ് തിരുമേനിയോട് ചേർന്ന് നിൽക്കുന്നവർക്ക് ലഭിക്കുന്ന ഒരു അനുഭവമാണിത് – വേരുകൾ ആഴപ്പെടുകയും ചിറകുകൾ മുളയ്ക്കുകയും ചെയ്യുന്ന അനുഭവം. 'കുട്ടികൾ തങ്ങളുടെ മാതാപിതാക്കളിൽ നിന്ന് രണ്ടു കാര്യങ്ങൾ സ്വീകരിക്കണം: വേരുകളും ചിറകുകളും' (യോഹാൻ വോൾഫ്ഗാങ് ഫോൺ ഗോയ്കോ). കുട്ടികളുടെ ജീവിതത്തിന്റെ ആഴം അവരുടെ വേരുകളെ ആശ്രയിച്ചിരിക്കുന്നു. അവർക്ക് എത്താൻ കഴിയുന്ന ഉയരം അവരുടെ ചിറകുകളെ ആശ്രയിച്ചിരിക്കുന്നു. കുട്ടികളുടെ സുരക്ഷിതത്വത്തിന്റെയും സുസ്ഥിരതയുടെയും അടിത്തറയാണ് വേരുകൾ. ഒരു ചെടിയുടെ പോഷണവും സുസ്ഥിരതയും അതിൻറെ വേരുകളെ ആശ്രയിച്ചിരിക്കുന്നതുപോലെ, മനുഷ്യജീവിതം അതിൻറെ വേരുകളാൽ നിലനിൽക്കുകയും സ്ഥിരത കൈവരിക്കുകയും ചെയ്യുന്നു. അവരുടെ പോഷണത്തിൻറെ ഏറ്റവും വലിയ ഉറവിടം ദൈവവുമായുള്ള ബന്ധമാണ്. ചിറകുകൾ എന്ന ആശയം സർഗ്ഗാത്മകത, അഭിനന്ദനം, സ്വാതന്ത്ര്യം എന്നിവയെ സൂചിപ്പിക്കുന്നു. കുട്ടികൾ ദൈവത്തിലേക്ക് എത്തുകയും മറ്റുള്ളവരുടെ ഭയത്തിൽ നിന്ന് അവരെ സ്വതന്ത്രരാക്കാനും, സ്വയം അടിച്ചേൽപ്പിക്കുന്ന പരിമിതികളിൽ നിന്ന് സ്വതന്ത്രരാക്കാനും, അവരെ സൃഷ്ടിക്കുമ്പോൾ ദൈവത്തിനു അവരെകുറിച്ചുള്ള പദ്ധതികൾക്കനുസരി വളരുവാനും സ്വയം അനുവദിക്കുമ്പോൾ ചിറകുകൾ മുളയ്ക്കുന്ന. ചിറകുകൾ കുട്ടികളെ ലൈംഗിക മാനദണ്ഡങ്ങൾക്ക് മുകളിൽ ഉയർത്തുന്നു. മാനുഷിക തലത്തിൽ നിന്ന് അവർ ജീവിതത്തെക്കുറിച്ച് ഒരു പുതിയ വീക്ഷണം നേടുകയും അവരുടെ സാഹചര്യങ്ങൾക്കപ്പുറം കാണുകയും ദൈവം നൽകിയ ജീവിതത്തിൻറെ ആനന്ദത്തോട് സംവേദനക്ഷമത കാണിക്കുകയും ചെയ്യുന്നു.

തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിൽ നമ്മിലേക്ക് കൈമാറ്റപ്പെട്ട ഉത്തരവാദിത്വങ്ങളെ നിറവേറ്റാൻ പരിശ്രമിക്കാം. അവയ്ക്ക് ക്രിസ്തുവിൽ ആഴമായ വേരോട്ടം ലഭിക്കുകയും വിശുദ്ധിയിലേക്ക് പറന്നുയരുവാൻ നമ്മെ സഹായിക്കുകയും ചെയ്യട്ടെ!

www.malankaralibrary.com





# മലങ്കരയുടെ സുവിശേഷ ദീപം



ഫാ. ജസ്റ്റിൻ ഓലിയ്ക്കൽ
അഭിവന്ദ്യ ജേക്കബ് മാർ ബർണ്ണബാസ്
പിതാവിന്റെ ഇടവക അംഗം

മലയോര റാണിയാം റാന്നിയിൽ നിന്നുയർന്ന
മലങ്കര സഭ തൻ പുണ്യസൂനം
മുൻപേ നടന്നകന്ന മഹാരഥർ തൻ
മൊഴികൾ സുവിശേഷ പാതയിൽ സാഫല്യമാക്കിയ
മാനവർ തൻ മാർഗദീപം

മുറിഞ്ഞമർന്നപ്പമായ് മാറിയ കാൽവരി നാഥനെ
മുന്നിൽ കണ്ടനുഗമിച്ചൊരു സന്യാസവര്യൻ
മാനവസേവ മാധവസേവയാക്കി മാറ്റി
മുറിവേറ്റ മനസ്സുകൾക്കെന്നും ലേപനമായ
മാനസസരോവരിന്റെ തെരുവുകളിൽ അന്നദാതാവായ
മനുഷ്യഹൃദയക്കോവിലപ്പനായ് മാറിയ
മാനവ സ്നേഹിയാം പുണ്യതാതൻ

മുണ്ടൻ മലയുടെ തിരുമാർവ്വിൽ
മാർ ഈവാനിയോസ് താതൻ സഫലീകരിച്ച
മലങ്കര സഭ തൻ സുവിശേഷ ദർശനം
മനസ്സിന്റെയുള്ളിൽ താലോലിച്ച്
മൂല്യതയേറും സുവിശേഷം ഭാരതഭൂമികയിലെങ്ങും വിതച്ച
മിഷനറി ചൈതന്യം മുഖതാരിലെന്നും
തിളങ്ങിനിന്ന സത്യസുവിശേഷകൻ

കാൽവരിക്കുന്നിലെ ക്രിസ്തുവിൻ സ്നേഹം
കുർബാനയായി മാറിയ പുണ്യജീവിതം
ക്രിസ്തുവിൻ ചാരേ
മാനവർക്കെന്നും വിശുദ്ധി തൻ പരിമളം തൂകും
മാർ ബർണബാസ് താതാ
കാലത്തിന്റെ യവനികയ്ക്കുള്ളിൽ മറയില്ല നിൻ നാമം
കാവലായ് കോട്ടയായ് ഭാരതഭൂമി തൻ നെറുകയിൽ
കാരുണ്യാമൃതം തൂകും നിൻ
കബറിൽ പരിലസിക്കുന്നു നവസുവിശേഷത്തിന്റെ നറുമലരുകൾ

മലങ്കരയുടെ സുവിശേഷ ദീപം


www.malankaralibrary.com

സി.ഡോ. ജൂഡി എസ്. ഐ. സി
ബർണബാസ് പിതാവിന്റെ സഹോദരി

# ഞങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ

2024 ആഗസ്റ്റ് 26, ഭാഗ്യസ്മരണീയനായ ആബൂൻ ജേക്കബ് മാർ ബർണ്ണബാസ് മെത്രാപ്പോലീത്ത സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിലേക്ക് യാത്രയായിട്ട് മൂന്ന് വർഷം തികയുന്നു. സ്നേഹനിധിയായ ഞങ്ങളുടെ പിതാവ് അച്ചാച്ചന്റെ ദീപ്ത സ്മരണയ്ക്ക് മുമ്പിൽ നമ്രശിരസ്കരായി ആ പുണ്യ പിതാവിന്റെ മാധ്യസ്ഥം യാചിക്കുന്നു.


എനിക്കു വേണ്ടി വിശ്വസ്തനായ ഒരു പുരോഹിതനെ ഞാൻ തിരഞ്ഞെടുക്കും. എന്റെ ഹൃദയ അഭിലാഷം അനുസരിച്ച് അവൻ പ്രവർത്തിക്കും 1സാമുവൽ 2/35. അതെ ദൈവത്തിന്റെ ഹൃദയാഭിലാഷം അനുസരിച്ചു പ്രവർത്തിച്ച വിശ്വസ്തനും വിവേകിയുമായ കാര്യസ്ഥൻ ആയിരുന്നു അഭിവന്ദ്യ ബർണബാസ് പിതാവ്. ദൈവകൃപയുടെ കാര്യസ്ഥനും ദൈവദാനത്തിന്റെ ഇടയനും ദൈവത്തിന്റെ വിശുദ്ധ വേലക്കാരനും ആയിരുന്നു ഈ പുണ്യ പിതാവ്.

ദൈവ മനുഷ്യസ്നേഹം, കരുണ, ദയ, വിശ്വസ്തത, വിശുദ്ധി, മനുഷ്യത്വം, നിഷ്കളങ്കത എന്നീ പുണ്യങ്ങളാൽ അലംകൃതമായിരുന്നു ആ ജീവിതം. സ്നേഹിതരോടൊപ്പമുള്ള യാത്രയും ജീവിതവും ദൈവത്തോടൊപ്പമുള്ള യാത്രയാണെന്ന് ഉത്തമ ബോധ്യമുണ്ടായിരുന്നു പിതാവിന്. ഏർത്ത് കുടുംബത്തിലെ ശ്രീമാൻ ഗീവർഗീസ്, ശ്രീമതി റയ്ച്ചൽ വർഗീസിന്റെയും എട്ടുമക്കളിൽ സീമന്ത പുത്രനായിരുന്നു ഞങ്ങളുടെ പിതാവ് അച്ചാച്ചൻ. കുടുംബത്തിലെ ഈ ഓമന പുത്രൻ അനുസരണത്തിലും ദൈവഭയത്തിലും ഭക്തിയിലും ഒന്നാമനായിരുന്നു. സഹോദരങ്ങൾക്ക് ആത്മീയ വഴികാട്ടിയും മാതൃകയുമായിരുന്നു. ഞങ്ങൾക്ക് സ്നേഹവും വാത്സല്യവും ആവോളം പകർന്നു തന്നു ഞങ്ങളെ വിശ്വാസത്തിലും ദൈവസ്നേഹത്തിലും ദൃഢപ്പെടുത്തിയെ ഞങ്ങളുടെ സഹോദരന്റെ വേർപാട് ഒരിക്കലും മായാത്ത തേങ്ങലായി നിലനിൽക്കുന്നു.

പിതാവിന്റെ ആഴമുള്ള ദൈവസ്നേഹത്തിന്റെ പ്രകടനമായിരുന്നു; പിതാവ് ആവർത്തിച്ച് ഉരുവിട്ടിരുന്ന മലങ്കര ആരാധനക്രമത്തിലെ ഈ വരികൾ:–

www.malankaralibrary.com

നാഥാ ദൂരെ പോകരുതെ എന്നെ പിന്നിൽ അകറ്റരുതെ, എന്നെ ഉപേക്ഷിച്ചീടിൽ ഞാൻ ക്ഷീണിച്ചയ്യോ മൃതിയടയും



ഈ പ്രാർത്ഥന ദൈവ സന്നിധിയിൽ വേഗമെത്തി. സ്വർഗീയ പിതാവ് തന്റെ മകനെ അവിടുത്തെ ചാരത്തേക്ക് വിളിച്ചുകൊണ്ടുപോയി.
ബലിപീഠവുമായി ബന്ധപ്പെട്ട ജീവിതമായിരുന്നു പിതാവിന്റേത്. മലങ്കര വിശുദ്ധ കുർബാന ക്രമത്തിലെ ദൈർഘ്യമുള്ള പ്രുമിയോൻ, സെദറാകൾ സാധാരണ ദിവസങ്ങളിലെ വിശുദ്ധ കുർബാനയിൽ ധ്യാനനിരതനായി പ്രാർത്ഥിക്കുവാൻ തിരഞ്ഞെടുത്തിരുന്നു. ആ പ്രാർത്ഥനകളിൽ അലിഞ്ഞുചേർന്ന് പലപ്പോഴും കരഞ്ഞുകൊണ്ടാണ് പിതാവു വിശുദ്ധ കുർബാന അർപ്പിച്ചിരുന്നത്. മണിക്കൂറുകൾ വിശുദ്ധ കുർബാനയുടെ മുമ്പിലിരുന്ന് പ്രാർത്ഥിക്കുമായിരുന്നു. ജീവിതത്തിന്റെ നിർണ്ണായക പ്രതിസന്ധിഘട്ടങ്ങളിൽ ദീർഘനേരം പ്രാർത്ഥിക്കുകയും എല്ലാ കാര്യങ്ങളിലും ദൈവത്തോട് ആലോചന ചോദിക്കുന്ന പതിവ് പിതാവിൽ ഉണ്ടായിരുന്നു. ബലിയർപ്പണം കഴിഞ്ഞ് ബലിജീവിതം നയിച്ച വ്യക്തിയാണ് പിതാവ്. ഡൽഹിയുടെ തെരുവോരങ്ങളിൽ വിശക്കുന്നവർക്ക് അപ്പമായും, അശരണർക്ക് ആലംബമായും, വസ്ത്രമായും, കുട്ടികൾക്ക് കൂട്ടുകാരനായും, തെരുവിലെ മക്കൾക്ക് അറിവായും വയോധികർക്ക് സ്നേഹാർദ്ര ഹൃദയമായും, മുറിവേറ്റവർക്ക് ലേപനമായും കാരുണ്യത്തിന്റെ സ്പർശനമായും ദൈവത്തിന്റെ രൂപം മനുഷ്യമനസ്സുകളിൽ വരച്ചിട്ട കലാകാരനും ദൈവസ്നേഹിന്റെ കാര്യസ്ഥനുമായിരുന്നു പിതാവ്.

കണ്ടുമുട്ടിയവരിൽ എല്ലാം സ്നേഹബന്ധത്തിന്റെ ആഴമുള്ള ഒരിക്കലും മായാത്ത മുദ്ര പതിപ്പിക്കാൻ ആ സ്നേഹനിധിയായ പിതാവിന് കഴിഞ്ഞു. തളർന്നതിന്റെ കൂടെപ്പറന്ന് അതിന്റെ ശക്തി കൂട്ടാൻ സഹായിക്കുന്ന ദേശാടനപ്പക്ഷിയെപ്പോലെ തളർന്നവർക്കും വേദനിക്കുന്നവർക്കും സമൂഹത്തിൽ ഒറ്റപ്പെട്ടവർക്കും കരുത്തും കരുതലും ആയിരുന്നു ആ നല്ല പിതാവ് എന്നതിന്റെ ജീവിത സാക്ഷ്യങ്ങൾ ഏറെയാണ്.

ഈ പുണ്യ പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന കബറിടം ഇന്ന് അനുഗ്രഹങ്ങളുടെ നീർച്ചാൽ ആയി മാറിക്കൊണ്ടിരിക്കുന്നു എന്നത് സാക്ഷ്യപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഞങ്ങൾ സഹോദരങ്ങളുടെ ജീവിതത്തിൽ ഏത് ആവശ്യത്തിനും ഞങ്ങൾക്ക് ഒപ്പമുണ്ട് ഞങ്ങളുടെ പിതാവ് അച്ചാച്ചൻ. അഭിവന്ദ്യ പിതാവിന്റെ മരണാനന്തരം എന്റെ PhD പഠനത്തിന്റെ പൂർത്തീകരണത്തിൽ വന്ന പ്രതിസന്ധികളിലെല്ലാം എന്റെ അച്ചാച്ചന്റെയും (Geevarghese A. C -എന്റെ പിതാവ്), പിതാവ് അച്ചാച്ചന്റെയും സ്വർഗീയ മധ്യസ്ഥം അനുഭവിക്കാൻ സാധിച്ചു. ഉന്നതനിലവാരമുള്ള പ്രബന്ധനത്തിനുള്ള Appreciation ലഭിക്കാൻ എനിക്ക് സാധിച്ചു.

ഞങ്ങളുടെ കുടുംബത്തിലെ പലരുടെയും ജോലിസംബന്ധമായ തടസ്സങ്ങൾ നീക്കി പിതാവിന്റെ മധ്യസ്ഥതയാൽ നല്ല ജോലി ലഭിച്ചതും സാക്ഷ്യപ്പെടുത്തുന്നു. ഞങ്ങളുടെ സഹോദരിയുടെ മകൾ ഷാരോണിന്റെ കൂട്ടുകാരി സാന്ദ്ര കാലിലെ Meniscus injury മൂലം ഏറെ വിഷമിച്ചിരുന്നു. അതിനായി 2 ഡോക്ടർമാർ ഓപ്പറേഷൻ നിർദ്ദേശിച്ചിരുന്നു. അഭിവന്ദ്യ പിതാവിന്റെ മധ്യസ്ഥതയിൽ പ്രാർത്ഥിച്ച് അത് പൂർണ്ണമായും സൗഖ്യം പ്രാപിച്ചു. ഈ കുട്ടിയുടെ മാതാവിന്റെ ഗർഭാശയ സംബന്ധമായ ഒരു ഓപ്പറേഷനും വേണ്ടെന്ന് വയ്ക്കുകയും പിതാവിന്റെ മധ്യസ്ഥതയിൽ പൂർണ്ണ സൗഖ്യം ലഭിക്കുകയും ചെയ്തു.

ഏറെ വർഷങ്ങളായി അഭിവന്ദ്യ പിതാവിന്റെ ഡൽഹിയിലെ മിഷ്യൻ പ്രവർത്തനങ്ങളിൽ നേരിട്ടും അല്ലാതെയും നേതൃത്വം നൽകിയിരുന്ന സ്വിറ്റ്സർലൻഡിൽ നിന്നുള്ള ദമ്പതികൾക്ക് 17 വർഷമായി മക്കളില്ലായിരുന്നു. അഭിവന്ദ്യ പിതാവിന്റെ കബറിടത്തിൽ പ്രാർത്ഥിച്ച് അവർക്ക് ഒരു മകൻ ജനിച്ചു.

പിതാവിന്റെ ഒന്നാം ഓർമ്മ പെരുന്നാളിന്റെ വിശുദ്ധ കുർബാന കഴിഞ്ഞ് ഞങ്ങൾ സഹോദരങ്ങൾ അഭിവന്ദ്യ അന്തോണിയസ് പിതാവിനോടും, അഭിവന്ദ്യ സിൽവാനോസ് പിതാവിനോടും സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ ഡൽഹിയിൽ സ്ഥിരതാമസമാക്കിയ ആഫ്രിക്കക്കാരിയായ ഒരു മകൾ ഒരു

www.malankaralibrary.com

കൈക്കുഞ്ഞുമായി വന്നു പറഞ്ഞു ഈ കുഞ്ഞ് ഈ പിതാവിന്റെ കബറിടത്തിൽ നിന്ന് ലഭിച്ച അനുഗ്രഹമാണ്. അവർക്ക് മക്കളില്ലാതിരുന്ന് ജനിച്ച കുട്ടിയാണ്. കുട്ടിയുടെ പേര് ദെബോറ. ഇനിയും ഏറെ അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താൻ ഉണ്ട്. ആ പുണ്യ കബറിടം അനേകായിരങ്ങൾക്ക് ദൈവ കൃപാവരത്തിന്റെ നീർച്ചാലായി മാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്വന്തം സഹനങ്ങളിലൂടെ ജീവിത വിശുദ്ധിയും പക്വമായ ഒരു ജീവിത ദർശനവും ഒരു ആധ്യാത്മികത ദർശനവും കൈ വരുത്താൻ പിതാവിനു സാധിച്ചു. ക്ഷമയുടെ ആർദ്രഭാവമായിരുന്നു പിതാവ്. ആരോടും പകയോ വിദ്വേഷമോ ഉണ്ടായിരുന്നില്ല എന്തെങ്കിലും പരിഭവം ഉണ്ടാകുമ്പോൾ സാരമില്ല അവർക്ക് എന്നോടല്ലേ ഇങ്ങനെ പറയാൻ കഴിയൂ എന്ന് എപ്പോഴും പറഞ്ഞിരുന്നു.

പ്രഭാഷകൻ 49/15 സാക്ഷ്യപ്പെടുത്തുന്നു. ക്ഷമിക്കുന്നവരുടെ അസ്ഥികൾ തിരുശേഷിപ്പായി മാറും . അതെ സ്നേഹത്തിന്റെ ക്ഷമയുടെ ഉദാത്തമായ മാതൃകയും ക്ഷമിക്കാൻ ഞങ്ങളെ പഠിപ്പിച്ചു തന്ന ഈ പുണ്യ കബറിടം തിരുശേഷിപ്പായി മാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അനുസരണത്തിന്റെയും വിധേയത്വത്തിന്റെയും ഉത്തമ മാതൃകയായിരുന്നു പിതാവ്. തന്റെ രോഗത്തിന്റെ മൂർദ്ധാന്യാവസ്ഥയിലും മേലധികാരികളുടെ ഇംഗിതം മനസ്സിലാക്കാനും അതിനോട് വിധേയപ്പെടാനും ഞങ്ങളോട് ആവശ്യപ്പെട്ടിരുന്നു. അധരത്തിൽ നിക്ഷേപിക്കപ്പെട്ട ദൈവവചനത്തിലൂടെ കൂട്ടായ്മയുടെ കോട്ടകൾ പണിതുയർത്താനും സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ദേവദാരുക്കൾ നട്ടുവളർത്താനും ഏറെ ശ്രദ്ധിച്ചിരുന്നു പിതാവ്. വിശുദ്ധിയുടെ വെൺ തിരിനാളം അണയാതെ സംരക്ഷിക്കുവാൻ അവിരാമം അധ്വാനിച്ച വിവേകി. യേശുവിന്റെ പാദാന്തികത്തിൽ ഉള്ളും ഉള്ളവയും സമ്പൂർണ്ണമായി സമർപ്പിച്ച യഥാർത്ഥ സന്യാസി – ബഥാന്യൻ. ഹൃദയത്തിലും, അധരത്തിലും, പ്രവർത്തിയിലും ദൈവാനുഭവം വാരിവിതറിയ ഈ പുണ്യ ജീവിതത്തിന്റെ പരിമളം അനേകായിരങ്ങൾക്ക് സൗഖ്യമായും, കൃപയായും ആസ്വദിക്കുവാൻ ഇടയാകട്ടെ. ഈ വിശുദ്ധ ജീവിതത്തിന്റെ സ്വർഗീയ മധ്യസ്ഥം ഞങ്ങൾക്കും അനേകായിരങ്ങൾക്കും പുണ്യ തീർത്ഥമായി മാറട്ടെ.

പുണ്യ പിതാവിന്റെ ദീപ്തസ്മരണയ്ക്ക് മുൻപിൽ ആദരാഞ്ജലികൾ.



www.malankaralibrary.com

# ദൈവം മനോഹരമാക്കിയ ഒരു കൊച്ചുജീവിതം

## കൊച്ചുമുരുപ്പേലച്ചൻ



ഫാ. തോമസ് കുഴിനാപ്പുറത്ത്



എന്റെ സഹപാഠിയും അടുത്ത സുഹൃത്തുമായ ഫാ. സ്കറിയാ കൊച്ചുമുരുപ്പേലിന്റെ ജീവിതത്തെ അനുസ്മരിക്കുമ്പോൾ കുറിച്ചിടാൻ തോന്നിയ വാക്കുകളാണീ ശീർഷകം. കഴിഞ്ഞ ശനിയാഴ്ച്ച ഉച്ചയ്ക്ക് 12.20ന് അദ്ദേഹം നിര്യാതനായി. 56 വയസു മാത്രമേ ഉണ്ടായിരുന്നുള്ളൂ.

പത്തനംതിട്ട രൂപതയിലെ പുത്തൻപീടിക ഇടവകാംഗമായിരുന്നു. തൊട്ടടുത്ത ഇടവകയായ ചീക്കനാൽ പള്ളിയായിരുന്നു എന്റേത്. ഈ രണ്ട് പള്ളികളിലും ഒരു വികാരിയച്ചനായിരുന്നു ഉണ്ടായിരുന്നത്. തന്മൂലം അവധിക്കാല ബൈബിൾ ക്ളാസ്സുകൾക്കും മറ്റുമായി ഞങ്ങൾ പുത്തൻപീടിക പള്ളിയിൽ സംഗമിക്കുമായിരുന്നു. ബാല്യകാല സുഹൃത്തുക്കളായി മാറുന്നതിന് ഞങ്ങൾക്ക് അധികം സമയം വേണ്ടി വന്നില്ല. അന്നേ നേതൃവസാന പ്രകടമാക്കിയിരുന്ന സ്കറിയയെ വികാരിയച്ചന്മാർ പല ചുമതലകളും ഏല്പിക്കുമായിരുന്നു. 1984 ൽ ഒരേ വികാരിയച്ചന്റെ ചുമതലയിലുള്ള 3 ഇടവകകളിൽ നിന്നായി ഞങ്ങൾ 4 പേർ തിരുവനന്തപുരം സെൻറ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. പത്താം തരത്തിൽ ഫസ്റ്റ് ക്ളാസ്സുമായി വന്ന സ്കറിയ പഠനത്തിൽ എന്നും മുന്പനായിരുന്നു.

പാഠ്യേതര വിഷയങ്ങളിലും സാമർത്ഥ്യം തെളിയിച്ചു. മലയാള–ആംഗലേയ ഭാഷകളിലെ പ്രസംഗ മത്സരങ്ങളിൽ ഞങ്ങൾ പലപ്പോഴും ഒന്നും രണ്ടും സ്ഥാനങ്ങൾ പങ്കിട്ടു. മേജർ സെമിനാരിയിൽ ഫിലോസഫി പഠനകാലം വരെ ഞങ്ങൾ ഒരുമിച്ചായിരുന്നു. പാശ്ചാത്യ–ഭാരതീയ തത്വചിന്തകളിലൂടെ മുന്നേറിയത് പരസ്പരം കൈകോർത്തതായിരുന്നു. ദൈവശാസ്ത്ര പഠനത്തിനായി ബ്രദർ സ്കറിയ മംഗലാപുരം സെൻറ് ജോസഫ്സ് സെമിനാരിയിലേക്കും ഞാൻ ആലുവ പൊന്തിഫിക്കൽ സെമിനാരിയിലേക്കും പോയി. എങ്കിലും കത്തുകളിലൂടെയും മറ്റും വിശേഷങ്ങളും വിവരങ്ങളും ചിന്തകളും പങ്കുവെച്ചിരുന്നു. 4 വർഷത്തെ ദൈവശാസ്ത്ര പഠനത്തിനു ശേഷം 1995 മാർച്ചിൽ ആയിരുന്നു ഫാ. സ്കറിയ കൊച്ചുമുരുപ്പേൽ വൈദികനായി അഭിഷിക്തനായത്. ആദ്യ നിയമനം ഇന്നത്തെ തിരുവനന്തപുരം സമാധാനരാജ്ഞി ബസിലിക്കയുടെ അസിസ്റ്റൻറ് വികാരിയായിട്ടായിരുന്നു. തുടർന്ന് തിരുവനന്തപുരം അതിരൂപതയിൽ വിവിധ ഇടവകകളിൽ സേവനം ചെയ്തശേഷം പുതുതായി രൂപംകൊണ്ട മാർത്താണ്ഡം രൂപതയിൽ ശുശ്രൂഷ ചെയ്യുവാനായി അദ്ദേഹം ആഗ്രഹിച്ചു. അതനുസരിച്ച് നടയ്ക്കാവിലും പരിസരപ്രദേശങ്ങളിലുമുള്ള പല മിഷൻ കേന്ദ്രങ്ങളിലും മിഷൻ വേല ചെയ്തു. സമൂഹത്തിൻറെ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ട് നിരവധി ക്ഷേമ പ്രവർത്തനങ്ങൾക്ക് അവിടെ അദ്ദേഹം നേതൃത്വം നൽകി. പ്രത്യേകിച്ചും പാവപ്പെട്ടവരെ ചേർത്തുപിടിക്കുന്നതിൽ അദ്ദേഹം എന്നും തല്പരനായിരുന്നു. തുടർന്ന് റോമിൽ ഉപരിപഠനത്തിനായി പോയപ്പോഴും തന്റെ ചുറ്റുപാടുമുള്ളവരെ അദ്ദേഹം മറന്നില്ല. ഉപരിപഠനത്തെത്തുടർന്ന് സ്വിറ്റ്സർലൻഡിലെ പള്ളികളിൽ സേവനം ചെയ്യുമ്പോഴും നമ്മുടെ നാട്ടിലെ പാവപ്പെട്ട കുട്ടികളായിരുന്നു അദ്ദേഹത്തിന്റെ മനസിലെന്നും. ട്രാൻസിറ്റ് എന്ന ഒരു വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ചുകൊണ്ട് നൂറുകണക്കിന് വിദ്യാർത്ഥികളെ ഉന്നത വിദ്യാഭ്യാസത്തിലേക്ക് കൈപിടിച്ചുയർത്തി. പരസ്യപ്രചാരണങ്ങൾ ഒന്നും കൂടാതെയായിരുന്നു ഈ ജീവകാരുണ്യ പ്രവർത്തനങ്ങൾ എല്ലാം തന്നെ. അവസാന ദിനങ്ങളിൽ തനിക്ക് അവശേഷിച്ചിരുന്ന എല്ലാ സമ്പാദ്യവും പാവപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി സമർപ്പിക്കുന്ന പദ്ധതിയും അദ്ദേഹം കൃത്യമായി ആവിഷ്കരിച്ചിരുന്നു.

സ്വിറ്റ്സർലൻഡിൽ വെച്ചാണ് 2022 ൽ അദ്ദേഹത്തിനു ലുക്കീമിയ എന്ന മാരകരോഗം പിടിപെടുന്നത്. പിന്നീടിങ്ങോട്ട് വിശ്വാസത്തിന്റെയും സഹനത്തിന്റെയും സജീവ സാക്ഷ്യമായിരുന്നു കാണാൻ കഴിഞ്ഞത്.

അദ്ദേഹത്തിന്റെ സംഭാഷണങ്ങളിൽ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും അനുരണനങ്ങൾ നിറഞ്ഞു നിന്നു. സാഹനത്തിന്റെ രക്ഷാകര മൂല്യം പകർന്നു നൽകികൊണ്ട് അനേകർക്ക് ആശ്വാസമായി. അവസാന കാലങ്ങളിൽ സി എം സി വെല്ലൂരിലും തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിലും വെച്ച് അവ്യക്തമായിട്ടാണെങ്കിലും ഉച്ചരിച്ച വാക്കുകളിൽ അഗാധമായ ദൈവസ്നേഹത്തിന്റെയും പാവങ്ങളോടുള്ള കരുതലിന്റെയും വ്യക്തമായ സൂചനയുണ്ടായിരുന്നു. ഇന്ന് ഞാൻ ദൈവത്തെ സ്തുതിക്കുന്നു, ഏതാണ്ട് അര ശതാബ്ദകാലത്തോളം ധന്യമായ ഒരു മനുഷ്യ ജീവിതത്തിൽ സഹചാരിയാവാൻ സാധിച്ചതിൽ.

www.malankaralibrary.com



# ഇന്നും അനേകം ഹൃദയങ്ങളിൽ പ്രകാശിക്കുന്ന മിഷണറി- സി. പാവന ഡി.എം

എൻറെ ആത്മാവേ നീ ശാന്തിയിലേക്ക് മടങ്ങുക. കർത്താവ് നിന്റെ മേൽ അനുഗ്രഹം വർഷിച്ചിരിക്കുന്നു. ഞാൻ ജീവിക്കുന്ന നാട്ടിൽ കർത്താവിന്റെ മുമ്പിൽ വ്യാപരിക്കും (സങ്കീർത്തനം 116 :79)

പാലാ രൂപതയിൽ കൂടല്ലൂർ ഇടവകയിൽ ചേലനിൽക്കും തടത്തിൽ കുടുംബത്തിൽ ശ്രീമാൻ കുഞ്ഞാപ്പന്റെയും ശ്രീമതി മറിയക്കുട്ടിയുടെയും നാലു മക്കളിൽ ഇളയ മകളായി മേരി എന്ന് ജ്ഞാനസ്നാനപ്പേരുള്ള സി. പാവന 1952 മെയ് 30ന് ജനിച്ചു. വീട്ടിലെ ഇളയ സന്താനം ആയിരുന്നതിനാൽ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സ്നേഹ പരിഹാളനങ്ങൾ കൂടുതലായി ലഭിച്ചു. ദൈവ സ്നേഹത്തിൻറെ കയ്യൊപ്പ് എന്നോണം ചെറുപ്പത്തിൽ തന്നെ മരണകരമായ അസുഖം പിടിപെടുകയും കർത്താവിൻറെ പ്രത്യേകമായ ഇടപെടലാൽ രോഗവിമുക്തയാകുകയും ചെയ്തു. ചെറുപ്പത്തിൽ തന്നെ വൈദികരോടും സിസ്റ്റേഴ്സിനോടും സ്നേഹവും ബഹുമാനവും സിസ്റ്റർ പുലർത്തിയിരുന്നു. കുടുംബത്തിൽ നിന്നും സിസ്റ്റേഴ്സ് ഉണ്ടായിരുന്നതിനാൽ തനിക്കും ഒരു സിസ്റ്റർ ആകണമെന്ന ആഗ്രഹം സിസ്റ്ററിൽ മുളപൊട്ടി. പരിശുദ്ധ അമ്മയോട് വ്യക്തിപരമായ ബന്ധം സൂക്ഷിച്ചിരുന്ന സിസ്റ്റർ തനിക്ക് ദൈവവിളി ലഭിക്കുവാൻ പ്രത്യേകം പ്രാർത്ഥിക്കുമായിരുന്നു. തന്റെ

പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം ബാംഗ്ലൂർ പോകണം എന്ന് ആഗ്രഹം മാതാപിതാക്കളെ അറിയിച്ചു. എങ്കിലും അവർക്ക് അതിനോട് യോജിപ്പില്ലാതിരുന്നതിനാൽ പ്രിയപ്പെട്ട സിസ്റ്ററിന്റെ പിതൃ സഹോദരി പുത്രി സി. ആൻസലം ഡി.എം ന്റെ കൂടെ 1962 ജൂൺ 18ന് സിസ്റ്റർ മാർത്താണ്ഡത്ത് വരികയും, സമൂഹത്തിലെ ആദ്യ അംഗങ്ങളിൽ ഒരാളായ പ്രിയപ്പെട്ട തെരസ്സായുടെ കീഴിൽ ആസ്പിരൻസിയും, പോസ്റ്റുലൻസിയും വളരെ സന്തോഷകരമായി പൂർത്തിയാക്കുകയും ചെയ്തു. 1969 മെയ് 14ന് നോവിഷ്യറ്റിൽ പ്രവേശിച്ചു. സിസ്റ്റർ ചില പ്രത്യേക കാര്യങ്ങൾ പൂർത്തിയാക്കാൻ സാധിക്കാതെ വീട്ടിലേക്ക് മടങ്ങേണ്ടതായി വന്നു. പ്രതികൂല സാഹചര്യങ്ങളെയും ധീരതയോടെ അതിജീവിച്ച് 1972 മെയ് 15ന് ആദ്യവ്രത വാഗ്ദാനവും 1979 മെയ് 15 ന് നിത്യവ്രത വാഗ്ദാനം നടത്തി ഈശോയ്ക്ക് തന്നെ സമർപ്പിച്ചു. പനച്ചമൂട് കല്ലുവാതുക്കൽ, കൊടിയമ്പാല, കടമ്പാ, ഗൂഡല്ലൂർ, മാർത്താണ്ഡം, താണിപ്പാടി, ഇളയാംകണ്ണി, ബാംഗ്ലൂർ, കന്യാകുമാരി, വെല്ലൂർ, പ്ലാകാല, ചെല്ലങ്കോണം, എമ്മാവൂസ്, താര ഹോസ്റ്റൽ എന്നീ ഭവനങ്ങളിൽ ആയിരുന്നു കൊണ്ട് സിസ്റ്റർ സേവനം അർപ്പിച്ചു. പല മഠങ്ങളുടെയും ബാലാരിഷ്ടതകളും അസൗകര്യങ്ങളും പ്രാർത്ഥനയുടെ പിൻബലത്തോടെ കൂടി അതിജീവിക്കുവാൻ സാധിച്ചു എന്നത് എടുത്തു പറയേണ്ടതാണ്. വിവിധ ഭവനങ്ങളിൽ ഹോസ്റ്റൽ വാർഡനായും ശുശ്രൂഷ നിർവഹിക്കുക മാത്രമല്ല ആതുരസേവന രംഗത്തും സാമൂഹ്യ സേവന മേഖലകളിലും അതിലുപരി നല്ലൊരു മിഷണറി ആയും ജീവിച്ചതിന്റെ ഫലമായി സിസ്റ്റർ ഇന്നും അനേകം ഹൃദയങ്ങളിൽ പ്രകാശിക്കുന്നു. സിസ്റ്ററിന് സമൂഹത്തോട് ഉണ്ടായിരുന്ന സ്നേഹത്തിൻറെ പ്രതിഫലനം കൂടിയാണ് മേരി മക്കൾ സന്യാസിനി സമൂഹത്തിലേക്ക് ധാരാളം ദൈവവിളികൾ ലഭിച്ചു എന്നത്. സിസ്റ്റർ എയ്ഞ്ചൽ തെരേസ് സി. പാവനയുടെ സഹോദരിയാണ്.

നിഷ്കളങ്ക പുഞ്ചിരിയും പാവങ്ങളോടുള്ള അതിരറ്റ കരുണയും ഹൃദയ വിശാലതയും സൗഹൃദപരമായ ഇടപെടലും എല്ലാറ്റിനും ഉപരി ഈശോയോടുള്ള വ്യക്തിപരമായ സ്നേഹവും പാവനാമ്മക്ക് എന്നും സ്വന്തമായിരുന്നു.

മാതൃസഹജമായ സ്നേഹത്തോടെ കൂടെയുള്ള

www.malankaralibrary.com



പരേതയായ സി. പാവന ഡി.എം
ജനനം -30051952
ആദ്യവ്രതം- 15-05-1972
മരണം - 31-07-2024

സഹോദരിമാരെയും, പരിഗണിക്കുകയും സ്നേഹിക്കുകയും അതുപോലെ തന്നെ വൈദികരോടും, വൈദിക വിദ്യാർഥികളോടും എല്ലായിപ്പോഴും വളരെ സ്നേഹവും ബഹുമാനവും കാത്തുസൂക്ഷിക്കുകയും ചെയ്തിരുന്നു.

2023 ജനുവരിയിൽ കഠിനമായ ശ്വാസതടസ്സത്തെ തുടർന്ന് സി. പാവനയെ തിരുവനന്തപുരം അനന്തപുരി ഹോസ്പിറ്റലിൽ തീവ്രപരിചരണവിഭാഗത്തിൽ പ്രവേശിപ്പിച്ചു. എന്നാൽ പ്രിയപ്പെട്ട സിസ്റ്റർ പാവനയുടെ ആഗ്രഹപ്രകാരം പനച്ചുമൂട് ഹോസ്പിറ്റലിലേക്ക് കൊണ്ടുവരികയും ചികിത്സകൾ നടത്തിവരികയും ചെയ്തു. മരണത്തെ മുഖാഭിമുഖം കണ്ട ദിവസങ്ങൾ ആയിരുന്നു അത്. എന്നാൽ ഏവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് മരണത്തിന്റെ നിഴൽ വീഴുന്ന താഴ്വരയിൽ നിന്നും ജീവിതത്തിൻറെ പാന്ഥാവിലേക്ക് തിരിച്ചുവന്ന സി. പാവന വീണ്ടും സ്വന്തം കമ്മ്യൂണിറ്റിയിലേക്ക് വന്നു തന്റെ ശുശ്രൂഷകൾ തുടർന്നുവന്നത് അത്ഭുതവാഹമാണ്. തുടർന്ന് താരാ ഹോസ്റ്റലിൽ തന്റെ ശുശ്രൂഷകൾ ചെയ്തുവരവേ 2024 ജൂലൈ 20ന് ശ്വാസതടസ്സവും ക്ഷീണവും അനുഭവപ്പെട്ടതിനാൽ വിദഗ്ധ പരിശോധനയ്ക്കായി പനിച്ചുമൂട് ഹോസ്പിറ്റലിൽ കൊണ്ടു പോയി. എന്നാൽ ആരോഗ്യനില മോശമായിവന്നു.

ശ്വാസതടസ്സവും കൂടിക്കൊണ്ടേയിരുന്നു. തന്റെ അന്ത്യനിമിഷം മുന്നിൽ കണ്ടിട്ട് എന്നോണം സഹോദരിമാരെ ഫോണിൽ വിളിച്ചു യാത്രപറയുകയും, സിസ്റ്ററിന്റെ സുപ്പീരിയർ ആയിരുന്ന സി. ഫ്ളവർ ജോണിനോട് ഇനി നമ്മൾ കാണുകയില്ലായെന്ന് പറയുകയും ചെയ്തു. ആരോഗ്യസ്ഥിതി ഗുരുതരം ആണെന്നറിഞ്ഞ് ബഹുമാനപ്പെട്ട മദർ ജനറൽ മദർ ലിഡിയയും മറ്റു മദർ പ്രൊവിൻഷ്യൽസും സി. പാവനയെ സന്ദർലശിക്കുകയും പ്രാർത്ഥനയാലും സാന്നിധ്യത്താലും ശക്തിപ്പെടുത്തുകയും ചെയ്തു. അന്നേ ദിവസം നല്ല ഒരു കുമ്പസാരം നടത്തി.

2024 ജൂലൈ 31ന് രാത്രി 8 മണിയോടെ ബഹുമാനപ്പെട്ട മദർ റോസ് ഫ്രാൻസിസ്, സിസ്റ്റ്ററിനെ സന്ദർശിക്കുകയും മണിക്കൂറുകളോളം പ്രാർത്ഥനയിൽ ചെലവഴിക്കുകയും ചെയ്തു. അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് പിതാവിനെ വിവരം അറിയിക്കുകയും, പിതാവ് ഫോണിൽ കൂടി പ്രാർത്ഥിക്കുകയും ആശിർവാദം നൽകുകയും ചെയ്തു. തന്റെ സ്വർഗീയ യാത്രയ്ക്കുള്ള ആശീർവാദമായിരുന്നു അത്. ഏതാനും മണിക്കൂറുകൾക്കു ശേഷം രാത്രി 11.50 ന് ശാന്തമായി സി. പാവനയു**ടെ ആ**ത്മാവ്, ആത്മനാഥനിൽ വലയും പ്രാപിച്ചു. മരണവാർത്ത അറിഞ്ഞ ഉടനെ പനച്ചമൂട് വികാരിയും മഠത്തിന്റെ ചാപ്ലയിനുമായ വന്ദ്യ എസ്. വർഗീസ് കോർ എപ്പിസ്കോപ്പായും, ബഹുമാനപ്പെട്ട അഭിഷേക് അച്ചനും ചേർന്ന് ധൂപ പ്രാർത്ഥന നടത്തി. ബഹുമാനപ്പെട്ട മദർ റോസ് ഫ്രാൻസീസും ടീം മെമ്പേഴ്സും, സിസ്റ്റേഴ്സും സന്നിഹിതരായിരുന്നു. പ്രാർത്ഥനയെ തുടർന്ന് സിസ്റ്റർ പാവനയുടെ ഭൗതീക ശരീരം കാരക്കോണം മെഡിക്കൽ കോളേജ് മോർച്ചറിയിലേക്ക് മാറ്റി . 2024 ആഗസ്റ്റ് 1 രാത്രി എട്ടു മണിയോടെ സി. പാവനയുടെ ഭൗതികശരീരം മാർത്താണ്ഡം മാതൃഭാവനത്തിലേക്ക് കൊണ്ടുവന്നു. തുടർന്ന് അഭിവന്ദ്യ പിതാക്കന്മാരും ബഹുമാനപ്പെട്ട വൈദികരും വന്ന് പ്രാർത്ഥന നടത്തിക്കൊണ്ടിരുന്നു. 2024 ആഗസ്റ്റ് 2 ഉച്ചകഴിഞ്ഞ് 2. 30 ന് അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് പിതാവിനെയും മറ്റ് അനേകം വൈദീകരുടെയും സാന്നിധ്യത്തിൽ സി.പാവനയുടെ ശവസംസ്കാര ശുശ്രൂഷകൾ നടന്നു. പ്രിയപ്പെട്ട സിസ്റ്റർ പാവന കറതീർന്ന സ്നേഹത്താൽ, തന്നെ വിളിച്ചവനെ വിശ്വസ്തതയോടെ പിൻതുടർന്ന് സ്വർഗീയ ഭവനത്തിലേക്ക് യാത്രയായി.

പ്രിയപ്പെട്ട സിസ്റ്റർ പാവനയ്ക്ക് നിത്യശാന്തി നേരുന്നു.

**ദൈ-വാത്മജനേ, ശാശ്വത രാജ്യ-ത്താശ്വാ-സം നിൻ ദാസിക്കേകുക ധാർമ്മികരൊപ്പം- ശുദ്ധരുമൊന്നായ്.**

www.malankaralibrary.com

# ഓർമ്മയിൽ ആചാര്യന്മാർ

ആചാര്യശ്രേഷ്ഠാ നിൻ രഹസ്യങ്ങൾ
പരികർമ്മിച്ചൊരു ആചാര്യന്മാർക്ക
പുണ്യം നാഥാ സ്തോത്രം!

www.manivilaku.com

## Thiruvananthapuram

| | |
|---|---|
| Rt. Rev. Msgr. Joseph Kuzhinjalil | 23-08-1983 |
| Rt. Rev. Joseph Gnayalloor Remban | 28-08-2012 |
| Rev. Fr.Geevarghese Puthenpurackal (Kadammanitta) | 16-08-1955 |
| Rev. Fr. Younan Njapallil (Pongalady) | 17-08-1966 |
| Rev. Fr. Thomas Mooleveettil | 27-08-2017 |
| Rev. Fr. Lukose Makil | 31-08-1980 |
| Rev. Fr. Kuriakose Thaliath (Sooranad) | 26-08-1969 |
| Rev. Fr. Jacob Puthenveettil (Thumpamon) | 29-08-1948 |
| Rev. Fr. Francis Kodakanady CMI | 28-08-1969 |
| Rev. Fr. Alexander Pampooreth (Pandalam) | 09-08-1976 |
| Rev. Fr. Abraham Thazhayil (Elanthoor) | 11-08-1943 |
| Rt. Rev. Msgr. Joseph Kuzhinjalil | 23-08-1983 |

## Bathery

| | |
|---|---|
| REV. FR. MATHEW CHAMAKALAYIL | 2015-08-07 |

## Triruvalla

| | |
|---|---|
| Rev. Fr. Varghese Karikkott | 21 -08- 2010 |
| Rev. Fr. Philipose Elavatta | 02 -08- 1967 |
| Rev. Fr. Joseph Pattassery | 11 -08- 1988 |
| Rev. Fr. Joseph Pattani | 14 -08- 1994 |
| Rev. Fr. Joseph Cherupuzhathottam | 08 -08-1992 |
| Rev. Fr. Jacob Mundaplackal | 30-08-1963 |
| Rev. Fr. David Payyampallil | 09-08-1980 |
| Rev. Fr. Chacko Elavumparampil | 28-08-1999 |
| Rev. Fr. Antony Karatt | 16-08-1994 |
| Rev. Fr. Alexander Chalunkaparampil | 25-08-2008 |

www.manivilaku.com

## Mavelikkara

| | |
|---|---|
| Rev. Fr. Mathew Chengalloor | 24 -08- 2013 |
| Rev. Fr. Jacob Vilayil | 29 -08- 2010 |

## Bethany

| | |
|---|---|
| Fr. Paul Thekkekara OIC | 22 -08-1980 |

ഓർമ്മയിൽ ആചാര്യന്മാർ

www.malankaralibrary.com

# ഓർമ്മയിൽ വന്ദ്യ സന്ന്യാസിനിമാർ

നിൻ ദയയിങ്കൽ ശരണിതയായ്
നിദ്രയടഞ്ഞൊരു സോദരിയെ
നിൻ മഹിമോദയ ദിവസത്തിൽ നിൻ
കാരുണ്യം കാട്ടേണം

## ബഥനി സന്ന്യാസിനിമാർ

| | |
|---|---|
| Mother Trisus | 22-08-1974 |
| Mother Basim | 01-08-1993 |

### Thiruvananthapuram

| | |
|---|---|
| Sr. Habeeba sic | 31-08-1984 |
| Sr. Slomo sic | 08-08-2001 |
| Sr. Julithy sic | 31-08-2010 |
| Sr. Eugenia sic | 18-08-2015 |
| Sr. Augustine sic | 09-08-2020 |

### Thiruvalla

| | |
|---|---|
| Sr. Thekla sic | 15-08-1963 |
| Sr. Nuhra sic | 16-08-1996 |
| Sr. Carmal sic | 14-08-1999 |
| Sr. Cicily sic | 14-08-2010 |
| Sr. Elizabeth sic | 11-08-2011 |
| Sr. Nayomi sic | 26-08-2016 |
| Sr. Beatrice sic | 20-08-2017 |

### Pathanamthitta

| | |
|---|---|
| Sr. Thejus sic | 31-08-2017 |

### Bathery

| | |
|---|---|
| Sr. Scholastica sic | 10-08-2020 |
| Sr. Pelagia sic | 24-08-2020 |

## മേരി മക്കൾ സന്ന്യാസിനിമാർ

### Daughters of Mother Mary

| | |
|---|---|
| Rev.Sr.Josephine DM - | 09-08-1976 |
| Rev.Sr.Zita DM - | 27-08-1986 |
| Rev.Sr.Celine DM - | 27-08-1998 |
| Rev.Sr.Lilly Francis DM - | 09-08-2005 |
| Rev.Sr.Isabella DM - | 10-08-2009 |
| Rev.Sr.Mary Jamma DM - | 20-08-2009 |
| Rev.Sr.Alphonsa DM - | 05-08-2018 |
| Rev.Sr.Vincent DM - | 17-08-2018 |
| Rev.Sr.Rose Grace DM - | 24-08-2014 |
| Rev.Sr.Celestina DM - | 26-08-2014 |
| Rev.Sr.Regina DM - | 29-08-2014 |
| Rev.Sr.Mary Delphina DM - | 17-08-2020 |
| Rev.Sr.Preshitha DM - | 17-08-2021 |
| Rev.Sr.Mary Pazi DM - | 03-08-2022 |
| Rev.Sr.Mary Monica DM - | 01-08-2022 |

www.malankaralibrary.com

# 78 –ന്റെ നിറവിൽ ഇന്ത്യ

August 15th



**അഭിലാഷ് ലാസർ ജോർജ് തേരകത്ത്**
സെൻറ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ഇളമണ്ണൂർ

പ്രാണനേക്കാൾ വലുതാണ് പിറന്ന നാടിൻറെ മാനവും സ്വാതന്ത്ര്യവും എന്ന് ചിന്തിച്ച ഒരു തലമുറയുടെ ത്യാഗമാണ് നാമിന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യം. അവരുടെ ത്യാഗവും ചിന്തിയ ചോരയും നൽകിയ ജീവനും വ്യർത്ഥമാകാതിരിക്കാൻ ഒരേ ഒരിന്ത്യ.... ഒരൊറ്റ ജനത എന്ന ആശയവുമായി നാടിൻറെ നന്മയ്ക്കായി ഒന്നായി പ്രവർത്തിക്കാം... എൻറെ പ്രിയപ്പെട്ട വായനക്കാർക്ക് ഹൃദയത്തിൻറെ ഭാഷയിൽ സ്വാതന്ത്ര്യദിന ആശംസകൾ നേർന്നുകൊള്ളുന്നു.

ബ്രിട്ടീഷ് അടിച്ചമർത്തലിനെതിരെ പോരാടി ഭാരതം സ്വാതന്ത്ര്യം നേടിയെടുത്തതിന്റെ ആവേശപൂർവ്വമായ ഓർമപുതുക്കലാണ് ഓരോ ഓഗസ്റ്റ് പതിനഞ്ചും. രാജ്യമെങ്ങും ത്രിവർണ പതാക വാനോളം ഉയർത്തുമ്പോൾ ഭാഷയുടെയും വേഷത്തിൻറെയും അതിർത്തികളെല്ലാം മറന്ന് ഓരോ ഭാരതീയനും അഭിമാനത്തിൻറെ കൊടുമുടിയിലെത്തും.

സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിൻറെ അധിപരെപ്പോലും മുട്ടുമടക്കിച്ച, നിശ്ചയദാർഢ്യത്തോടെ, ആത്മബലത്തോടെ പോരാടിയ പൂർവികരുടെ കഥകൾ പുതുതലമുറക്കാർക്കായി വീണ്ടും വീണ്ടും മടുപ്പില്ലാതെ പറയും, പാടും..
1947 ഓഗസ്റ്റ് 14ന് അർധരാത്രിയിൽ പാർലമെൻറിലെ ദർബാർ ഹാളിൽ നടത്തിയ പ്രസംഗം.. ലോകചരിത്രത്തിൻറെ സുവർണ ലിപികളിൽ എഴുതിച്ചേർക്കപ്പെട്ടു. നെഹ്റുവിൻറെ തന്നെ ഭാഷയിൽ, 'ലോകം മുഴുവൻ ഉറങ്ങുന്ന സമയത്ത് ഇന്ത്യ പുതുജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ഉണരുകയാണ്,' എന്നു പറഞ്ഞ് നടത്തിയ ആ പ്രഖ്യാപനമാണ് ഇന്ത്യൻ സ്വാതന്ത്ര്യ ദിനത്തിലെ ആദ്യത്തെ പ്രസംഗം . പതിറ്റാണ്ടുകളായി അന്നുമുതൽ ഇന്നുവരെ ഓഗസ്റ്റ് മാസം, 15 തീയതി രാജ്യം സ്വാതന്ത്ര്യ ദിനമായി ആഘോഷിക്കുന്നു. സ്വാതന്ത്ര്യത്തിലേക്കുള്ള ഇന്ത്യയുടെ യാത്ര അപാരമായ ത്യാഗവും ധൈര്യവും ഐക്യവും നിറഞ്ഞ ഒരു പാതയായിരുന്നു. 1857 ലെ കലാപം മുതൽ ക്വിറ്റ് ഇന്ത്യാ സമരം വരെ നമ്മുടെ സ്വാതന്ത്ര്യ സമരസേനാനികൾ നമ്മുടെ സ്വാതന്ത്ര്യം നേടിയെടുക്കാൻ നിരവധി വെല്ലുവിളികൾ നേരിട്ടു.
ഇന്ന് നാം സ്വതന്ത്രരായി നിൽക്കുന്നത് നമ്മുടെ സ്വാതന്ത്ര്യത്തിനായി പോരാടിയ എണ്ണമറ്റ ധീരന്മാർ കാരണമാണ്. ഭഗത് സിംഗ്, റാണി ലക്ഷ്മിഭായി, സുഭാഷ് ചന്ദ്രബോസ് തുടങ്ങിയ വീരന്മാർ നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി ജീവിതം സമർപ്പിച്ചവരിൽ പ്രാധാന്യമുള്ളവരായി.

ആയുധം വേണ്ട അഹിംസയാണ് ഞങ്ങളുടെ ആയുധം എന്ന് ലോകത്തോട് വിളിച്ചു പറഞ്ഞ നമ്മുടെ ധീരനായ രാഷ്ട്രപിതാവ് മോഹൻദാസ് കരംചന്ദ് ഗാന്ധി. ( മഹാത്മാഗാന്ധി) ക്രിസ്തുവിൻറെ മൂല്യങ്ങളും


www.malankaralibrary.com

തത്വങ്ങളും അദ്ദേഹം വിശ്വസിച്ചിരുന്നു അദ്ദേഹം അത് പ്രാവർത്തികമാക്കിയിരുന്നു.
കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്' എന്നു പറഞ്ഞത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, ഒരു ദുഷ്ടനെ എതിർക്കരുത്. ആരെങ്കിലും നിങ്ങളുടെ വലത് കവിളിൽ അടിക്കുകയാണെങ്കിൽ, മറ്റേ കവിളും അവരുടെ നേരെ തിരിക്കുക.'

ഇന്ത്യയുടെ സ്വാതന്ത്ര്യദിനം ഭൂതകാലത്തെ മാത്രമല്ല; വർത്തമാനകാലത്തെക്കുറിച്ച് ചിന്തിക്കാനും നമ്മുടെ ഭാവി ദൃശ്യവത്കരിക്കാനുമുള്ള സമയം കൂടിയാണിത്. ഈ മഹത്തായ രാജ്യത്തിന്റെ പൗരന്മാർ എന്ന നിലയിൽ, നീതി, സമത്വം, സാഹോദര്യം എന്നിവയുടെ തത്വങ്ങൾ ഉയർത്തിപ്പിടിക്കാനുള്ള ഉത്തരവാദിത്തം നമ്മൾ വഹിക്കുന്നു. ഓരോ വ്യക്തിക്കും അവരുടെ പശ്ചാത്തലം പരിഗണിക്കാതെ അഭിവൃദ്ധി പ്രാപിക്കാൻ അവസരമുള്ള ഒരു സമൂഹം കെട്ടിപ്പടുക്കാൻ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

വെല്ലുവിളികളെ അഭിമുഖീകരിക്കുമ്പോൾ, സ്വാതന്ത്ര്യത്തിനായുള്ള നമ്മുടെ പോരാട്ടത്തെ നിർവചിച്ച ഐക്യത്തിൽ നിന്ന് നമുക്ക് പ്രചോദനം ഉൾക്കൊള്ളാം. നമ്മുടെ വൈവിധ്യമാണ് നമ്മുടെ ശക്തി, അത് ഉൾക്കൊള്ളുന്നതിലൂടെ, നമ്മുടെ വഴിയിൽ വരുന്ന ഏത് പ്രതിബന്ധത്തെയും മറികടക്കാൻ നമുക്ക് കഴിയും.

നമ്മുടെ ദേശീയ പതാക ഉയർത്തുമ്പോൾ, അത് നമ്മുടെ പങ്കിട്ട അഭിലാഷങ്ങളുടെയും ഒരു നല്ല നാളെക്കായുള്ള പ്രതിബദ്ധതയുടെയും പ്രതീകമാകട്ടെ. നമ്മുടെ പതാകയുടെ നിറം പ്രതിനിധീകരിക്കുന്നത് പോലെ:കുങ്കുമം, ധീരതയെയും, ത്യാഗത്തെയും സൂചിപ്പിക്കുന്നു വെള്ള എന്നത് സമാധാനത്തെയും, സത്യത്തെയും സൂചിപ്പിക്കുന്നു പച്ച എന്നത് വിശ്വാസത്തെയും, ധീരതയെയും സൂചിപ്പിക്കുന്നു എല്ലാവർക്കും സ്വാതന്ത്ര്യദിനാശംസകൾ! ജയ് ഹിന്ദ്!



## വി.ജോൺ മരിയ വിയാനി

(8 മേയ് 1786 4 ആഗസ്റ്റ് 1859),

വിശുദ്ധ ജോൺ വിയാനി കത്തോലിക്കാ സഭയിലെ ഒരു വിശുദ്ധനാണ്. അദ്ദേഹം ഫ്രാൻസിലെ ഒരു കത്തോലിക്കാ പുരോഹിതനായിരുന്നു. കിഴക്കൻ ഫ്രാൻസിൽ ആർസ് ഗ്രാമത്തിൽ ഇടവകവികാരി ആയിരുന്ന അദ്ദേഹം ആർസിലെ വികാരി (Curé d'Ars) എന്ന പേരിലും അറിയപ്പെടുന്നു. തന്റെ സമൂഹത്തിലും ചുറ്റുപാടിലും ഉളവാക്കിയ ആത്മീയ രൂപാന്തരീകരണം അദ്ദേഹത്തിന്റെ പുരോഹിതവൃത്തി അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടാൻ ഇടയാക്കി.
പുരോഹിതരുടെ മദ്ധ്യസ്ഥനായി അദ്ദേഹത്തെ സഭ വണങ്ങുന്നു.

www.malankaralibrary.com



**Capt. N k Antony**
Adoor



# From Ambition to Honor: My Journey as an Indian Army Officer

I have joined the Indian Army Corp signals in 1960 while I was studying at SB college changanacherry. My parents were not happy to join the army but I have an ambition to serve any motherland as an Officer in the army.

I had been in almost all the states in the country, especially in Lah, where the temperature goes up to -40°C and in pakaram when mercury reach at +40°C. After serving for 31 years my heart swells with pride and gratitude. It has been the greatest honour of my life to serve my motherland.

I have participated 3 military operations such as, the Chinese aggression in 1962 Pakistan in 1965 and bengal operation in 1971. For my distinguished service awarded honorary captain in 1991 on Republic day of the country. I take this opportunity to advice the new generation to join the Indian Army for a bright future.

www.malankaralibrary.com






**സബീഷ് പുതുമന**
സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക പള്ളി ചേലക്കര
മുവാറ്റുപുഴ ഭദ്രാസനം

സ്വാതന്ത്ര്യം തന്നെ അമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യംമാനികൾക്ക്
മൃതിയെക്കാൾ ഭയാനകം

മഹാകവി കുമാരനാശാന്റെ വരികൾ വളരെ പ്രശസ്തമാണ്. വലിയൊരു അടിമത്വത്തിൽ നിന്നും രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയ ഒരു ജനതയുടെ ഓർമ്മ പുതുക്കൽ ദിനമാണ് ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം. സ്വാതന്ത്ര്യം, എന്നാൽ ഇഷ്ടമുള്ളത് പറയുകയും ചെയ്യുകയും അല്ല മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ ആദരിക്കാനും അംഗീകരിക്കാനും കഴിഞ്ഞെങ്കിൽ മാത്രമേ നമ്മുടെ സ്വാതന്ത്ര്യം അർത്ഥപൂർണ്ണം ആകുകയുള്ളൂ. നമ്മുടെ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണമെങ്കിൽ മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ നാം ബഹുമാനിക്കണം. കവിയും ചിന്തകനുമായ ജോൺ മിൽട്ടന്റെ വാക്കുകൾ ഇവിടെ പ്രശസ്തമാണ് അറിയുവാനും അറിവിനെ പ്രഖ്യാപിക്കുവാനും മനസ്സാക്ഷിക്ക് അനുസരണം സ്വതന്ത്രമായി വാദിക്കാനും ഉള്ള പരമമായ സ്വാതന്ത്ര്യം എനിക്ക് പ്രധാനം ചെയ്താലും!.

ഇന്ത്യ ൻഭരണഘടന നമുക്ക് അനുവദിച്ചു തരുന്ന ചില അവകാശങ്ങൾ ഉണ്ട്. അതിന്റെ ഏറ്റവും വലിയ സൗന്ദര്യം എന്നു പറയുന്നത് മതേതരത്വമാണ്. വ്യത്യസ്ത മതവിശ്വാസം ഉള്ളവരും, വ്യത്യസ്ത ഭാഷാകാരും, അവർണ്ണരും, സവർണ്ണരും എല്ലാം അതിന്റെ വലിയ തണലിൽ സുരക്ഷിതമായി ചേക്കേറുന്നു. ലോകത്തിൽ ഏറ്റവും ശക്തമായ ജനാധിപത്യം നിലനിൽക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് നമ്മുടേത്. ഭരണകൂടത്തിന്റെ പരമ ലക്ഷ്യത്തെപ്പറ്റി ഇന്ത്യയുടെ പ്രധാനമന്ത്രിയും ഭരണഘടന നിർമ്മാണ സമതിയുടെ അധ്യക്ഷനുമായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇപ്രകാരം എഴുതി. ല ക്ഷ്യ പ്ര ാ പ് ത്ഥി ക്ക ു ള്ള ഒരു ഉപകരണം മാത്രമാണ് ഭരണകൂടം സ്വാതന്ത്ര്യം തന്നെ നമ്മെ ഒരു ലക്ഷ്യത്തിലെത്തിക്കാനുള്ള മാർഗം ആണല്ലോ. ജനങ്ങളുടെ ക്ഷേമമാണ് ഗവൺമെന്റിന്റെ അന്തിമലക്ഷ്യം അവരുടെ വളർച്ചയെ സഹായിക്കുക ദാരിദ്ര്യവും രോഗവും കഷ്ടപ്പാടുകളും തുടച്ചുനീക്കുക മനസമാധാനത്തോടും ആരോഗ്യത്തോടും സുഖജീവിതം നയിക്കാനുള്ള അവസരം എല്ലാവർക്കും ഉണ്ടാക്കുക ഇതാണ് ഒരു രാഷ്ട്രത്തിന്റെ ലക്ഷ്യം. 2500 വർഷങ്ങൾക്കു മുമ്പ് ജീവിച്ച ചൈനീസ് തത്വചിന്തകൻ കൺഫ്യൂഷസിനോട് ഉത്തമമായ ഭരണത്തിലുള്ള മാർഗം എന്താണെന്ന് ചോദിച്ചപ്പോൾ നൽകിയ ഉത്തരം വളരെ അർത്ഥവത്താണ്. ഒന്നാമതായി അദ്ദേഹം പറഞ്ഞത്. ധനം ക്ഷേമത്തിനായി മാത്രം ഉപയോഗിക്കുക 2. താങ്ങാൻ വയ്യാത്ത നികുതി ഭാരം ജനങ്ങളുടെ മേൽ ചുമത്താതിരിക്കുക 3. ഭരണകർത്താവ് ദുരാഗ്രഹങ്ങളിൽ നിന്നും അകന്നു നിൽക്കുക 4. അഹംഭാവം അകറ്റുക 5. മറ്റുള്ളവരുടെ സ്നേഹാദരവുകൾ നേടുന്ന വിധത്തിൽ മാന്യമായി പെരുമാറുക ഓരോ ഭരണാധികാരികൾക്കും മാതൃകാപരമാണ് അദ്ദേഹത്തിന്റെ വാക്കുകൾ. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 78 വർഷങ്ങൾ പിന്നിട്ടിരിക്കുന്ന വേളയിൽ നമ്മുടെ രാഷ്ട്രശിൽപികൾ വിഭാവനം ചെയ്ത സമത്വ സുന്ദരമായ ഇന്ത്യൻ എന്നും നമ്മുക്ക് അഭിമാനമാണ്. എന്നാൽ ഈ അടുത്തകാലത്തായി ഉായ ഒറ്റപ്പെട്ട വിഭാഗീയ സംഭവങ്ങൾ നമ്മുക്ക് ഏറെ ആശങ്കകൾ നൽക്കുന്നതാണ്. അത്തരം സംഭവങ്ങൾ ഇനി ഒരിക്കലും ആവർത്തിക്കപ്പെടാത്തിരിക്കട്ടെ എന്ന് പ്രത്യാശിക്കാം.

ഈ സ്വാതന്ത്ര്യദിനം സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും കൂട്ടായ്മയുടെയും വലിയ സന്ദേശം നൽകുന്നതായിരിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

www.malankaralibrary.com


# മദ്റോശോ

തുടർച്ച

2013 ആഗസ്റ്റ് 18.
സാമൂഹ്യനീതി ഞായർ

## തേജസ്ക്കരണ ശേഷം 2ാം ഞായർ സുപ്രധാനമായ കല്പന

(മർ. 12:28-34)

ഈ അടുത്ത കാലത്തായി വാർത്താ ചാനലുകളിൽ പ്രത്യക്ഷപ്പെടുന്ന മാദ്ധ്യമ വിചാരണങ്ങൾ കോടതികളിൽ നടക്കുന്ന വിസ്താരങ്ങളെപ്പോലും അതിശയിക്കുന്ന രീതിയിലുള്ളതാണ്. സത്യം പുറത്തുകൊണ്ടു വരാനുള്ള താല്പര്യമാണ് എന്ന് തോന്നാമെങ്കിലും വളരെ സൂക്ഷ്മമായി ശ്രദ്ധിച്ചാൽ ആ ചർച്ചകൾ നയിക്കുന്നവരുടെ സ്ഥാപിത താല്പര്യങ്ങൾ ഒളിഞ്ഞും തെളിഞ്ഞും കടന്നു വരുന്നത് കാണാം. ചോദിക്കുന്നവരും പറയുന്നവരും എല്ലാം ചില ഗൂഢ ഉദ്ദേശങ്ങൾ മനസ്സിൽ കരുതിക്കൊണ്ട് എതിരാളികളെ ഏതുവിധേനയും നശിപ്പിക്കാനാണ് ശ്രമിക്കുന്നത്. അവർ പറയുന്ന മുഖസ്തുതികളുടെ പിമ്പിലും കാണും ചില കെണികളും ഒളിയമ്പുകളും.

ഇപ്രകാരമുള്ള ഒരു പൊതുവിചാരണയിലൂടെ യേശുവിനെ കുടുക്കുവാൻ ഒരുങ്ങി പുറപ്പെട്ട മതമേധാവികളും രാഷ്ട്രീയക്കാരും ഒത്തുചേർന്ന് അവതരിപ്പിച്ച രണ്ട് ചോദ്യങ്ങളെ വളരെ ബുദ്ധിപൂർവ്വം കൈകാര്യം ചെയ്ത ക്രിസ്തുവിനെക്കുറിച്ച് ശരിക്കും മതിപ്പു തോന്നിയ പ്രമാണിമാരിൽ ഒരാൾ മുൻപോട്ടു വന്ന് ആത്മാർത്ഥമായ താല്പര്യത്തോടു കൂടി ചോദിച്ചു: സുപ്രധാനമായ കല്പന ഏതാണ്? ഒന്നാമത്തെ ചോദ്യം സീസറിന് നികുതി കൊടുക്കുന്നത് ഉചിതമാണോ എന്നായിരുന്നു. രണ്ടാമത്തെ ചോദ്യം, മരണാനന്തര ജീവിതത്തേക്കുറിച്ചും. ചോദ്യകർത്താക്കളുടെ മനസിലിരിപ്പ് നല്ലതായാലും ചീത്തയായാലും യേശുവിന്റെ മറുപടി എല്ലാവിധ ആത്മാർത്ഥതയോടും സദുദ്ദേശത്തോടും കൂടെയായിരുന്നു. ചോദ്യകർത്താക്കളെ പരിഹസിക്കാനോ കൊച്ചാക്കാനോ സ്വയം വലിയഭാവം നടിക്കാനോ വേണ്ടി ആയിരുന്നില്ല. ഏതൊരു ക്രിസ്തുശിഷ്യനും മാതൃകയാക്കേണ്ട മഹത്തായ സദ്ഗുണമാ ഇവിടെ ഉന്നയിക്കപ്പെട്ട ചോദ്യത്തിന്റെ പ്രസക്തി മനസിലാക്കണമെങ്കിൽ അന്ന് നിലവിലുണ്ടായിരുന്ന നിയമസംഹിതകളെക്കുറിച്ച് ചില കാര്യങ്ങൾ അറിഞ്ഞിരിക്കണം. പൊതുജനങ്ങൾ ധരിച്ചുവെച്ചിരിക്കുന്നതുപോലെ 10 കല്പനകൾ മാത്രമല്ല യഹൂദന്മാരുടെ ജീവിതത്തെ നിയന്ത്രിച്ചിരുന്നത്, 613 വ്യത്യസ്ഥ നിയമങ്ങളുടെ സമാഹാരമായ 'തോറാ'യും വാമൊഴിയായി പ്രചരിച്ചിരുന്ന മറ്റ് അനേകം നടപടിക്രമങ്ങളും പാലിക്കുവാൻ അവർ നിർബ്ബന്ധിതരായിരുന്നു. എല്ലാറ്റിനും തുല്യപ്രാധാന്യം നൽകിയിരുന്നുവെന്ന് കരുതേണ്ടതില്ല. ഏറ്റം സുപ്രധാനമായ കല്പന ഏതെന്ന് കണ്ടുപിടിച്ച് അതനുസരിക്കാനും മറ്റുള്ളവയെ അവഗണിക്കാനും വേണ്ടിയിട്ടല്ല. ഓരോന്നിനും അർഹമായ പ്രാധാന്യം നൽകി അനുവർത്തിക്കാനായിട്ടാണ് നോക്കുന്നത്. യേശു തന്നെ പറഞ്ഞിരിക്കുന്നത്: 'ഈ പ്രമാണങ്ങളിൽ ഏറ്റവും നിസ്സാരമായ ഒന്ന് ലംഘിക്കുകയോ ലംഘിക്കാൻ മറ്റുള്ളവരെ പഠിപ്പിക്കുകയോ ചെയ്യുന്നവൻ സ്വർഗ്ഗ രാജ്യത്തിൽ ചെറിയവൻ എന്ന് വിളിക്കപ്പെടും' (മത്താ. 5:19).

നിയമാവർത്തനം 6:5-ഉം ലേവ്യപുസ്തകം 19:18-ഉം കൂട്ടിയോജിപ്പിച്ച് സ്നേഹത്തിന്റെ സാമ്രാജ്യത്തിന് അടിസ്ഥാനം ഉറപ്പിക്കുകയാണ് യേശു ചെയ്തത്. ദൈവം സർവ്വശക്തനും എല്ലാ നന്മയുടെയും സൗന്ദര്യത്തിന്റെയും വിളനിലവുമാകയാൽ അവിടുത്തെ സ്നേഹിക്കുവാനോ, സ്നേഹിക്കുന്നു എന്ന് ഉറക്കെ പ്രഖ്യാപിക്കാനോ ആർക്കും ഒരു തടസ്സവും ഉണ്ടാകാൻ വഴിയില്ല. വലിയ വലിയ ആൾക്കാരോട് സ്നേഹം കൂടാൻ എല്ലാവർക്കും താല്പര്യമാണല്ലോ. ഉദ്ദിഷ്ടകാര്യ സാധ്യം തന്നെ ലക്ഷ്യം. ഇക്കാര്യം നന്നായി അറിയാവുന്നത് ക്രിസ്തുവിനു തന്നെയാണല്ലോ. അതിനാൽ മാനവസേവ തന്നെയാണ് മാധവസേവ എന്ന് ഊന്നിപ്പറയാൻ യേശു ധൃതി കൂട്ടുന്നതാണ് നാം ഇവിടെ കാണുന്നത്. ഒരേ നാണയത്തിന്റെ രണ്ട് വശങ്ങൾ പോലെ മോഹം,

www.malankaralibrary.com


അഭിലാഷം, ഇഷ്ടം എന്നിങ്ങനെയുള്ള മൃദുല വികാരങ്ങൾക്ക് സ്നേഹം എന്ന വാക്ക് ഉപയോഗിച്ച് ആ പദത്തിന് മൂല്യശോഷണം സംഭവിച്ച് പോയിട്ടുണ്ട്. സ്നേഹം നമ്മുടെ ഓരോ ചലനങ്ങളിലും പ്രത്യക്ഷപ്പെടുന്ന ജീവിതശൈലിയായി മാറണം. 'ജീവനുമെന്റെ സർവ്വസ്വവും നിൻ മുൻപിലണച്ചു കുമ്പിടുന്നു' എന്ന് 100% ആത്മാർത്ഥതയോടെ പറയുവാൻ മനസ്സൊരുക്കമുള്ള സ്നേഹമാണീശ്വരൻ ഇഷ്ടപ്പെടുന്നത്. ദൈവം നമുക്ക് നൽകിയിരിക്കുന്ന വിശേഷബുദ്ധിയും മറ്റെല്ലാ കഴിവുകളും ദൈവകല്പനകൾ കുറ്റമറ്റവിധം പാലിക്കുന്നതിനും ദൈവരാജ്യം സ്ഥാപിക്കുന്നതിനും വേണ്ടിയാണോ നാം വിനിയോഗിക്കുന്നതെന്ന് പരിശോധിച്ച് നോക്കിയാലറിയാം നമ്മുടെ ദൈവസ്നേഹത്തിന്റെ മാറ്റ്.

ഓരോ കത്തോലിക്കനും ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും നല്ല മാതൃകകളായിരുന്നെങ്കിൽ മറ്റെല്ലാ ജനതകളും കത്തോലിക്കാ സഭയിലേക്ക് ഇടിച്ചു കയറിയേനേ. കാരണം ഏത് ഉച്ചഭാഷിണിയെക്കാൾ ഉറക്കെ സംസാരിക്കുന്നത് നല്ല മാതൃകകളാണ്. 'ഇസ്രായേലേ കേൾക്കുക' എന്ന ആമുഖത്തോടെ അവരുടെ ശ്രീമോനമസ്കാരത്തിലെ രണ്ടു വരികൾ ഉച്ചരിച്ച് കേൾപ്പിച്ചപ്പോൾ ആ യഹൂദ പ്രമാണി, അതിൽ അന്തർഭവിച്ചിരിക്കുന്ന ദൈവിക സത്യങ്ങൾക്ക് ആശയശോഷണം സംഭവിക്കാതെ തന്റെ സ്വന്തം വാചകത്തിൽ ഏറ്റു പറയുന്നതിനെ യേശു ശ്ലാഹിക്കുന്നു. ഇനി അത് സ്വന്തം ജീവിതത്തിൽ പകർത്തുകയേ വേണ്ടു. അതാണ് ഈശോ പറഞ്ഞത്: 'നീ ദൈവരാജ്യത്തിൽ നിന്ന് അകലെയല്ല' എന്ന്.

നാം നമ്മുടെ ആരാധനാക്രമത്തിലെ ഉദാത്തമായ പ്രാർത്ഥനകളിലെ ഉത്തമമായ ആശയങ്ങൾ ജീവിതത്തിൽ പകർത്തിയാൽ മാത്രം മതിനാം ഓരോരുത്തരുംദൈവരാജ്യത്തിനുള്ളിലാകാൻ.

2024 ആഗസ്ത് 4 പെന്തിക്കോസ്തിക്കുശേഷം
പതിനൊന്നാം ഞായർ മലങ്കര സുറിയാനി
**കത്തോലിക്കാ സണ്ടേസ്കൂൾ ദിനം.**
വി. കുർബാനയുടെ സ്തോത്രകാഴ്ചയും കവർ പിരിവും വിശ്വാസ പരിശീലന പ്രവർത്തനങ്ങൾക്കായി ഭദ്രാസന കേന്ദ്രങ്ങളിൽ എത്തിക്കേതാണ്.

2024 ആഗസ്ത് 18
തേജസ്ക്കരണശേഷം രണ്ടാം ഞായർ
**സാമൂഹ്യനീതി ഞായർ**
ഇന്നേ ദിവസത്തെ വി. കുർബാനയുടെ സ്തോത്രകാഴ്ച ദളിത് ക്രൈസ്തവ ക്ഷേമനിധിക്കായി ഭദ്രാസന കേന്ദ്രങ്ങളിൽ എത്തിക്കേതാണ്.

# 'ദൈവസന്നിധിയിൽ ശരണം പ്രാപിക്കുന്നവർ ദൈവം ഉണ്ടെന്നും തന്നെ അന്വേഷിക്കുന്നവർക്ക് അവിടുന്ന് പ്രതിഫലം നൽകുമെന്നും വിശ്വസിക്കണം'

(ഹെബ്രാ. 11:6).

## 2024 ആഗസ്റ്റ് 25.
## തേജസ്ക്കരണശേഷം 3ാം ഞായർ
## പരീശനും ചുങ്കക്കാരനും

(ലൂക്കാ. 18:9–14)

'ദൈവസന്നിധിയിൽ ശരണം പ്രാപിക്കുന്നവർ ദൈവം ഉണ്ടെന്നും തന്നെ അന്വേഷിക്കുന്നവർക്ക് അവിടുന്ന് പ്രതിഫലം നൽകുമെന്നും വിശ്വസിക്കണം' (ഹെബ്രാ. 11:6). അഹങ്കാരവും ആത്മപ്രശംസയും വമ്പുപറച്ചിലുമൊന്നും മനുഷ്യന്മാർക്കുപോലും സ്വീകാര്യമല്ലാതിരിക്കെ ദൈവസന്നിധിയിൽ എത്രത്തോളം നിഷിദ്ധമായിരിക്കുമെന്ന് ആർക്കും ഊഹിക്കാവുന്നതേയുള്ളൂ. പ്രാർത്ഥനയ്ക്കായി നിൽക്കുമ്പോൾ ആദ്യം വേണ്ടത് ദൈവസാന്നിദ്ധ്യബോധമാണ്. പലപ്പോഴും ദൈവത്തെ അഭിസംബോധന ചെയ്തുകൊണ്ട് പ്രാർത്ഥന ആരംഭിക്കുന്നവരുടെ ബോധത്തിലും വിചാരത്തിലും ഹൃദയത്തിലും നിറഞ്ഞു നിൽക്കുന്നത് അവനവനും പരിസരവാസികളും ആയിരിക്കും. അതുകൊണ്ടാണല്ലോ സ്വയം ന്യായീകരിക്കുന്ന വാക്കുകൾ അറിഞ്ഞോ അറിയാതെയോ നമ്മുടെ നാവിൽ നിന്ന് പുറപ്പെടുന്നത്. മനുഷ്യരുടെ മുമ്പിൽ വേഷം കെട്ടാതെ ജീവിക്കാൻ ആർക്കും കഴിയില്ല. എന്നാൽ സകലവും നഗ്നവും വ്യക്തവുമായി കാണുന്ന ദൈവസമക്ഷവും വേണോ ഈ വേഷം കെട്ടൽ?

www.malankaralibrary.com




ദൈവവിശ്വാസികൾക്ക് പ്രാർത്ഥന ശ്വാസോച്ഛ്വാസം പോലെയാണ്. എങ്കിലും ശ്വസിക്കുന്നത് ശുദ്ധവായു അല്ലെങ്കിൽ ആപത്താണ്. പ്രാർത്ഥനയുടെ കാര്യത്തിലും ഇങ്ങനെ ഒരു ആപത്ത് കടന്നുകൂടാം. പ്രാർത്ഥനയുടെ ശരിയായ രീതിയെക്കുറിച്ച് വിചിന്തനം ചെയ്യുന്ന ഈ സന്ദർഭത്തിൽ റ്റി.ജെ. വർക്കിയാശാൻ (1857/1913) രചിച്ച പഴയ ഒരു പ്രാർത്ഥനാ ഗാനം ഓർമ്മ വരുന്നു.

പരനേ നിൻ തിരുമുമ്പിൽ വരുന്നോരീ സമയേ ശരിയായ് പ്രാർത്ഥന ചെയ്‌വാൻ കൃപയേ തന്നരുൾ കണരഞ്ജി ഞങ്ങളിൽ പേർക്കായിരത്തീടുന്നവനേ വരികയിന്നടിയാരിൽ ചൊരിക നിൻ വരങ്ങൾ അനുഗ്രഹമുറിയിൽ പൂട്ടുകൾ താനേ തുറപ്പാൻ മനസ്സിന്നേശുവിനോടു ലയിപ്പാനായരുൾക ഉണർത്തിക്കും വരമെല്ലാം ക്ഷണം തന്നീടണമേ തുണ നീയെന്നിയേ വേറില്ലറിഞ്ഞു നൽകണമെ.

ദൈവത്തിന് നമ്മെക്കൊണ്ട് എന്തോ കാര്യസാദ്ധ്യമുണ്ടെന്നും നാം നമ്മുടെ ഔദാര്യം കൊണ്ട് ദൈവത്തിന്റെ നിർദ്ദേശങ്ങൾ അനുസരിക്കുകയാണ് ചെയ്യുന്നതെന്നും തോന്നുമാറ് ദൈവത്തിന്റെയും സമൂഹത്തിന്റെയും മുമ്പിൽ മേനി നടിക്കുന്ന അഹങ്കാരികളുടെ പ്രാർത്ഥന, പ്രാർത്ഥനയല്ല വമ്പു പറച്ചിൽ മാത്രമാണ്. ആ പരീശന്റെ പ്രാർത്ഥന ശ്രദ്ധിച്ചാൽ ആർക്കും വളരെ പെട്ടെന്ന് അത് മനസ്സിലാകും.

താൻ ചെയ്തു കൊണ്ടിരിക്കുന്ന ഭക്താഭ്യാസങ്ങളെക്കുറിച്ചുള്ള പ്രസ്താവനകൾ സത്യം തന്നെ ആയിരിക്കാം. എങ്കിലും അവ അഭ്യാസങ്ങൾ മാത്രമായി പോകാൻ കാരണം അതിന്റെ പിന്നിലെ ചേതോവികാരത്തിൽ തിന്മ കലർന്നുപോയി എന്നുള്ളതാണ്. അപ്പസ്തോലനായ വിശുദ്ധ പൗലൊസിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. 'വേണ്ടുംവിധം പ്രാർത്ഥിക്കേണ്ടത് എങ്ങനെ എന്ന് നമുക്ക് അറിഞ്ഞുകൂടാ. എന്നാൽ അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവു തന്നെ നമുക്കുവേണ്ടി മദ്ധ്യസ്ഥം വഹിക്കുന്നു. ഹൃദയങ്ങൾ പരിശോധിക്കുന്നവൻ ആത്മാവിന്റെ ഇംഗിതം ഗ്രഹിക്കുന്നു. എന്തെന്നാൽ ആത്മാവ് ദൈവഹിതം അനുസരിച്ചാണ് വിശുദ്ധർക്കു വേണ്ടി മദ്ധ്യസ്ഥം വഹിക്കുന്നത് (റോമ 8:26-27). ശരിയായ പ്രാർത്ഥന ദൈവഹിതം അനുസരിച്ചായിരിക്കണം. യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നതിന്റെ പൊരുൾ അതാണ്. മടിപ്പുകൂടാതെയും തനിക്ക് ആശ്രയിക്കാൻ മറ്റാരുമില്ലെന്നുള്ള ബോദ്ധ്യത്തോടെയും പ്രാർത്ഥിക്കണമെന്ന് വിശദീകരിക്കുന്ന മറ്റൊരു ഉപമയാണല്ലോ വിധവയുടെയും ന്യായാധിപന്റെയും കഥയിലൂടെ യേശു അരുളിച്ചെയ്യുന്നത് (ലൂക്കോ. 18:3-8). ഉത്തമമായ പ്രാർത്ഥനകളിൽ ഉണ്ടായിരിക്കേ ഗുണഗണങ്ങളെ ധാരാളം ഉദാഹരണങ്ങളിലൂടെ സുവിശേഷങ്ങളിൽ വിവരിച്ചിട്ടുണ്ട്. കനാൻകാരിയുടെ മകൾക്കു വേണ്ടിയുള്ള യാചന, അന്ധനായ യാചകന്റെ അപേക്ഷ, നല്ല കള്ളന്റെ പ്രാർത്ഥന ഇവയെല്ലാം ഉദാഹരണങ്ങളാണല്ലോ. യേശു പഠിപ്പിച്ച പ്രാർത്ഥനയും മാതൃകയായിട്ടുണ്ടല്ലോ. നമ്മുടെ വിശ്വാസം ശരിയായിട്ടുള്ളതാണെങ്കിൽ പ്രാർത്ഥനകളും കുറ്റമറ്റതായിരിക്കും. സഭയുടെ ആരാധനാക്രമങ്ങളും അപേക്ഷകളും വിശ്വാസപരമായ കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നതിന് സഹായകമാണ്.

മതഭക്തിയിലും ദൈവീകനിയമങ്ങളോടുള്ള വിശ്വസ്തതയിലും ആ പരീശൻ ഒന്നാം സ്ഥാനത്ത് തന്നെയാണ്. കാരണം നിയമം അനുശാസിക്കുന്നതിനെക്കാൾ എത്രയോ അധികമാണ് അദ്ദേഹത്തിന്റെ ജീവിത നിഷ്ഠകൾ തന്റെ വിളവുകളുടെ ദശാംശം കൊടുക്കണമെന്നേ (നിയമാവർത്തനം 14:22) നിഷ്കർഷിക്കുന്നുള്ളൂ. എന്നാൽ തന്റെ സകലവരുമാനങ്ങളുടെയും ദശാംശം കൊടുക്കുന്നതിൽ അദ്ദേഹം നിഷ്ഠപാലിച്ചിരുന്നു. കായേന്റെ കാഴ്ചപോലെ ചള്ളും പൊട്ടും കൊടുത്ത് കടമ പൂർത്തീകരിക്കുന്നവരല്ലേ വിശ്വാസികളിൽ മഹാഭൂരിപക്ഷവും? വർഷത്തിൽ ഒരു ദിവസം ഉപവസിക്കണമെന്നേ ലേവ്യ. 16:29-ൽ പറഞ്ഞിട്ടുള്ളൂ. എങ്കിലും ആഴ്ചയിൽ രണ്ടുദിവസം (തിങ്കളും വ്യാഴവും) ഉപവാസം സ്വയം സ്വീകരിച്ചുകൊണ്ട് പാപപരിഹാരം ചെയ്യാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ചുരുക്കത്തിൽ, പരീശന്മാരെക്കാൾ പരിശുദ്ധരായി ജീവിക്കുന്നവർ ഇല്ലെന്നു തന്നെ പറയാം. എങ്കിലും ഈ വക പുണ്യങ്ങൾ എത്ര അധികം ഉണ്ടെങ്കിലും ദൈവസന്നിധിയിൽ അഹങ്കരിക്കാനോ വലിയഭാവം നടിക്കാനോ ആർക്കും അവകാശമില്ല. മറ്റുള്ളവരെ പുച്ഛിക്കാനല്ല സ്നേഹിക്കാനും സഹതപിക്കാനും സഹിക്കാനും സഹായിക്കാനും അവർക്കു വേണ്ടി പ്രാർത്ഥിക്കാനുമാണ് യഥാർത്ഥ ദൈവഭക്തൻ മനസ്സുവയ്ക്കേണ്ടത്. 'ഞാൻ എന്റെ സർവ്വസമ്പത്തും ദാനം ചെയ്താലും എന്റെ ശരീരം ദഹിപ്പിക്കാൻ വിട്ടുകൊടുത്താലും സ്നേഹമില്ലെങ്കിൽ എനിക്ക് ഒരു പ്രയോജനവും ഇല്ല' (1കൊരി. 13:3). ഒറ്റവാക്കിൽ പറഞ്ഞാൽ നാം നമ്മുടെ ജീവിതത്തെ പ്രാർത്ഥ നകൊണ്ടും പ്രാർത്ഥനയെ ജീവിതം കൊണ്ടും പവിത്രീകരിക്കണം.

www.malankaralibrary.com

# അറിഞ്ഞിരിക്കാം



### വിശുദ്ധ കുർബാനയിൽ

## കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തല കുനിക്കണമെന്ന്

### ശുശ്രൂഷകൻ ഓർമ്മിപ്പിക്കുന്നതിന്റെ അർത്ഥം എന്താണ് ?


വിശുദ്ധ കുർബാനയിൽ ആശീർവാദ പ്രാർത്ഥനകൾക്ക് മുമ്പാണ് തലകുനിക്കാനായി ശുശ്രൂഷകൻ ഓർമ്മിപ്പിക്കുന്നത്. ഇങ്ങനെ തല കുനിച്ച്നിൽക്കുന്ന ജനത്തെ ആശീർവദിക്കുവാനായിട്ടാണ് ആശീർവാദ പ്രാർത്ഥനകൾ നടത്തുന്നത്. ആശീർവാദം സ്വീകരിക്കുന്നതിനുവേണ്ടി ജനം ഒരുങ്ങുന്നതിന്റെ അടയാളം കൂടിയാണിത്.







www.malankaralibrary.com


Manivilaku July 2024



Manivilaku June 2024


Manivilaku May 2024


Manivilaku April 2024


Manivilaku February 2024


Manivilaku January 2024


Manivilaku March 2024

**മുൻ ലക്കങ്ങൾ വായിക്കുന്നതിനായി മണിവിളക്കിന്റെ വെബ്സൈറ്റ് സന്ദർശിക്കുക**

**www.manivilaku.com**

www.malankaralibrary.com

Let us give thanks & Look back on the years' blessings

# SISTERS OF THE IMITATION OF CHRIST
# BETHANY SISTERS' GENERALATE

Inaugural

## *Centenary*
## *Holy Eucharistic Celebration &*
## *Public Meeting*

Join us in this Eucharistic Banquet as we thank the Lord for the 100 years of Bethany

**WEDNESDAY 18 SEPTEMBER**

**HOLY MASS @ 8 AM, PUBLIC MEETING @ 10.30 AM**

**St. John's Cathedral, Thiruvalla**

At the end of the Liturgical Celebration, we cordially invite you to a public meeting and agape at the St. John's Auditorium in the Cathedral Campus

Yours Sincerely,


Ardra S. SIC

Sr. Ardra SIC
Superior General

RSVP
Sr. Jobsy SIC, 9526247873
Provincial Superior

Contact    Venue

www.malankaralibrary.com



# ദൈവത്തിന് എന്താ കണ്ണിൽ ചോര ഇല്ലേ ?



**ജെയ്മോൻ അയ്യനേത്ത്**
സെന്റ് മേരീസ് മലങ്കര സുറിയാനി .
കത്തോലിക്കാ പള്ളി, അഞ്ചൽ

നമ്മുടെ ചുറ്റുപാടും വലിയ ദുരന്തങ്ങളും ക്ലേശങ്ങളും സംഭവിക്കുമ്പോൾ നാം അറിയാതെ ചോദിച്ചു പോകുന്ന ഒരു കാര്യമുണ്ട്. ഈ ദൈവത്തിന് എന്താ ഒരു കണ്ണിച്ചോരയില്ലേ യെന്ന്. അടുത്തിടെ എന്റെ ഒരു സുഹൃത്ത് എന്നോടിങ്ങനെ പറയുകയുണ്ടായി 'ഈ ദൈവം എന്നു പറയുന്ന ആൾ എന്ത് ക്രൂരൻ ആണല്ലേ! ഞാൻ എന്തൊക്കെ ചെയ്തിട്ടും എനിക്കൊരു സന്തോഷം കിട്ടുന്നില്ല, എല്ലാദിവസവും ജീവിതത്തിൽ എന്തെങ്കിലുമൊക്കെ പ്രശ്നമായിരിക്കുമെന്നേ...' അതെ, മറ്റെല്ലാവരെയും പോലെ എന്തുത്തരം നൽകണമെന്ന് എനിക്ക് അറിയാൻ സാധിക്കാതെ പോയ ഒരു നിമിഷം. കുറെ ആലോചിച്ചു കുറേ അന്വേഷിച്ചു അവസാനം എന്റേതായ ഒരുത്തരത്തിലേക്ക് ഞാൻ എത്തിച്ചേർന്നു. ചില സമയങ്ങളിൽ ദൈവം നമ്മുടെയെല്ലാം മുൻപിൽ ചില ക്ലേശങ്ങൾ നൽകുക തന്നെ ചെയ്യും. ഉദാഹരണത്തിന് ഒരപ്പൻ തന്റെ മോൻ എന്ത് ചോദിച്ചാലും വാങ്ങിച്ചു കൊടുക്കും. വർഷങ്ങൾ കടന്നു പോയപ്പോൾ ഈ മോനാകട്ടെ അപ്പനോട് ഒരു അടുപ്പവും ഇല്ലാതായി എന്തേങ്കിലും ആവശ്യങ്ങൾക്ക് മാത്രം അവൻ അപ്പനോട് സംസാരിക്കുകയുള്ളൂ. അങ്ങനെ വന്നപ്പോൾ പതുക്കെ പതുക്കെ അപ്പൻ സാധനങ്ങൾ വാങ്ങിച്ചു കൊടുക്കുന്നതും നിർത്തി എന്നാൽ ഇതിനർത്ഥം അപ്പന് തന്റെ മോനോട് സ്നേഹമില്ലെന്നാണോ ഒരിക്കലുമല്ല മകൻ തന്നിൽ നിന്ന് അകന്നുപോയെന്ന് അപ്പൻ മനസ്സിലാക്കിയത് കൊണ്ടാണ്.

ഇങ്ങനെ തന്നെയാണ് ദൈവം നമുക്ക് ചില ക്ലേശങ്ങൾ തരുന്നതും. പ്രാർത്ഥന കുറഞ്ഞതോ അവനെ തള്ളിപ്പറഞ്ഞതോ അവനെ അവഗണിച്ചതോ ഒക്കെയാവാം. എന്നാൽ അതിനർത്ഥം ഒരിക്കലും നമുക്ക് അവനിലേക്ക് മടങ്ങി പോകാൻ ആവില്ല എന്നല്ല അവൻ ക്ലേശങ്ങളിലൂടെയും ദുഃഖങ്ങളിലൂടെയും ചിലതൊക്കെ നമ്മെ ഓർമിപ്പിക്കുകയാണ് 'മകനെ മകളെ മടങ്ങിവരു ഞാനാണ് നിന്റെ ദൈവം...' അതെ അവന്റെ അടുത്തേക്ക് മടങ്ങിച്ചെല്ലുകയും അവന്റെ ഒപ്പം സമയം ചെലവഴിക്കുകയും അവനോടൊപ്പം ആയിരിക്കുകയും ചെയ്താൽ ഈ ദുഃഖങ്ങളെല്ലാം സന്തോഷവും ക്ലേശങ്ങളെല്ലാം ആഹ്ലാദവുമാകും.

LET'S RE-SIGN TOWARDS HIM

www.malankaralibrary.com




# ബാലനീതി നിയമം

## JUVENILE JUSTICE CARE AND PROTECTION ACT 2015



**Adv Shini Mary Sanu**
kerala high court
+91 86064 95264

ഓരോ കുഞ്ഞിനും സുരക്ഷിതമായ ബാല്യം ഒരുക്കുക എന്നത് ഒരു രാജ്യത്തിന്റെ കടമയാണ്. ഇന്ത്യൻ ഭരണഘടനയുടെ 14,15,19,21,23,24,45 എന്നീ വകുപ്പുകൾ കുട്ടികൾക്ക് സംരക്ഷണവും അവകാശങ്ങളും ഉറപ്പുവരുത്തുന്നു. ബാലനീതി നിയമം കുട്ടികളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി നിർമിച്ചിട്ടുള്ളതാണ്.

ഈ നിയമത്തിൻറെ പ്രധാന സവിശേഷതകൾ പരിശോധിക്കുമ്പോൾ വകുപ്പ് 2(12) പ്രകാരം 0 മുതൽ 18 വയസ്സുവരെയുള്ള ഏതൊരാളെയും കുട്ടി എന്ന് നിർവ്വചിക്കുന്നു. കൂടാതെ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി (CHILD IN CONFLICT WITH LAW) ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടി (CHILD IN NEED OF CARE & PROTECTION) എന്നിങ്ങനെ കുട്ടികളെ രണ്ടായി തരംതിരിക്കുകയും ചെയ്യുന്നു. ഗണം തിരിച്ച് ഏറ്റവും അനുയോജ്യമായ സേവനം കുട്ടിക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഈ നിയമം കുട്ടികളെ രണ്ടു തരത്തിൽ നിർവ്വചിക്കുന്നത്. നിയമവുമായി
പൊരുത്തപ്പെടാത്ത കുട്ടികൾ കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന കുട്ടികളെയാണ് നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ എന്ന് നിർവ്വചിക്കുന്നത്. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ, തെരുവുകുട്ടികൾ, ബാലവേല ചെയ്യുന്ന കുട്ടികൾ, ശൈശവ വിവാഹത്തിന് ഇരയാകുന്ന കുട്ടികൾ, ഭിക്ഷാടനം ചെയ്യുന്ന കുട്ടികൾ, അത്യാഹിതത്തിൽപ്പെടുന്ന കുട്ടികൾ, എച്ച്.ഐ.വി. എയ്ഡ്സ് ബാധിച്ച കുട്ടികൾ ശാരീരികമായോ ലൈംഗികമായോ പീഡനത്തിനിരയായ കുട്ടികൾ, ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെട്ട കുട്ടികൾ,
മാതാപിതാക്കൾ ഉപേക്ഷിച്ച കുട്ടികൾ, മാനസിക സമ്മർദ്ദത്തിൽ അകപ്പെടുന്ന കുട്ടികൾ തുടങ്ങി അങ്ങേയറ്റം ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികളാണ് ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ. കുട്ടികളെ രണ്ടായി തരംതിരിക്കുന്നതിനൊപ്പം തന്നെ അവരുടെ സംരക്ഷണത്തിനും പുനരധിവാസത്തി
നും ആവശ്യമായ സംവിധാനങ്ങളും ഈ നിയമം ഉറപ്പാക്കുന്നു. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കുവേി ജുവനൈൽ ജസ്റ്റിസ് ബോർഡും (JJB) ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കുവേണ്ടി ചൈൽഡ് വെൽഫെയർ കമ്മിറ്റിയും (CWC) എല്ലാ ജില്ലകളിലും രൂപീകരിക്കുവാൻ ഈ നിയമം നിർദ്ദേശിക്കുന്നു.

www.malankaralibrary.com



**എം. കെ. ബാബു**
ഹ്യൂമൻ റൈറ്റ്സ് കൗൺസിൽ ഓഫ് ഇന്ത്യ. കോഴിക്കോട് മെമ്പർ
കേരള സ്റ്റേറ്റ് എക്സിക്യൂട്ടീവ് മെമ്പർ
mob: +919846539539

# വേദനയാണ് വയനാട്

2024 ജൂലൈ 31– അർദ്ധരാത്രിക്ക് ശേഷം വയനാട്ടിലും, വിലങ്ങാടും സംഭവിച്ചതെന്തെന്നറിയാതെ ഞാനും പതിവുപോലെ ഉറക്കത്തിലാരുന്നു. തുടർച്ചയായ യാത്രാക്ഷീണം കാരണം പതിവിലും വൈകിയാണ് ഉണർന്നത്. പതിവുപൊലെ ഫോണെടുത്ത് നോക്കിയപ്പോൾ നിരവധി മിസ്ഡ് കോളുകൾ... ദുരന്തവാർത്ത അറിഞ്ഞ നിരവധി സുഹൃത്തുക്കളുടെ കോളുകൾ, ആദ്യ കോളിൽ തിരിച്ചു വിളിച്ചു. പുത്തുമലയ്ക്ക് സമീപം ചൂരൽ മലയിലും, മുണ്ടെക്കെ, പുഞ്ചിരിമട്ടം,മേഖലകളിലും ഉരുൾ പൊട്ടിയെന്നും നൂറോളം വീടുകൾ ഒലിച്ചു പോയെന്നും, നിരവധി പേർ മണ്ണിനടിയിൽ പെട്ടെന്നും സ്ത്രീകളും, കുട്ടികളും വൃദ്ധരും ഉൾപ്പെടെ ഒലിച്ചു പോയെന്നുമുള്ള വാർത്ത ഞെട്ടലോടെയാണ് ശ്രവിച്ചത്.

ഉടൻ ടി.വി തുറന്നു. മരണ സംഖ്യയും, കാണാതായവരുടെ എണ്ണവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു...

എന്റെ വീട്ടിൽ നിന്നും ഏകദേശം 55– കിലോമീറ്ററായാൽ മേപ്പാടിയായി. ഉടൻ ഫോണെടുത്ത് കോൺടാക്ട് ലിസ്റ്റിലുള്ള സുഹൃത്തുക്കളെയെല്ലാം വിളിച്ചു. എല്ലാവരുടെയും ഫോൺ തിരക്കിലാണ്. കഴിഞ്ഞ വയനാട് ദുരന്തത്തിൽ വട്ടം മറ്റം ബോസെന്ന പ്രിയസുഹൃത്ത് പരിചയപ്പെടുത്തിയ അദ്ദേഹം ഇന്ന് ജീവിച്ചിരിപ്പില്ല ഗഫൂർ വെണ്ണിയോടെന്ന പൊതുപ്രവർത്തകനും സ്വതന്ത്ര കർഷ സംഘടനാ നേതാവും വയനാട്ടുകാരുടെ പ്രിയപ്പെട്ടവനുമായ ആത്മ സുഹൃത്തിനെ വീണ്ടും വീണ്ടും വിളിച്ചു. നിരവധി തവണത്തെ ശ്രമത്തിനുശേഷം ഫോൺ അറ്റന്റു ചെയ്തു.

അങ്ങോട്ട് ചോദിക്കുന്നതിനു മുൻപേ മറുതലയിൽ നിന്നും വിറയാർന്ന ശബ്ദത്തിൽ മറുപടി വന്നു. ബാബുവേട്ടാ... എന്റെ മകളെ വിവാഹം കഴിച്ചത് ചൂരൽ മലയിലാണ്. ഇന്നലെ മകളും ഭർത്താവും മാതാപിതാക്കളും മൈസൂരിൽ ബന്ധുവിന്റെ വിവാഹ ചടത്തിൽ പങ്കെടുക്കാൻ പോയിയിരുന്നു. വൈകിയതിനാലും മഴയായതിനാലും

www.malankaralibrary.com



വീട്ടിലേക്ക് പോകുന്നതിന് ബന്ധുകൾ വിലക്കി കല്പറ്റയിലെ ബന്ധുവീട്ടിൽ താമസിച്ചതിനാൽ മാത്രം രക്ഷപ്പെട്ടു. എന്നാൽ തൊട്ട് അപ്പുറത്ത് താമസിക്കുന്ന ഉറ്റബന്ധുക്കളായ കുട്ടികൾ ഉൾപ്പെടെയുള്ള 7– അംഗ കുടുംബം മലവെള്ള കുത്തൊഴുക്കിൽ ഒലിച്ചു പോയി.

ആരെയും കാണാനില്ല... വാക്ക് മുഴുമിപ്പിക്കാനാവാതെ അദ്ദേഹത്തിന്റെ ഫോൺ കട്ടായി . ഉടൻ മറ്റുള്ള സുഹൃത്തുക്കളെയെല്ലാം വിളിച്ച് വിവരങ്ങൾ ആരാഞ്ഞു. ആശ്വാസവാക്കുകൾ പറഞ്ഞു.

സഹായങ്ങൾ വാഗ്ദാനം ചെയ്തു. ഉടനെ വയനാട്ടിൽ എത്താനായിരുന്നു പിന്നെ ശ്രമം. എന്നെ നിരാശനാക്കി ടിവി ഫ്ളാഷ് ന്യൂസുകൾ മിന്നി മറിയുന്നു. വയനാട്ടിലേക്ക് ഒരാളും വരരുത്. രക്ഷാപ്രവർത്തനത്തെ ബാധിക്കും. എന്നാൽ രാം ദിവസം രാവിലെ ഞാൻ ചുരം കയറി. എങ്ങും കോടമഞ്ഞ്, ചുരത്തിൽ പലയിടങ്ങളിലായി മണ്ണ് ഇടിഞ്ഞുകൊിരിക്കുന്നു... ചെങ്കുത്തായ വയനാടൻ പാതകൾ പിന്നിട്ട് കല്പറ്റയിൽ നിന്നും മേപ്പാടിയിലേക്ക്. യാത്രാമധ്യേ നൂറു കണക്കിന് റെസ്ക്യൂ, സന്നദ്ധ സംഘടനകളുടെ അംഗങ്ങൾ വാഹനങ്ങൾ നിയന്ത്രിക്കുന്നു. രാപകൽ ഭേദമന്യേ സന്നദ്ധ സേവനം നടത്തുന്ന വിവിധ സംഘടനകളുടെ യൂണിഫോമിട്ടവർ. സർക്കാർ വാഹനങ്ങളും പോലീസും സൈന്യവും, ഫയർ ഫോഴ്സ് വാഹനങ്ങളും, തലങ്ങും വിലങ്ങും ഓടി കൊണ്ടിരിക്കുന്നു.

മേപ്പാടിയിലേക്ക് പ്രവേശിക്കവേ പല സ്ഥലത്തും വടം കെട്ടി റോഡ് തടസ്സപ്പെടുത്തിയിരിക്കുന്നു.

വാഹനം സൈഡാക്കി ഏറെ നടന്ന് മേപ്പാടി ടൗണിലെത്തിയപ്പോൾ എങ്ങും ചീറിപ്പായുന്ന ആംബുലൻസും, പോലീസ് ഫയർഫോഴ്സ് വാഹനങ്ങളും. നേരെ, സുഹൃത്ത് ഗഫൂർ വെണ്ണിയോട്, ബ്ലോക്ക് പഞ്ചായത്ത് അംഗവും ഉഇഇ സെക്രട്ടറിയുമായ പി.കെ അബ്ദുറഹിമാൻ തുടങ്ങിയവർക്കൊപ്പം വ്യാപാരി വ്യവസായി ഏകോപന സമിതി കൗറിലേക്ക് – വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സരയുമായും ജില്ലാ നേതാക്കളുമായും സംസാരിച്ച് പരിക്കു പറ്റിയവരെ പ്രവേശിപ്പിച്ച മിംസ് ഹോസ്പിറ്റലും മൂന്നാം ദിവസം ദുരിതാശ്വാസ കേമ്പുകളും സന്ദർശിച്ചു. ഹൃദയ ഭേദകമായിരുന്നു മിംസ് ഹോസ്പിറ്റലിലെ കാഴ്ച. പ്രായമായ ഒരു ഉമ്മ പൊട്ടിക്കരയുന്നു. കൺമുന്നിൽ എല്ലാവരും നഷ്ടമായി 'കൈപിടിച്ച് രക്ഷപ്പെടാൻ ശ്രമിച്ച മകൾ ഉൾപ്പെടെ കൺമുന്നിൽ രൗദ്രഭാവം പൂ മലവെള്ളം തട്ടിയെടുത്തത് വിവരിക്കാനാവാതെ വരുന്നവരോടെല്ലം അർദ്ധ അബോധാവസ്ഥയോടെ എനിയ്ക്ക് ഇനിയാരുണ്ട്,,, ഇനി ഞാനെന്തിന് ജീവിക്കണം... കഠിന ഹൃദയർക്ക് പോലും കാണാനും കേൾക്കാനും കഴിയുന്നതായിരുന്നില്ല പിന്നീട്കണ്ടതും കേട്ടതും ?

ചീവീടുകളുടെ ശബ്ദമുഖരിതമായ എങ്ങും ദുഃഖം തളം കെട്ടി നില്ക്കുന്ന അന്തരീക്ഷത്തിൽ പരിക്കു പറ്റിയവരും, രക്ഷപ്പെട്ടവരും, അലമുറയിടുന്നു.

കമ്മൂണിറ്റി ഹാളിൽ നിരനിരയായി സ്ത്രീകളുടെയും കുട്ടികളുടെയും, വൃദ്ധരുടെയുമെല്ലാം ചേതനയറ്റ മൃതദേഹങ്ങൾ കിടത്തിയിരിക്കുന്നു. മുതദേഹങ്ങളും വഹിച്ച് ആംബുലസുകൾ വന്നു

www.malankaralibrary.com

കൊണ്ടിരിക്കുന്നു. റോഡിനരികിൽ 30 – ആംബുലൻസുകൾ 1– മുതൽ 30 വരെ സ്റ്റിക്കറുകൾ പതിച്ചവ– സൈറൺ മുഴക്കി വേഗതയിൽ വന്നു കൊണ്ടിരിക്കുന്നു. കൂടെയുള്ള DCC സെക്രട്ടറി ചെവിയിൽ പറഞ്ഞു അത് മുപ്പത് മൃതദേഹങ്ങളാണെന്ന്! ആംബുലൻസിൽ നിന്നും ഇറയ്ക്കുന്ന മൃതദേഹങ്ങൾ! കയ്യില്ലാത്തവർ, കാലില്ലത്തവർ, തലയില്ലാതെ ഉടലുമാത്രമുള്ളവർ പറയാൻ വാക്കുകളില്ല പ്രകൃതിയുടെ ക്രൂരത. വിവരണാതീതമാണ്.

ഉറ്റവർ നഷ്ടപ്പെട്ടവർ,കളിചിരിയോടെ നിദ്രയിലാ പിഞ്ചുകുഞ്ഞുങ്ങൾ, മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികൾ ഇനി ആർക്കു വേണ്ടി ജീവിക്കണമെന്ന ആർത്ത നാദമാണ് എവിടെയും. മനുഷ്യ പാദസ്പർശനം ഏൽക്കാത്ത ചൂരൽമലയിലെ കൊടും വനത്തിലാണ് ഉരുൾ പൊട്ടലിന്റെ ഉത്ഭവം. ഒരു മല ഒന്നാകെ ഇളകി വരുന്നതായി രക്ഷപ്പെട്ടവർ പറയുമ്പോൾ ശ്വാസം അടക്കിപ്പിടിച്ച് കേട്ടു. നാനൂറ്റിമുപ്പതോളം വീടുകളിൽ അവശേഷിക്കുന്നത് 30–ൽപരം വീടുകൾ മാത്രം. ഏതു മതത്തിൽ പെട്ടവരാണെന്ന് തിരച്ചറിയാത്ത കുട്ടികൾ ഉൾപ്പെടെയുള്ള നിരവധി പേരെ സംസ്കരിച്ച പുത്തുമലയിലെ ഹാരിസൺ പ്ലാന്റേഷൻ ഭൂമിയിലേക്കുള്ള യാത്ര സമ്മാനിച്ചത് കണ്ണീരു മാത്രം. പുത്തുമല പഴയ ദുരന്തഭൂമി. അന്നും പ്രസ്തുത സ്ഥലം ഞാൻ സന്ദർശിച്ചിരുന്നു. '
പ്രദേശം ആകെ മാറിയിരിക്കുന്നു. നാലോ അഞ്ചോ വീടുകൾ മാത്രം. എങ്ങും ശ്മശാന മൂകം. തിരിച്ചറിയാത്ത മൃതദേഹങ്ങൾ വന്നു കൊണ്ടിരിക്കുന്നു.. സർക്കാർ പ്രതിനിധികളും, ഫയർഫോഴ്സ് ഉൾപ്പെടെയുള്ള കുറച്ചു പേർ മാത്രം!?
നിരവധി മൃതദേഹങ്ങൾ നിരനിരയായി സംസ്കരിച്ചിരിക്കുന്നു. ബന്ധുകൾ അവരവരുടെ മതവിശ്വാസ പ്രകാരം പ്രാർത്ഥിക്കുന്നു. സുഹൃത്ത് ഗഫൂർ വെണ്ണിയോടും ചെന്നൈയിലെ എന്റെ സുഹൃത്ത് ഖാദർ ഭായിയും , യു. കെ കാരനായ അബ്ദുള്ള ഭായിയും , അഡ്വ: ഫാത്തിമ തഹ്ലിയയും, ഡൽഹിയിലെ ജേർണലിസ്റ്റ് ജൽവ എന്നിവരടങ്ങുന്ന ഞങ്ങളുടെ സംഘം തിരിച്ചിറങ്ങുമ്പോൾ ഇങ്ങനെയൊരു ദുരന്ത ഭൂമിയിലേക്ക് ഉള്ള യാത്ര ഇനിയുണ്ടാവാൻ ഇടയാവരുതേ എന്ന പ്രാർത്ഥനയോടെയാണ് ചുരം ഇറങ്ങിയത്. ഒരു മനുഷ്യായുസ്സ് കൊണ്ട് സമ്പാദിച്ചതെല്ലാം കണ്ണുചിമ്മി തുറക്കുന്നതിനു മുൻപേ നഷ്ടപ്പെട്ടതിന്റെ കദന കഥകളാണ് വഴി നീളെ ശ്രവിക്കുന്നത്.

പച്ച പരവതാനി വിതച്ച കോടമഞ്ഞു കളാൽ പട്ടുവിരിച്ച പ്രകൃതി സൗന്ദര്യത്താൽ അനുഗ്രഹീതമായ ഗ്രാമം . ടൂറിസവും, കൃഷിയും നന്നായി ഉപയോഗപ്പെടുത്തിയ ഒരു ജനത. അഭിവൃദ്ധിയിലേക്ക് ഉയർന്നു കൊണ്ടിരിക്കുന്ന ഒരു ഗ്രാമം. ഇന്നീ ഗ്രാമമില്ല... ഞായറാഴ്ചകളിൽ കളിതമാശകൾ പറഞ്ഞ് ഒത്തുകൂടിയ കുടുംബശ്രീകളില്ല. ഇന്നലെ വരെ കളിതമാശകൾ പറഞ്ഞ ചങ്ങാതികളില്ല, അയൽക്കാരില്ല, പലർക്കും ഉറ്റ സുഹൃത്തുക്കളെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. ഇന്നലെകളിൽ കണ്ട സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ കഴിയാതെ കുടുംബങ്ങളിൽ അവശേഷിക്കുന്നവർക്ക് ജീവിതാവസാനം വരെ ഇരു ഓർമ്മകൾ സമ്മാനിച്ചും, ഒരു പ്രദേശത്തിനുമേൽ കരിനിഴൽ വീഴ്ത്തിയുമാണ് – 2024 ജൂലൈ 31–ന് അർദ്ധ രാത്രി ഗാഢനിദ്രയിലായിരുന്ന പ്രകൃതി സുന്ദരമായ ഗ്രാമത്തെയും ജീവനുകളെയും നക്കിതുടച്ച് ഇല്ലാതാക്കിയത്.

### അതിജീവിതർക്കൊപ്പം നാമുണ്ട്..നാടുണ്ട്...

സ്വപ്നങ്ങൾ ബാക്കിയാക്കി മറ്റൊരു ലോകത്തേക്ക് യാത്രയായ പ്രിയപ്പെട്ടവർക്ക് ...
മതമേത്? ജാതിയേത് എന്നറിയാതെ ചൂരൽ മലയിലെ വിജനമായ ഹാരിസൻ പ്ലാന്റേഷനിലെ തേയിലത്തോട്ടത്തിലെ മണ്ണിനടിയിൽ അന്തിയുറങ്ങുന്നവർക്കും അർപ്പിക്കുന്നു . ഒരായിരം ബാഷ്പാഞ്ജലികൾ .

മണിവിളക്ക്
WhatsApp group

https://chat.whatsapp.com/FtE0473QF0eHCGvPPni3qO

Scan or upload this QR code using the WhatsApp camera to join this group

മണിവിളക്കിന്റെ വാട്ട്സ്ആപ് ഗ്രൂപ്പിൽ ജോയിൻ ചെയ്യാൻ മുകളിൽ കാണുന്ന ലിങ്കിലോ QR കോഡ് പ്രയോജനപ്പെടുത്തുക .

www.malankaralibrary.com



# പിതാ–മരം

റോസ് വടക്കേടത്ത്
Delhi

മരമാണ് ഞാൻ മകനെ; എന്നിലെ ചില്ലകൾ നീയും നിൻ സഹോദരരും. പിതാവെന്നോട് ചൊല്ലിയൊരുനാൾ.
ഏറ്റം ആകാംക്ഷയോടെ ഞാൻ ചോദിച്ചു അപ്പോൾ ഈ ഇലകളോ അപ്പാ? നീയാകും ചില്ലയിലെ ഇലകൾ നിൻ മക്കളും മറ്റേത് നിന്റെ സോദരമക്കളുമാണ് മകനെ...
മനോഹരമായ ഈ ഭൂമിയെ കൂടുതൽ മനോഹരമാക്കുവാൻ നമ്മളും ഒരു വലിയ പങ്കു വഹിക്കുന്നുണ്ട്. അതിനാൽ തന്നെ ഇവിടുന്നു കിട്ടുന്ന വെള്ളവും വെളിച്ചവും വളവുമൊക്കെ എല്ലാവരും ഒന്നിച്ചു പങ്കിടണം. എന്നാലേ കാറ്റും മഴയും മഞ്ഞുമൊക്കെ നമ്മെ പ്രഹരിക്കുമ്പോൾ ഒറ്റക്കെട്ടായി നമ്മുക്ക് അതിനെ നേരിടാൻ കഴിയൂ. പരസ്പരം സന്തോഷമായി ജീവിക്കാൻ കഴിയൂ.

കാലം മുന്നോട്ടു പോയപ്പോൾ പിതാവ് ഒരുനാൾ ഇഹലോകവാസം വെടിഞ്ഞു. ഏറ്റവും കരുത്തനായ മുത്തമകൻ എന്ന നിലയിൽ പിതാവിന്റെ സ്ഥാനം ഞാൻ തന്നെ ഏറ്റെടുക്കേ വന്നു. ആദ്യം ഒരു കൗതുകമായി തോന്നിയെങ്കിലും ഭാരിച്ച ഉത്തരവാദിത്വമാണിതെന്നു വൈകാതെ തിരിച്ചറിഞ്ഞു തുടങ്ങി. മക്കളും കൊച്ചുമക്കളും അടങ്ങുന്ന ഈ കൂട്ടുകുടുംബത്തെ ഒരേ പോലെ കൊണ്ടുപോകുക വളരെ പ്രയാസമുള്ള കാര്യമാണ്. ഒരു ചെറിയ കാറ്റ് വന്നാൽ പരസ്പരം മല്ലിടുന്ന മക്കൾ... ഇടക്കിടെ പിത്തം ബാധിച്ചു കൊഴിഞ്ഞു പോകുന്നവർ, പിന്നെ ചില സുന്ദരിമക്കളെ നമ്മിൽ നിന്നും അടർത്തി മാറ്റി അവരുടെ ഇഷ്ടങ്ങൾക്കായി വിനിയോഗിക്കുന്നവർ. ഇനിയും ചില മര ഭ്രാന്തന്മാർ ബഡിങ് പേര് പറഞ്ഞ് വേറെ മരങ്ങൾക്കായി തന്റെ മക്കളെ വെട്ടിമാറ്റുന്നു. വേറെ ചിലർ നമ്മുടെ

പൂവുകളെ ആസ്വദിച്ചു നിർവൃതി കണ്ടെത്തുന്നു. ഇനിയും ചില കശ്മലൻമാർ നമ്മുടെ കുഞ്ഞുമൊട്ടുകളെ വളരാനും വിരിയാനും സമ്മതിക്കാതെ ഞെരിച്ചമർത്തികളയുന്നു. നമ്മുടെ വംശനാശം ആഗ്രഹിക്കുന്ന ചിലർ നമ്മെ അപ്പാടെ വെട്ടി നശിപ്പിക്കുന്നു.

അതിന്റെ പരിണിത ഫലമായി നാം പിന്നെ ഭാരം ചുമന്നു അവരുടെ കട്ടിലായും, കസേരയായും, ഭിത്തിയിലെ ജനലും വാതിലുമൊക്കെയായി തീരുന്നു. ഈ പരിണാമ പ്രക്രിയയിൽ നിന്ന് രക്ഷപ്പെട്ടു നിൽക്കുന്നവരും ഒടുവിൽ ക്യാൻസർ ബാധിച്ചു ദ്രവിച്ചു വീണു പോകുന്നു. ഇനിയും ബാക്കിയാകുന്നവർ കൊടുങ്കാറ്റിലും, പേമാരിയിലും കടപുഴകി വീഴുന്നു. അവരെപോലും വെറുതെ വിടാത്തവരുണ്ട്. എങ്കിലും, മറ്റുള്ളവർക്ക് വെളിച്ചവും ചൂടും പകർന്നു അവസാനമൊരു ചാരമാകുന്നത് വരെ മറ്റുള്ളവർക്ക് വേണ്ടി ജീവിക്കുന്ന വെറും മരമാണ് ഞാൻ എന്ന തിരിച്ചറിവ് എന്നെ പോലെ ഓരോ മരത്തിനും ഉണ്ടാകുമോ എന്തോ!? പിതാവ് എന്ന മരം ബലവത്തായി നിൽക്കുന്നിടത്ത് മാത്രമേ മക്കൾ ഒരുമയോട് നിൽക്കൂ എന്നത് ഒരു നഗ്നസത്യം ആണ്. പിതാവ് കടന്നുപോകുമ്പോൾ മക്കൾ അവരവരുടെ വഴി തേടി പോകുന്നു. എന്നാൽ വീണ്ടും ഒരാൾ ആ പിതൃസ്ഥാനത്തിന് അർഹനായി ഉണ്ടെങ്കിൽ വീണ്ടും ആ മരം തളിർക്കുന്നു, പൂക്കുന്നു, കായ്ക്കുന്നു... അല്ലയോ പിതാവേ, എത്ര സുന്ദരവും വിചിത്രവും ഈ ജീവിതം......!




Lancy Santhosh
St john's syro Malankara Catholic Church, Karickal
Diocese : Mavelikkara

Joby Baby
Kuwait Malankara Rite Movement, kuwait

Anish Chacko Meparathu
St Joseph syro Malnkara catholic Church, Valakuzhy.
Diocese : Thiruvalla

ധന്യന്മാർ ഇവൻ ന്യൂസ് പിതാവ് എന്നിലൂടെ എന്ന വിഷയത്തിൽ നടത്തിയ രചന മത്സര വിജയികളായവർക്ക് എല്ലാവിധ അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരട്ടെ.

ജഡ്ജസ് നോട്ട് : 31 ലേഖനങ്ങളാണ് ആകെ ലഭിച്ചത് ഇതിൽ 6 ലേഖനങ്ങൾ തുടക്കത്തിൽ തന്നെ പൂർണമായി ഒഴിവാക്കുകയും തുടർന്ന് ബാക്കി ലേഖനങ്ങൾ പരിഗണിക്കുകയും ചെയ്തു. ഒരു രചന മത്സരത്തിന്റേതായ ശൈലി എഴുത്തുകൾക്ക് ഒന്നും തന്നെ ലഭിച്ചിട്ടില്ല എന്ന കാര്യം അറിയിച്ചുകൊള്ളട്ടെ. കൂടുതൽ എഴുത്തുകളും സാക്ഷ്യം പറച്ചിലായി, ഒരു പാരഗ്രാഫ് മാത്രമായും എന്ന പരിഭവം പങ്കുവെച്ചു കൊള്ളട്ടെ. എന്നിരുന്നാലും നിരവധി ആളുകൾ ഈ ഉദ്യമത്തിൽ പങ്കാളിയായി എന്നതിൽ സന്തോഷിക്കുന്നു. വിജയികളായവർ പോയിന്റ് അടിസ്ഥാനത്തിൽ ചെറിയ വ്യത്യാസങ്ങളിലാണ് നിലനിൽക്കുന്നത്. വിജയികളെ അഭിനന്ദിക്കുകയും കൂടുതൽ പുസ്തക വായനകളിലേക്കും എഴുത്തുകളിലേക്കും നിങ്ങളുടെ അവസരം കിട്ടുന്ന സമയങ്ങൾ ചെലവഴിക്കാൻ ശ്രമിക്കുമല്ലോ. എല്ലാവിധ ആശംസകളും.

www.malankaralibrary.com



ജോബി ബേബി
രെജിസ്റ്റേർഡ് നഴ്സ്,കെ ഒ സി ഹോസ്പിറ്റൽ,
കുവൈത്ത് മിനിസ്ട്രി ഓഫ് ഹെൽത്ത്
(Email- jobybaby1989@gmail.com )

# അറിഞ്ഞിരിക്കാം ചില രോഗവിവരങ്ങൾ

## നിപ ജാഗ്രത

കേരളത്തിൽ അഞ്ചാം തവണയും പ്രത്യക്ഷപ്പെട്ട നിപ വൈറസ് ഇത്തവണ അപഹരിച്ചത് ഒരു ജീവൻ മാത്രമാണെത് ആശ്വാസമാണെങ്കിലും,? ആറു വർഷത്തിനിടെ സംസ്ഥാനത്ത് ആകെ 21 പേർ മാരകമായ ഈ വൈറസ് രോഗം ബാധിച്ച് മരണത്തിനു കീഴടങ്ങിയെന്നത് മറക്കരുത്. നിപ വൈറസിനെതിരായ ജാഗ്രതയും മുൻകരുതലും ഗൗരവപൂർവം തുടരേ സമയമാണ് ഇത്.

മനുഷ്യരിലും മൃഗങ്ങളിലും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുാക്കുന്ന ജന്തുജന്യ രോഗമാണ് ഹെനിപാ വൈറസ് ജനുസിൽപ്പെട്ട നിപ വൈറസ് മൂലമുാകുന്ന അണുബാധ. മലേഷ്യയിലെ സുങ്കായ് നിപ്പാ എന്ന സ്ഥലത്താണ് ഈ വൈറസ് ബാധമൂലമുള്ള ആദ്യത്തെ സംഭവം രേഖപ്പെടുത്തിയത് എന്നതുകൊാണ് ഈ പേര്. 1999-ൽ,? മലേഷ്യയിൽ പന്നി കർഷകർക്കിടയിൽ രോഗലക്ഷണങ്ങൾ പ്രകടമായ സമയത്താണ് നിപ സാന്നിദ്ധ്യം ആദ്യമായി തിരിച്ചറിഞ്ഞത്. പിന്നീട് ബംഗ്ളാദേശിൽ നിപ വൈറസ് പ്രത്യക്ഷമായി (2001)?. ഇവിടെയും ഇന്ത്യയിലും തുടർന്നുായ രോഗബാധ പഴംതീനി വവ്വാലുകളുടെ ശരീരസ്രവങ്ങൾ (മൂത്രമോ ഉമിനീരോ) കലർന്ന പഴങ്ങളുടെ ഉപഭോഗം വഴിയായിരിക്കാമെന്ന് കരുതുന്നു.

രോഗികളുടെ കുടുംബാംഗങ്ങളിലും പരിചരണം നൽകുന്നവരിലും (മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക്)? വൈറസ് പകരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

- തീവ്ര ശ്വാസകോശ രോഗങ്ങൾ ഉണ്ടായിട്ടുള്ള രോഗികളിൽ നിന്നാണ് പലപ്പോഴും നിപ മറ്റൊരാളിലേക്കു പകരുന്നത്.ചുമ, തുമ്മൽ തുടങ്ങിയവയിലൂടെ വൈറസ് വായുവിൽ കലരാം.സുരക്ഷിത മാർഗങ്ങളില്ലാതെ രോഗബാധിതരെ പരിചരിക്കുന്നതിലൂടെയോ, രോഗികളുടെ ശരീരസ്രവങ്ങളിൽ നിന്നോ, രോഗിയുടെ വസ്ത്രങ്ങളും സാധന സാമഗ്രികളും അശ്രദ്ധമായി ഉപയോഗിക്കുന്നതിലൂടെയോ, സുരക്ഷിത മാർഗങ്ങൾ അവലംബിക്കാതെയുള്ള രോഗീസന്ദർശനം വഴിയോ, രോഗം ബാധിച്ച് മരണമടഞ്ഞവരുടെഭൗതികദേഹംസുരക്ഷാമാർഗങ്ങൾ സ്വീകരിക്കാതെ കൈകാര്യം ചെയ്യുന്നതിലൂടെയോ രോഗം പിടിപെടാം.

* രോഗബാധയുള്ള വ്യക്തിയിൽ അണുബാധയുണ്ടാകാതിരിക്കാൻ ഇവരെ പരിചരിക്കുന്നവർ മാസ്ക്, ഗ്ളൗസ് എന്നിവ ഉപയോഗിക്കുക. ഇടയ്ക്കിടെ കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് നന്നായി കഴുകുക. ആൽക്കഹോൾ അടങ്ങിയ സാനിറ്റൈസർ ഉപയോഗിച്ചും കൈകൾ വൃത്തിയാക്കാം.
* രോഗിയുമായി സമ്പർക്കമുണ്ടായാൽ കൈകൾ സോപ്പ് ഉപയോഗിച്ച് നന്നായി കഴുകുക. രോഗിയുള്ള സ്ഥലത്തിനിന്ന് അകലം പാലിക്കുക.
* രോഗിയുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കുള്ള സാമഗ്രികൾ പ്രത്യേകം സൂക്ഷിക്കുക.
* വവ്വാൽ കടിച്ച പഴങ്ങൾ കഴിക്കുകയോ തൊടുക പോലുമോ ചെയ്യരുത്. വവ്വാൽ കടിച്ചെന്നു സംശയിക്കുന്ന

www.malankaralibrary.com

പഴങ്ങൾ, വവ്വാലുകളുടെ വിസർജ്ജ്യമോ ശരീരസ്രവങ്ങളോ പുരണ്ടപ്രതലങ്ങൾ തുടങ്ങിയവയുമായി സമ്പർക്കമുായാൽ കൈകൾ ഉടനടി സോപ്പ് ഉപയോഗിച്ച് വൃത്തിയാക്കുക.

## അമീബിക്ക് മസ്തിക ജ്വരം

കെട്ടിക്കിടക്കുന്നതോ ഒഴുകുന്നതോ ആയ ജലസ്രോതസുകളിൽ അപൂർവമായി കാണുന്ന വൈറസാണ് അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്. ഇത്തരം വെള്ളവുമായി സമ്പർക്കത്തിൽ വരുന്നവരിൽ 26 ലക്ഷത്തിൽ ഒരാൾക്ക് മാത്രമാണ് രോഗം വരുന്നതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സാധാരണമായി നേഗ്ലേറിയ ഫൗലേറി അമീബ വിഭാഗത്തിൽപ്പെട്ട രോഗാണു തലച്ചോറിനെ ബാധിക്കുമ്പോഴാണ് രോഗമുണ്ടാകുന്നത്. മൂക്കിനേയും മസ്തിഷ്കത്തേയും വേർതിരിക്കുന്ന നേർത്ത പാളിയിൽ അപൂർവമായുണ്ടാകുന്ന സുഷിരങ്ങൾ വഴിയോ കർണപടലത്തിലുണ്ടാകുന്ന സുഷിരം വഴിയോ ആണ് അമീബ തലച്ചോറിലേക്ക് കടക്കുകയും മെനിഞ്ചോ എൻസെഫലൈറ്റിസ് ഉണ്ടാക്കുകയും ചെയ്യുന്നത്. മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് രോഗം പകരില്ല. 97 ശതമാനത്തിലധികം മരണനിരക്കുള്ള രോഗമാണിത്. കേരളത്തിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് രണ്ടു മാസത്തിനിടെ മൂന്ന് കുട്ടികൾ മരിച്ചിരുന്നു.

രോഗബാധയുായി ഒന്ന് മുതൽ ഒൻപത് ദിവസങ്ങൾക്കുള്ളിലാണ് രോഗലക്ഷണങ്ങൾ ഉണ്ടാകുന്നത്. നട്ടെല്ലിൽ നിന്നും സ്രവം കുത്തിയെടുത്ത് പരിശോധിക്കുന്നത് വഴിയാണ് രോഗനിർണയം നടത്തുന്നത്. പി.സി.ആർ പരിശോധനയിലൂടെയാണ് രോഗം സ്ഥിരീകരിക്കുന്നത്. അമീബയ്ക്കെതിരെ ഫലപ്രദമെന്ന് കരുതുന്ന 5 മരുന്നുകളുടെ സംയുക്തം ഉപയോഗിച്ചാണ് ചികിത്സ. എത്രയും വേഗം മരുന്നുകൾ നൽകിത്തുടങ്ങുന്നവരിലാണ് രോഗം ഭേദമാക്കാൻ സാധിക്കുന്നത്. അതിനാൽ രോഗലക്ഷണങ്ങൾ തുടങ്ങി എത്രയും വേഗം മരുന്നുകൾ നൽക്കോണ്. അതിലൂടെ മരണനിരക്ക് കുറയ്ക്കാൻ സാധിക്കും.

## എംപോക്സ്

ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ് വന്നതോടെ എംപോക്സ് പകർച്ചവ്യാധിയിൽ കുരുങ്ങിയിരിക്കുകയാണ് ലോകം. ഓർത്തോ പോക്സ് വൈറസ് ജെനുസിലാണ് എംപോക്സ് ഉൾപ്പെടുന്നത്. 1958ൽ ഡെൻമാർക്കിലാണ് ആദ്യമായി ഈ വൈറസ് കുരങ്ങുകളിൽ കണ്ടെത്തിയത്. മങ്കി പോക്സ് എന്നായിരുന്നു യഥാർത്ഥ പേര്. 1970ൽ ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് ദ കോങ്കോയിൽ ഒമ്പത് മാസം പ്രായമുള്ള കുഞ്ഞിൽ രോഗം സ്ഥിരീകരിച്ചതോടെ ആദ്യമായി മനുഷ്യരിലും രോഗം കണ്ടുപിടിച്ചു. 2022ൽ 116 രാജ്യങ്ങളിൽ കേസ് റിപ്പോർട്ട് ചെയ്തു.

## എന്താണ് എംപോക്സ്

നേരത്തെ മൃഗങ്ങളിൽനിന്ന് മനുഷ്യരിലേക്ക് പകരുന്ന ജന്തുജന്യ രോഗമായിരുന്നു എംപോക്സ്. ഇപ്പോൾ മനുഷ്യരിൽനിന്ന് മനുഷ്യരിലേക്ക് പകരുന്നുണ്ട്.
തീവ്രത കുറവാണെങ്കിലും 1980ൽ ലോകമെമ്പാടും ഉന്മൂലനം ചെയ്തതായി പ്രഖ്യാപിക്കപ്പെട്ട വസൂരിയുടെ ലക്ഷണങ്ങളുമായി സാമ്യമുണ്ട്.

## അതിജീവിച്ചത് 9 പേർ

1971 മുതൽ 2024 വരെ ലോകത്ത് ഒൻപത് പേരാണ് പ്രൈമറി അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസിനെ അതിജീവിച്ചതെന്നാണ് സെന്റേഴ്സ് ഫോർ ഡിസീസ് കണ്ട്രോൾ ആൻഡ് പ്രിവൻഷൻ ജേർണലിൽ പ്രസിദ്ധീകരിച്ച ആർട്ടിക്കിളിൽ പറയുന്നത്. 1971ൽ ഓസ്ട്രേലിയയിലെ 14 കാരനും 1978 അമേരിക്കയിൽ 9 വയസുക്കാരനും 2003ൽ മെക്സിക്കോയിലെ 10 വയസുകാരനും രോഗത്തെ അതിജീവിച്ചു. 2013ൽ അമേരിക്കയിൽ രണ്ട് കുട്ടികളും 2016ൽ ഒരു കുട്ടിയും രോഗമുക്തി നേടി. 2015ൽ പാക്കിസ്ഥാനിലെ 25 വയസുക്കാരനും 2023ൽ 22 കാരനും രോഗത്തെ അതിജീവിച്ചിട്ടുണ്ട്.

## വേണ്ടത് ജാഗ്രത

കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നതും വെള്ളത്തിൽ ഡൈവ് ചെയ്യുന്നതും പരമാവധി ഒഴിവാക്കണം. വാട്ടർ തീം പാർക്കുകളിലേയും സ്വിമ്മിംഗ് പൂളുകളിലേയും വെള്ളം കൃത്യമായി ക്ലോറിനേറ്റ് ചെയ്ത് ശുദ്ധമാണെന്ന് ഉറപ്പാക്കണം. മൂക്കിലേക്ക് വെള്ളം ഒഴിക്കാതിരിക്കുക. മൂക്കിൽ വെള്ളം കയറാതിരിക്കാൻ നേസൽ ക്ലിപ്പ് ഉപയോഗിക്കുക. തീവ്രമായ തലവേദന, പനി, ഓക്കാനം, ഛർദി, കഴുത്ത് തിരിക്കാൻ ബുദ്ധിമുട്ട് തുടങ്ങിയവയാണ് പ്രാഥമിക ലക്ഷണങ്ങൾ. പിന്നീട് ഗുരുതരാവസ്ഥയിൽ എത്തുമ്പോൾ അപസ്മാരം, ബോധക്ഷയം, ഓർമക്കുറവ് തുടങ്ങിയ ലക്ഷണങ്ങളും ഉണ്ടാകുന്നു. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നവർ ഈ രോഗ ലക്ഷണങ്ങൾ കണ്ടാൽ ഇക്കാര്യം പറഞ്ഞ് ചികിത്സ തേടേണ്ടതാണ്. അമീബിക് മസ്തിഷ്കജ്വരത്തിന്റെ പശ്ചാത്തലത്തിൽ ആരോഗ്യമന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ചേർത്ത യോഗത്തിൽ പ്രത്യേക ചികിത്സാ മാർഗരേഖ പുറത്തിറക്കുകയും ചെയ്തു. രാജ്യത്ത് തന്നെ ആദ്യമായാണ് അമീബിക് മസ്തിഷ്ക ജ്വരത്തിന് സമഗ്ര മാർഗരേഖ പുറത്തിറക്കിയത്.

www.malankaralibrary.com



www.malankaralibrary.com



# ജീവിതവും കുടുംബവും ദൈവവേലക്കായി മാറ്റിവെച്ച പിതാവ്...



**ലിബി**

തന്റെ ജീവനും ജീവിതവും കുടുംബവും ദൈവവേലക്കായി മാറ്റിവെച്ച തന്റെ 3 പുത്രന്മാരിൽ 2 പേരെയും ദൈവത്തിന്റെ പുരോഹിതരാകുവാൻ വിട്ടു കൊടുത്ത പിതാവ്...
നമ്മളിൽ ഒരുവൻ ആയിരുന്ന നമ്മോടൊപ്പം ആയിരുന്ന ആ വലിയ മനുഷ്യൻ. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ മാവേലിക്കര ഭദ്രാസനത്തിലെ വെട്ടിയാർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകാംഗം ശ്രീ കുര്യാക്കോസ് മാവേലിക്കര.

1953 ജൂലൈ 4 ന് വിപെരിയാറിലെ കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസ് ഓഫിസിലെ ഉദ്യോഗസ്ഥനായ സാമുവേലിന്റെയും സഹധർമ്മിണി സാറാമ്മയുടെ യും മകനായി ജനനം. കർത്താവിന്റെ ദാനമാണ് മക്കൾ ഉദരഫലം ഒരു സമ്മാനവും (സങ്കീർത്തനം 127:3) എന്ന വചനത്തെ അനർത്ഥമാക്കുന്നത് പോലെ 1950 ൽ വിവാഹം കഴിച്ച സാമുവേലിനും സാറാമ്മക്കും മൂന്ന് വർഷത്തോളം കുഞ്ഞുങ്ങൾ ഇല്ലാതെയിരുന്നു നേർച്ച നേർന്ന് ഉണ്ടായ പുത്രൻ ആയിരുന്നു ശ്രീ കുര്യാക്കോസ് മാവേലിക്കര.

വണ്ടിപ്പെരിയാറിലെ അസംഷൻ ലത്തീൻ (റോമൻ) കത്തോലിക്കാ പള്ളിയിൽ വെച്ചാണ് അദ്ദേഹത്തിന്റെ വിശുദ്ധ മാമോദീസ നടത്തപ്പെട്ടത്. അവിടുത്തെ വികാരി അച്ചൻ ആണ് അദ്ദേഹത്തിന് ചെറുപ്രായത്തിലേ തന്നെ യേശു മിശിഹായ്ക്ക് വേണ്ടി രക്തസാക്ഷിത്വം വരിച്ച മോർ കുരിയാക്കോസ് സഹദായുടെ നാമം നൽകിയത്. സ്കൂളിൽ പഠിക്കുമ്പോൾ കൂട്ടുകാർ ഈ പേര് പറഞ്ഞു കളിയാക്കുമ്പോൾ വിഷമം തോന്നിയിട്ടുണ്ട് എങ്കിലും മോർ കുരിയാക്കോസ് സഹദായുടെ ജീവചരിത്രം മനസ്സിലാക്കിയപ്പോൾ ഈ വിശുദ്ധന്റെ നാമധാരി ആയി മാറി യതിൽ അദ്ദേഹത്തിന് വളരെ അഭിമാനം ഉണ്ടായി. ഒന്നാം ക്ലാസ് പഠനം വണ്ടിപെരിയാറിന് സമീപമുള്ള കോഴിക്കാനം എന്ന സ്ഥലത്തെ ഗവണ്മെന്റ് പ്രൈമറി സ്കൂളിലും, രണ്ടു മുതൽ അഞ്ചാം ക്ലാസ് വരെ സ്വദേശമായ വെട്ടിയാറിലെ ഇരട്ടപ്പള്ളികൂടം എന്നറിയപ്പെടുന്ന ഗവണ്മെന്റ് പ്രൈമറി സ്കൂളിലും പഠിച്ചു.
6,7 ക്ലാസ്സുകൾ അദ്ദേഹത്തിന്റെ അമ്മയുടെ സഹോദരി താമസിക്കുന്ന കുമ്പഴയിലെ മാർ പീലക്സിനോസ് യൂപി സ്കൂളിലും, എട്ടാം ക്ലാസ് പഠനം വെട്ടിയാറുള്ള ടി.എം വർഗീസ് മെമ്മോറിയൽ സ്കൂളിലുമാണ് തുടർന്നത്. ആയിടക്കാണ് അദ്ദേഹത്തിന് വൈദീകൻ ആകണം എന്ന ആഗ്രഹം ഉണ്ടാകുകയും വീട്ടുകാരുടെ

www.malankaralibrary.com

സമ്മതത്തോടെ കറ്റാനം ബഥനി ആശ്രമത്തിൽ ചേരുകയുമുണ്ടായി. ഒൻപത് , പത്ത് ക്ലാസ്സുകൾ കറ്റാനം പോപ്പ് പയസ് 11 സ്കൂളിൽ ആശ്രമ വിദ്യാർത്ഥിയായാണ് പഠിച്ചത്. വെള്ള ഫുൾ കൈഷർട്ടും വെള്ള മുണ്ടും ധരിച്ചായിരുന്നു ആശ്രമ അംഗങ്ങൾ സ്കൂളിൽ പഠിച്ചിരുന്നത്; അവർക്ക് വേണ്ടി ഒരു പ്രത്യേക ബഞ്ച് തന്നെ ഉണ്ടായിരുന്നു. അച്ചൻകുഞ്ഞുങ്ങൾ എന്നാണ് അദ്ദേഹത്തെയും മറ്റ് ആശ്രമസ്ഥരെയും മറ്റുള്ളവർ വിളിച്ചിരുന്നത്. പത്താം ക്ളാസ് പാസ്സ് ആയ അദ്ദേഹത്തെ തിരുവല്ല ബഥനി ആശ്രമത്തിൽ ആസ്പിരന്റ്സി, പോസ്റ്റുലന്റസി പരിശീലനത്തിനായി വിട്ടു.

അദ്ദേഹത്തിന് ചെറുപ്രായത്തിലേ ഒരു കേൾവി കുറവ് ഉണ്ടായിരുന്നു. അതുകൊണ്ട് 1969 ലെ മധ്യവേനൽ അവധിക്കാലത്ത് അദ്ദേഹം വീട്ടിൽ ആയിരുന്നപ്പോൾ കേൾവികുറവ് കാരണം ഇനി ആശ്രമത്തിൽ മടങ്ങി ചെല്ലേണ്ടതില്ല എന്ന കത്ത് വീട്ടിൽ വരികയും ചെയ്തു. അത് അദ്ദേഹത്തിനെ വളരെ നിരാശയിൽ ആക്കി.
കുര്യാക്കോസ് പ്രീഡിഗ്രിക്ക് പഠിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ പിതാവിന്റെ മരണം സംഭവിക്കുന്നത്. സ്വപിതാവിന്റെ വിടവാങ്ങൽ ആ കുടുംബത്തിനെ വളരെ അധികം ദുഃഖത്തിൽ ആക്കുകയും സാമ്പത്തികമായി ഞെരുക്കത്തിൽ ആക്കുകയും ചെയ്തു. ഈ സമയമൊക്കെയും പ്രാർത്ഥന മാത്രമായിരുന്നു അദ്ദേഹത്തിന്റെയും കുടുംബത്തിന്റെയും ഏക ആശ്രയം.
സർവീസിൽ ആയിരിക്കുമ്പോൾ തന്നെ സ്വപിതാവ് മരണപ്പെട്ടത് കൊണ്ട് കുര്യാക്കോസിനു ആ ജോലി ലഭിച്ചു. ആ ജോലിക്ക് വേണ്ടിയുള്ള എഴുത്തു കുത്തുകൾ ഒക്കെ നടത്തിയത് അദ്ദേഹത്തിന്റെ പിതാവിന്റെ സഹോദരിയുടെ മകൻ ആയ കുറത്തികാട് സെന്റ് ജോൺസ് എം.എസ്.സി യുപി സ്കൂളിലെ അധ്യാപകൻ ആയിരുന്ന ശ്രീ ജോർജ് സാർ ആയിരുന്നു. കളക്ടറുടെ പ്രത്യേക അനുമതി പ്രകാരമായിരുന്നു പതിനേഴര വയസ്സിൽ എൽ.ഡി.സി ആയി കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസ് ഡിപാർട്ട്മെന്റിൽ ജോലി ലഭിച്ചത്.
തനിക്ക് വൈദീകൻ ആകാൻ സാധിക്കാതെ പോയതിൽ അധീവ ദുഃഖം ഉണ്ടായിരുന്ന അദ്ദേഹത്തിന് തനിക്ക് ഉണ്ടാകുന്ന മക്കളിൽ ഒരാളെ വൈദീകൻ ആക്കണം എന്നത് വലിയൊരു ആഗ്രഹം ആയിരുന്നു.

1979 ഫെബ്രുവരി 19 ന് ശ്രീമതി ശോശാമ്മ ടീച്ചറിനെ ആയിരുന്നു അദ്ദേഹം വിവാഹം കഴിച്ചു. 1980 നവംബർ 27 ന് മൂത്ത പുത്രൻ ജനിച്ചതിന് ശേഷം അവർ മൂന്നാറിൽ നിന്ന് നാട്ടിൽ വന്ന് താമസമാക്കി. 1985 ഒക്ടോബർ 25 ആം തീയതി രാമത്തെ മകനും ജനിച്ചു. ഈ സമയങ്ങളി ൽ ഒക്കെയും വിവാഹത്തിന് മുൻപും ശേഷവും അദ്ദേഹം ബൈബിൾ മുഴുവനായും വായിക്കുവാൻ ആരംഭിച്ചിരുന്നു.
ദൈവത്തിന്റെ വചനം ആയിരുന്നു പല പ്രതിസന്ധിഘട്ടങ്ങളിലും അദ്ദേഹത്തിന് ഊർജ്ജം ആയി നിന്നിരുന്നത്. പിന്നീട് കായംകുളത്തേക്ക് ട്രാൻസ്ഫർ ലഭിച്ചപ്പോൾ പള്ളിയുടെ കമ്മിറ്റി അംഗമായും , വിൻസെന്റ് ഡീ പോൾ സൊസൈറ്റിയിലും സജീവമായി ഇടവക, ഭദ്രാസന തലത്തിലും പ്രവർത്തിച്ചു.
മൂത്തമകൾ ജോബിൻ പത്താം ക്ളാസ് കഴിഞ്ഞു വൈദീകൻ ആകാൻ താല്പര്യം പ്രകടിപ്പിച്ചത് അദ്ദേഹത്തെയും പ്രിയ പത്നിയെയും വളരെ സന്തോഷഭരിതരാക്കി. ആദ്യം തിരുവല്ല ബഥനി ആശ്രമത്തിലും കർണാടകയിലെ നുജിൽബാതായിലും പൂനെ പേപ്പൽ സെമിനാരിയിലും 14 വർഷം പഠിച്ചു വൈദീകനായി കേരളത്തിൽ 5 വർഷം സേവനം ചെയ്തതിന് ശേഷം ബെൽജിയം ലുവൈൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി ബഥനി ആശ്രമത്തിന്റെ സെക്രട്ടറിയായി കോട്ടയം വടവാതൂർ ബഥനി ആശ്രമത്തിൽ സേവനം ചെയ്യുന്നു.
മൂത്തമകൻ വൈദീകൻ ആകുവാൻ പോയതിന് ശേഷം രണ്ടാമത്തെ മകനും വൈദീകൻ ആകുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു അപ്പനെയും അമ്മയെയും നോക്കാൻ അടുത്ത ഒരു മകൻ കൂടി ഉണ്ടല്ലോ എന്ന വിചാരത്താൽ അദ്ദേഹത്തിന്റെ പൂർണ്ണ സമ്മതത്തോടെ രണ്ടാമത്തെ മകൻ സെമിനാരിയിൽ ചേർന്നു. ആദ്യം 10ാം ക്ലാസ് കഴിഞ്ഞു തിരുവനന്തപുരം മൈനർ സെമിനാരിയിൽ പോയെങ്കിലും അദ്ദേഹത്തിന് കോഴിക്കോട്ടേക്ക് ട്രാൻസ്ഫർ കിട്ടിയതിനാൽ വീട്ടിൽ അമ്മക്കും 4ആം ക്ലാസ്സിൽ പഠിക്കുന്ന അനുജനും കൂട്ട് വേണം എന്നതിനാൽ 12 ആം ക്ളാസ് വരെ വീട്ടിൽ നിൽക്കുവാൻ പറഞ്ഞുകൊണ്ട് അദ്ദേഹം രണ്ടാമത്തെ മകനെ വീട്ടിലേക്ക് കൂട്ടികൊണ്ടുവന്നു. 12 ആം ക്ളാസ് കഴിഞ്ഞതിന് ശേഷം രണ്ടാമത്തെ മകൻ തിരികെ സെമിനാരിയിലേക്ക് പോകുകയും മാവേലിക്കര ഭദ്രാസനത്തിനു വേണ്ടി ഫാ. വർഗീസ് കൊച്ചുകളീക്കൽ എന്ന പേരിൽ വൈദീകനാകുകയും ചെയ്തു.
ഇളയ മകൻ മെൽവിൻ കുരിയാക്കോസ് ശാലോമിൽ സുവിശേഷവേല ചെയ്യുകയും തന്റെ 27 ആം വയസ്സിൽ വിവാഹം കഴിക്കുകയും 2 കുട്ടികൾ ജനിക്കുകയും ചെയ്തു.
സഭക്കും സമൂഹത്തിനും ഒട്ടനവധി സഹായങ്ങളും സംഭാവനകളും തന്റെ ജീവിതം കൊണ്ട് അദ്ദേഹം ചെയ്തു തീർത്തു വിൻസെന്റ് ഡി പോൾ സൊസൈറ്റിയിൽ പ്രവർത്തിച്ചുകൊണ്ടു ഒട്ടനവധി ആളുകൾക്ക് വീടുവെച്ചു കൊടുക്കുകയും മറ്റു സഹായങ്ങൾ ചെയ്യുകയും ഉണ്ടായിട്ടുണ്ട്. സ്വന്തമായി വാങ്ങിയ സ്ഥലം പാവപ്പെട്ടവർക്ക് വീടുവെക്കുവാനായി സൗജന്യമായി കൊടുത്തിട്ടുമുണ്ട്. കൂടാതെ തടവറയിൽ കഴിയുന്നവർക്കയുള്ള ജയിൽ മിനിസ്ട്രി ശുശ്രൂഷ, സുവിശേഷ സംഘം , KCBC മദ്യവിരുദ്ധ സമിതി അംഗം , വചനോത്സവം, ശാലോം , സൺഡേ ശാലോം എന്നീ മാസികകൾ വിതരണം ചെയ്യുക വഴിയായി അനേകരെ ക്രിസ്തുവിലേക്ക് ആകർഷിക്കുക , മതബോധന അധ്യാപകൻ , പ്രോലൈഫ് പ്രവർത്തകൻ എന്നീ നിലകളിൽ തന്റെ സേവനം മറ്റുള്ളവർക്ക് ലഭിക്കത്തക്കവിധം പ്രവർത്തിക്കുന്നു.

www.malankaralibrary.com






മലങ്കര സുറിയാനി കത്തോലിക്കാ സഭാ ഡൽഹി-ഗുഡ്ഗാവ് ഭദ്രാസന പ്രഥമ അധ്യക്ഷൻ ഭാഗ്യ സ്മരണാർഹനായ ജേക്കബ് മാർ ബർണബാസ് പിതാവിന്റെ മൂന്നാം ഓർമ്മതിരുന്നാളിനോട് അനുബന്ധിച്ച് എം സി വൈ എം റാന്നി മേഖലയുടെയും നീരാട്ടുകാവ് യൂണിറ്റിന്റെയും നേതൃത്വത്തിൽ നടത്തപ്പെട്ട മൂന്നാമത് ജേക്കബ് മാർ ബർണബാസ് മെമ്മോറിയൽ അഖില മലങ്കര ക്വിസ് മത്സരം ബഥനി സന്യാസി സമൂഹം സുപ്പീരിയർ ജനറൽ റവ.ഫാ.ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി ഉദ്ഘാടനം ചെയ്തു.



മലങ്കര സുറിയാനി കത്തോലിക്കാ സഭ ഡൽഹി – ഗുഡ്ഗാവ് സെന്റ്.ജോൺ ക്രിസോസ്റ്റം ഭദ്രാസന പ്രദമ അധ്യക്ഷൻ ഭാഗ്യസ്മരണാർഹനായ ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ മൂന്നാമത് ഓർമ്മ തിരുന്നാളിനോട് അനുബന്ധിച്ച് മാതൃ ഇടവകയായ നീരാട്ടുകാവ് സെന്റ്.തോമസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ വച്ച് നടത്തപ്പെട്ട വി.കുർബാനയ്ക്കും ധൂപ പ്രാർഥനയ്ക്കും മലങ്കര സുറിയാനി കത്തോലിക്കാ സഭ അമേരിക്ക-ക്യാനഡ ഭദ്രാസന അധ്യക്ഷൻ അഭി.ഡോ.ഫിലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ നേതൃത്വം നൽകി. കുറ്റിയിൽ ഒ.ഐ.സി ഉദ്ഘാടനം ചെയ്തു.

www.malankaralibrary.com






പ്രേഷിത പ്രവർത്തനം വ്യാപിപ്പിക്കണം: സിറോ മലബാർ സഭ എപ്പിസ്കോപ്പൽ അസംബ്ലി സമാപിച്ചു.



MCA (മലങ്കര കാതലിക് അസോസിയേഷൻ) തിരുവല്ല അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ വിവിധ മേഖല സമതികൾ വയനാടിന്റെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി സമാഹരിച്ച തുക (12 ലക്ഷം) അതിഭദ്രാസന, മേഖല നേതാക്കൻമാരുടെയും, വൈദീക ഉപദേഷ്ടാക്കളുടെയും സാന്നിധ്യത്തിൽ തിരുവല്ല അതിഭദ്രാസനാധിപൻ അഭിവന്ദ്യ ആബൂൻ തോമസ് മോർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്ക് കൈമാറി.



ഭാഗ്യസ്മരണാർഹനായ ആബൂൻ ജേക്കബ് മോർ ബർണ്ണബാസ് പിതാവിന്റെ മൂന്നാം ഓർമ്മയാചരണത്തിൽ അഭിവന്ദ്യരായ ആബൂൻ മാത്യൂസ് മാർ പക്കോമിയോസ്, ആബൂൻ തോമസ് മോർ അന്തോണിയോസ് മെത്രാപ്പോലീത്തന്മാരുടെ മുഖ്യ കർമികത്വത്തിൽ വിശുദ്ധ കുർബാനയും, കബറിങ്കൽ ധൂപ പ്രാർത്ഥനയും നടത്തി.




തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ KCSL സംഘടനയുടെ കർമ്മപദ്ധതികളുടെ ഉദ്ഘാടനവും ആനിമേറ്റേഴ്സ് സംഗമവും പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ തിരുമേനി കർമ്മ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ചു. ഗഇടഘ അതിഭാദ്രാസന പ്രസിഡന്റ് ശ്രീ. ബിജു തോമസ് അധ്യക്ഷത വഹിച്ചു.മേജർ അതിഭദ്രാസനത്തിലെ പ്രേഷിത കാര്യാലയങ്ങളുടെ ചുമതല വഹിക്കുന്ന വന്ദ്യ തോമസ് കയ്യാലക്കൽ അച്ചൻ , ബഹു. നെൽസൺ വലിയവീട്ടിൽ അച്ചൻ, ഗഇടഘ മേജർ അതിഭദ്രാസന ചെയർമാൻ ശ്രീ. ജയ്മോൻ അയ്യനേത്ത് , ബഹു. സിസ്റ്റേഴ്സ് ഗഇടഘ ഭാരവാഹികൾ , KCSL പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



MCYM അസ്സീസ്സിയൻ ഉത്സവ് 2024 കാട്ടാക്കട ജില്ല സാഹിത്യോത്സവത്തിൽ ഓവറോൾ ഫസ്റ്റും അസ്സീസ്സിയൻ ഉത്സവ് ഓവറോൾ സെക്കന്റും കാനക്കുഴി MCYM യൂണിറ്റ് കരസ്ഥമാക്കി.

www.malankaralibrary.com



ചങ്ങനാശ്ശേരി അതിരൂപതയെ ഉയരങ്ങളിലേക്ക് നയിച്ച്
അതിരൂപത അധ്യക്ഷ പദവിയിൽ നിന്നും പടിയിറങ്ങുന്ന

## മാർ ജോസഫ് പെരുന്തോട്ടം പിതാവിന്

# മണിവിളക്കിന്റെ

# സ്നേഹാദരങ്ങൾ

www.manivilaku.com

www.malankaralibrary.com



ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി
**മാർ തോമസ് തറയിൽ പിതാവിനും**
ഷംഷാബാദ് രൂപതയുടെ മെത്രാനായി
**മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ**
പിതാവിനും പ്രാർത്ഥനാശംസകൾ

www.manivilaku.com

www.malankaralibrary.com



ധന്യൻ മാർ ഈവാനിയോസ് പിതാവ്

# എന്നിലൂടെ


രചന മത്സര വിജയികൾ

## മലയാളം ഉപന്യാസ മത്സരം

### വിഷയം : ധന്യൻ മാർ ഈവാനിയോസ് പിതാവ് എന്നിലൂടെ

Lancy Santhosh
St john's syro Malankara Catholic Church, Karickal
Diocese : Mavelikkara

ധന്യൻ മാർ ഈവാനിയോസ് എന്ന നാമം കേൾക്കുമ്പോൾ തന്നെ ജീവിതത്തിന്റെ പല ഘട്ടങ്ങളിലും മറക്കുവാൻ കഴിയാത്ത ഒരു ആത്മീയബലം തന്നെയാണ്. യൗവ്വനത്തിന്റെ തീക്ഷ്ണതയിൽ പതറാതെ നിൽക്കുവാൻ മുൻപിൽ കണ്ട കെടാത്ത ഒരു പ്രകാശസ്രോതസ്സ് പിതാവിന്റെ സൂക്തങ്ങളിൽ ഹൃദയത്തിൽ ഇടം പിടിച്ചതായിരുന്നു ഈ സൂക്തമെന്നത് ഓരോരുത്തരും ഓരോ മിശിഹായായി രൂപാന്തരപ്പെടുവാൻ നിരന്തരം പരിശ്രമിക്കുവിൻ



തന്റെ ജീവിതത്തിന്റെ നിമിഷങ്ങൾ ഓരോന്നും പൂർണ്ണമായും ക്രിസ്തുവാകുവാനും ഓരോ ക്രൈസ്തവനെയും അതിനുവേണ്ടി ഒരുക്കുവാനും അക്ഷീണം പരിശ്രമിക്കുന്നതിൽ നിന്ന് ഒരിഞ്ച് പോലും വിശ്രമം കുപിടിക്കാതിരുന്ന പൂർണ്ണതാരം.

പിതാവിന്റെ പൂർണ്ണമായ ഒരു ചിന്ത യുവജനസംഘടനയിൽ പ്രവർത്തനം ആരംഭിക്കുമ്പോഴാണ് കൂടുതലായും കടന്ന് വന്നത്. MCYM എന്ന സംഘടന ഹൃദയത്തിൽ ഒരു തീ ആയി തീർന്നത് തന്നെ ഈവാനിയോസ് പിതാവിനോടുള്ള സ്നേഹവും വിശ്വാസവും സംരക്ഷണത്തിന്റെ വലയവും കൂടിച്ചേർന്ന ഒരു കനൽ എന്നും കത്തി ജ്വലിക്കുന്നത് കൊണ്ടാണ്. എത്ര വലിയ പേമാരിയിലും കൊടുങ്കാറ്റിലും അണയ്ക്കുവാനോ കെടുത്തുവാനോ കഴിയാത്ത ഒരു അത്ഭുത കനലായി ക്ഷോഭിപ്പിച്ചു കൊണ്ട് തന്നെ ഇരിക്കും. ഓരോ യുവജനങ്ങളും തെളിമയുള്ളവരായി ക്ഷോഭിക്കുന്നത് ഈ പിതാവിന്റെ കരുതലിലാണെന്ന് ഉറക്കെ ഘോഷിക്കുവാൻ സാധിക്കും. തന്റെ ജീവിതത്തിന്റെ ഓരോ നിമിഷവും ക്രൈസ്തവ സഭയുടെ വളർച്ചയ്ക്കായി മാറ്റി വെയ്ക്കുവാൻ പിതാവിന് സാധിച്ചുവെങ്കിൽ പിതാവിന്റെ പിൻഗാമിയായി വരുന്ന ഓരോരുത്തർക്കും അത് ജീവിതചര്യയായി തീർക്കുവാൻ സാധിക്കണം. പുനരയ്ക്യം എന്ന വാക്കിലൂടെ തന്റെ പ്രയത്നങ്ങളെ ഫലമണിയിക്കുവാൻ കഴിഞ്ഞുവെങ്കിൽ, നമ്മെ വീടെടുത്തെങ്കിൽ നാം ഓർക്കുക... നിന്നിലുള്ള സഭയാകുന്ന തീയെ ജ്വലിപ്പിക്കുവാൻ ഇതുപോലെ സഭയുടെ ഐക്യത്തിനും സമാധാനത്തിനും വേണ്ടി നിരന്തരം പ്രയത്നിച്ച നല്ലവരായ, സ്വയം ജീവിതം ഹോമിച്ച മഹാരഥന്മാരുടെ സംഭാവനയുടെ ആകെത്തുകയാണ് നാം ഇന്ന് അഭിമാനത്തോടെ ഉദ്ഘോഷിക്കുന്ന സഭയെന്നുള്ളത്.

പരിശുദ്ധ പിതാവിന്റെ ഏറ്റവും വലിയ ഒരു ഭക്തി എന്നെയും സ്വാധീനിച്ചിട്ടു്. ഞാനും പിതാവിനെ പോലെ ഒരു മരിയഭക്തയാണ്. ഞാൻ ഇന്ന് ആയിട്ടുള്ളതെല്ലാം അമ്മ മാതാവിന്റെ കൃപയാലാണ്. പരിശുദ്ധ ദൈവമാതാവിന്റെ ജനന മാസത്തിലാണ് പിതാവും ജനിച്ചത്. ഞാനും അതുപോലെ വചനിപ്പ് തിരുനാളിൽ ജനിച്ചൊരു വ്യക്തിയാണ്. പിതാവിന്റെ ഭവനത്തിൽ നിന്ന് പരിശുദ്ധ മാതാവിനോടുള്ള ഭക്തിയിൽ എങ്ങനെ വളർന്നുവന്നുവോ അതിനോട് അത്രയും അടുത്തല്ലെങ്കിലും എന്നെയും പരിശുദ്ധ അമ്മയോട് ചേർന്ന് വളരുവാൻ മാതാപിതാക്കൾ ശ്രദ്ധ പുലർത്തിയിട്ടുണ്ട്. ജീവിതത്തിന്റെ തളർച്ചകളിൽ ഒരു കൈയ്യിൽ പരിശുദ്ധ അമ്മയും മറുകൈയ്യിൽ ധന്യൻ മാർ ഈവാനിയോസ് പിതാവും താങ്ങി നിർത്തിയിട്ടുള്ളത് എനിക്ക് അനുഭവിക്കുവാൻ സാധിച്ചിട്ടുള്ളതാണ്. ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ തിരുനാളിനോട് അനുബന്ധിച്ച് നടക്കുന്ന പദയാത്രയിൽ സംബന്ധിക്കുവാൻ ലോകത്തിന്റെ ഏത് അറ്റത്ത് നിന്നും

www.malankaralibrary.com

വരുവാൻ കഴിയും എന്നുള്ള ഉറപ്പിലാണ് ഞാൻ. ഓരോ വർഷവും ശാരീരിക പ്രശ്നങ്ങളിൽ പോലും കുറച്ച് മണിക്കൂറെങ്കിലും നടക്കുവാൻ കഴിയണേ എന്ന പ്രാർത്ഥനയും ഉള്ളിൽ അലയടിക്കുന്ന ഒന്നാണ്.

ഞാൻ എന്റെ ജീവിതാനുഭവങ്ങളിലേക്ക് വരുമ്പോൾ വിവാഹ ആലോചനകളുടെ കാലത്ത് എന്റെ ഭവനത്തിൽ ഞാൻ ഒരു നിബന്ധന മാത്രം കൊടുത്തു. ഞാൻ ഒരു മലങ്കര കത്തോലിക്കാ യുവാവിനെ മാത്രമേ വിവാഹം കഴിക്കൂ എന്നുള്ളത്.
എന്റെ മാതാപിതാക്കളും അതിനോട് യോജിച്ചിരുന്നു. എന്നാൽ ആലോചനകൾ എല്ലാം ഇതര സഭകളിൽ നിന്ന്... ബന്ധുക്കളുടെ ഭാഗത്ത് നിന്ന് നല്ല വിമർശനങ്ങളും ഉണ്ടാകുന്നുണ്ട്. അങ്ങനെയിരിക്കെ,ആ വർഷത്തെ പദയാത്രയിൽ ഞാൻ പോകാത്ത ഒരു പള്ളിയിലേക്ക് പദയാത്ര കടന്നുപോയിരുന്നു. പദയാത്ര കടന്നുപോയിരുന്ന പള്ളിയിൽ കയറുന്നതിനു മുൻപ് ഉരുവിട്ടിരുന്നത്, ഞാൻ ഒരു മലങ്കരകാരിയായി വളർന്ന് ജീവിക്കാനും മരിപ്പാനും എന്നെ അനുവദിക്കണമേ എന്നുള്ളതായിരുന്നു. പദയാത്ര കഴിഞ്ഞ് ഒരു മാസം തികയുന്നതിനു മുൻപ് ആ ദൈവാലയത്തിൽ നിന്ന് ഒരാലോചന വന്നു. അത് ഉറച്ചു. ഇന്നും യുവജന സംഘടനയിലും എന്റെ ജീവനായ സഭയിലും തുടരുവാൻ ഉള്ള ഭാഗ്യം ലഭിച്ചു. ആ അതിയായ പ്രാർത്ഥനയിൽ, കൂടെ കരുതലായിരുന്നത് വന്ദ്യ പിതാവാണെന്ന് ഇന്നും ഞാൻ വിശ്വസിക്കുകയും... ഒപ്പം എന്റെ അടുത്ത് മലങ്കരയിൽ നിന്നുള്ള വിവാഹം മതിയെന്ന് പറയുന്നവരോട് ഞാൻ പറയും, ഒരു ദിവസത്തെ പദയാത്രക്കെങ്കിലും നടന്നു പോകാൻ സാധിക്കുമെങ്കിൽ നമ്മുടെ ആവശ്യം പറഞ്ഞാൽ അത് സാധിക്കുക തന്നെ ചെയ്യും എന്നുള്ള ഒരുറപ്പും കൊടുക്കുവാൻ പലവട്ടം ഇടവന്നിട്ടുണ്ട്. അതുപോലെ ഒത്തിരിയേറെ അനുഭവങ്ങളിലൂടെ പിതാവിന്റെ സ്നേഹവും വാത്സല്യവും അനുഭവിക്കാൻ ഭാഗ്യമായി തീർന്നിട്ടുണ്ട്. ഇനിയും തുറന്ന് പറയാൻ, എന്റെ കണ്ണീരിന്റെ താഴ്വരയിൽ നിന്ന് എന്നെ ഉയർത്തിയ ഒരു സാക്ഷ്യം കൂടി പറയാം. എല്ലാ സാക്ഷ്യവും പറയണമെന്നിരിക്കിലും... നീറിയിരുന്ന മനസ്സിനെ മഞ്ഞുതുള്ളികൾ കൊണ്ട് തഴുകുന്ന രീതിയിലേക്ക് മാറ്റുവാൻ കഴിഞ്ഞ ഒരു അനുഭവം കൂടി പറഞ്ഞു വെയ്ക്കട്ടെ.

എനിക്ക് ദൈവത്തിന്റെ കൃപയാൽ വിവാഹജീവിതത്തിൽ കുഞ്ഞുണ്ടാകുന്നത് ഒത്തിരി പ്രാർത്ഥനയിലൂടെയാണ്. മരുന്നോ ചികിത്സയോ ആവശ്യമില്ലാതെ 3 വർഷത്തിന് ശേഷം ഒരാൺകുഞ്ഞിനെ ദൈവം തമ്പുരാൻ നൽകി. അവിടുന്ന് തന്ന കുഞ്ഞുസമ്മാനം വേറെ ആരോഗ്യപ്രശ്നങ്ങൾ ഒന്നുമില്ലാതെ വളർന്ന് വരുന്ന സമയത്ത് സംസാരിക്കുന്നതൊക്കെ കുഴപ്പമില്ലാതെ പോയി. പക്ഷേ, സംസാരിക്കുന്ന വാക്കുകളിൽ നിന്ന്



വാക്യങ്ങളിലേക്ക് മാറുമ്പോൾ തടസ്സം ഉണ്ടാകുന്നു. കുഞ്ഞിന് വിക്ക് അനുഭവപ്പെടാൻ തുടങ്ങി. ആദ്യമൊന്നും ഞാൻ കാര്യമായി എടുത്തിരുന്നില്ല, തിരുത്താൻ ശ്രമിക്കും. പിന്നീട് കുഞ്ഞിന്റെ ഈ പ്രശ്നം വീട്ടുകാരേക്കാൾ മറ്റുള്ളവർക്കായി തുടങ്ങി. അവർ വിക്കനാണോ എന്ന് വരെ മകന്റെ മുമ്പിൽ വെച്ച് ചോദിക്കുവാൻ ഇടയായി. അത് കുഞ്ഞിനും എനിക്കും വീട്ടുകാർക്കും ഒരുപാടു വേദനയായി. അവൻ പിന്നീടങ്ങ് സംസാരിക്കുമ്പോൾ വായ് തപ്പി പിടിക്കും. അത് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. ഈ പ്രശ്നം ഉണ്ടാകുന്നത് കൊണ്ട് പല സംസാരങ്ങളും കുഞ്ഞ് പകുതിക്ക് വെച്ച് നിർത്തുക പതിവായി.
അങ്ങനെ ഹോസ്പിറ്റലിൽ കാണിച്ചു. സ്പീച്ച് തെറാപ്പിസ്റ്റിനെ കാണിക്കാൻ പറഞ്ഞു. ഒരു പ്രാവശ്യം മാത്രം പോയി. പിന്നെ ഈ ആവശ്യം പറഞ്ഞു കൊണ്ട് നിയോഗം വെച്ച് ഞാൻ ഒരു ദിവസം ഒഴികെ ബാക്കി എല്ലാ ദിവസങ്ങളിലും 2023 ലെ പദയാത്രയിൽ പങ്കെടുത്തു. അത്ഭുതത്തോടെ പറയട്ടെ, അവിടുത്തെ അനുഗ്രഹത്തോടെ എന്റെ കുഞ്ഞിന്റെ ആ ബുദ്ധിമുട്ട് മാറ്റുവാൻ വന്ദ്യ പിതാവിന്റെ മാധ്യസ്ഥത്തിലൂടെ സാധിച്ചു. അതിനാൽ ഇനിയും എന്നും മാർഗ്ഗദർശിയായും സംരക്ഷകനായും വഴികാട്ടിയായും പിതാവ് കൂടെയുണ്ടാകും എന്നുള്ള ഉറച്ച വിശ്വാസത്തിലും പ്രതീക്ഷയിലും നിലകൊള്ളുന്നു.

ധന്യൻ മാർ ഈവാനിയോസ് പിതാവേ,
അശരണരുടെ കരുത്തായി
കണ്ണീരിൽ കുതിർന്നവരുടെ ആശ്വാസമായി
അണയാതെ ശോഭിക്കുവാൻ അങ്ങേയ്ക്ക് കഴിയട്ടെ

ഇനിയും വാനോളം ഉയരെ പുകഴ്ത്തപ്പെടാൻ, സഭയുടെ ഉന്നതമായ ശക്തി സങ്കേതമാകുന്നത് കാണുവാൻ ഞങ്ങൾക്ക് കഴിയട്ടെ. വെല്ലുവിളികളുടെയിടയിൽ ജീവിതത്താൽ ഇട്ടു കറങ്ങപ്പെടുന്ന എല്ലാ യുവജനങ്ങൾക്കും ക്രൈസ്തവർക്കും ഈ തീക്കനലിനെ ചേർത്ത് മാധ്യസ്ഥം യാചിച്ചു, ഈ ജീവിതം മാതൃകപ്പെടുത്തി സ്വയം കനലായി സഭയ്ക്ക് വേണ്ടി ജീവിക്കാൻ ഇടവരട്ടെ എന്നും ആശംസിക്കുന്നു...!

www.malankaralibrary.com



www.manivilaku.com

# മലങ്കര സഭ ഓഗസ്റ്റ് മാസത്തിൽ

**1919 ഓഗസ്റ്റ് 15 :** റവ. ഫാ. പി.റ്റി. ഗീവർഗീസ് (പിന്നീട് മാർ ഈവാനിയോസ് മെത്രാപ്പോലിത്താ) മലങ്കര ഓർത്തഡോക്സ് സഭയിൽ റാന്നി - പെരുന്നാട്ടിൽ ബഥനി ആശ്രമം സ്ഥാപിക്കുന്നു.

**1977 ഓഗസ്റ്റ് 28 :** മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ മെത്രാൻ പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ പുനരൈക്യം (മലബാർ സ്വതന്ത്ര സുറിയാനി സഭ).

**1987 ഓഗസ്റ്റ് 18-19 :** പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ കർദ്ദിനാൾ സൈമൺ ഡി ലൂർദ്ദുസ്വാമിയുടെ മലങ്കര സുറിയാനി കത്തോലിക്കാ സഭാ സന്ദർശനം.

**1988 ഓഗസ്റ്റ് 6 :** തിരുവല്ലാ ഭദ്രാസനാദ്ധ്യക്ഷൻ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.

**2001 ഓഗസ്റ്റ് 15 :** തിരുവനന്തപുരം അതിഭദ്രാസന സഹായമെത്രാൻ, വടക്കേ അമേരിക്കയുടേയും യൂറോപ്പിന്റേയും അപ്പസ്തോലിക് വിസിറ്റേർ അഭിവന്ദ്യ ഐസക് മാർ ക്ലീമിസ് തിരുമേനിയുടെ മെത്രാഭിഷേകം (തിരുമൂലപുരം).

**2005 ഓഗസ്റ്റ് 16-18:** മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ ഔദ്യോഗിക എപ്പിസ്കോപ്പൽ സുന്നഹദോസ് തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ.

**2016 ഓഗസ്റ്റ് 25 :** ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ നാമകരണനടപടികളുടെ മേജർ അതി ഭദ്രാസനതല കാനോനിക അന്വേഷണങ്ങളുടെ സമാപനം.

**2017 ഓഗസ്റ്റ് 5 :** പാറശ്ശാല ഭദ്രാസനത്തിന്റെ സ്ഥാപനം.

**2021 ഓഗസ്റ്റ് 26:** ഗുഡ്ഗാവ് - ഡൽഹി ഭദ്രാസനത്തിന്റെ മെത്രാപ്പോലിത്താ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി കാലംചെയ്തു.

www.malankaralibrary.com



പുതുവൽ മാരൂർ തേരകത്ത് വീട്ടിൽ അഭിലാഷ് ലാസർ ജോർജിന്റെയും, മെറിൻ മറിയം തോമസിനെയും, മകൾ ഗബ്രിയേല എലിസബത്ത് അഭിലാഷിന്റെ, മാമോദിസ ഇളമണ്ണൂർ സെൻറ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ വച്ച് ജൂലൈ 30-) തീയതി വികാരി Rev.Fr. തോമസ് കൊച്ചുവട്ടത്തറ ജോസഫ് മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു

'**മണിവിളക്ക്**' നെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്നു. മണിവിളക്കിൽ പ്രസിദ്ധീകരിയ്ക്കുവാൻ ആഗ്രഹിക്കുന്ന നിങ്ങളുടെ രചനകൾ (കഥ, കവിത, ലേഖനങ്ങൾ, ചിത്രങ്ങൾ, വചന ചിന്തകൾ) അയയ്ക്കാൻ...

**Whatsapp - +919947825254**

**Email - editor@manivilaku.com**

Managing Editor & Published by Mr. Tojo p thomas, Published from Parankammoottil H,Valakuzhy P.O
Vennikulam, Pathanamthitta, Kerala. and BIJU GEEVARGHESE CHANDANAPALLY
Cover & layout Manivilaku Homelab
EMail: editor@manivilaku.com